# വെള്ളി

# നക്ഷത്രം

# വെള്ളിനക്ഷത്രം

# VELLI NAKSHATHRAM

By

**Sr. Infant Mary**
*Franciscan Clarist Congregation*
*Angamaly*

ST. ANTHONY'S FRIARY.
QUILON-1, KERALA.
S. INDIA.

NIHIL OBSTAT

*Fr. M. J. Mankuzhikari*

2-4-'67

IMPRIMATUR

*Rt. Rev. Mgr. V. Kavalakat*

Pro. V. G. Ernakulam

6th April 1967

വില 75 പൈസ.

Is. S. J. Printing Works Pattanakad

# അവതാരിക

യാഥാർത്ഥ്യങ്ങൾ സങ്കല്പങ്ങളെക്കാൾ വിസ്മയകരങ്ങളാകുന്നു എന്നാണല്ലോ ആപ്തവാക്യം. ലോകമഹാന്മാരുടെ ജീവിതസംഭവങ്ങൾ ഇതിനു സാക്ഷ്യംവഹിക്കുന്നു. കത്തോലിക്കാസഭ സിദ്ധരെന്നു പ്രഖ്യാപിച്ചിട്ടുള്ള പുണ്യപുരുഷന്മാരെ സംബന്ധിച്ചിടത്തോളം ഈ വാസ്തവം കൂടുതൽ വ്യക്തമാകുന്നതാണ്. എന്നാൽ ഭാഷാസാഹിത്യത്തിലെ ജീവചരിത്രശാഖ ഇനിയും വേണ്ടത്ര വികസിച്ചിട്ടില്ല. പ്രസിദ്ധംചെയ്തിട്ടുള്ള മഹച്ചരിതങ്ങളിൽ തന്നെ പലതും ചരിത്രപാഠപുസ്തകങ്ങൾപോലെ ശുഷ്ക്കശൂന്യങ്ങളുമാണ്. ആകയാൽ അവ വളർന്നു വരുന്ന തലമുറയ്ക്കു സ്വീകാര്യമോ പ്രയോജനകരമോ ആയിത്തീരുന്നില്ല. തന്നിമിത്തം ആദർശനിഷ്ഠയില്ലാത്ത എഴുത്തുകാർ സൂകരപ്രസവംപോലെ എഴുതിവിടുന്ന സാഹസിക സങ്കല്പങ്ങളടങ്ങിയ ചെറുകഥകളും നോവലുകളും വായിച്ചു വഴിതെറ്റേണ്ട ഗതികേടാണ് ഇന്നത്തെ വിദ്യാർത്ഥികൾക്കു വന്നു ഭവിച്ചിരിക്കുന്നത്. ഇതിന് ഒരറുതിവരുത്തുവാൻ രസകരമായവിധം രചിച്ചിട്ടുള്ള ധാരാളം ചരിത്രകഥകളും ചരിത്രനോവലുകളും ഉണ്ടാകേണ്ടിയിരിക്കുന്നു. അപ്പോൾ നമ്മുടെ കുട്ടികൾക്കു സുകൃതചരിതങ്ങളിൽ ആസക്തിജനിക്കും, അവയിലെ മഹത്തായ ജീവിതമാതൃകകൾ അനുകരിച്ച് ജന്മസാഫല്യം നേടുവാൻ കഴിയുകയുംചെയ്യും. ഏതാദൃശമായ ഒരുകൃതിയാണു "വെള്ളിനക്ഷത്രം."

ഗ്രന്ഥകർത്രി ഇതിനകം മലയാളികൾക്കു പരിചിതയാകുവാൻ തുടങ്ങിയിരിക്കുന്ന ഒരു വ്യക്തിയത്രേ. നമ്മുടെ ചില പ്രസിദ്ധീകരണങ്ങളിൽ നല്ല പദ്യശകലങ്ങൾ പലതും അവർ പ്രസിദ്ധംചെയ്യുന്നുണ്ടു്. അക്കൂട്ടത്തിൽ "ആ ഒളിച്ചോട്ടം" എന്ന പേരിൽ ഒരു തൂലികാചിത്രം "സത്യദീപത്തി"ൽ വന്നുകണ്ടു. പ്രസ്തുത കഥാബീജത്തിനു പൂർണ്ണരൂപംകൊടുത്തു് ഒരുചരിത്രകഥതന്നെ പ്രസിദ്ധീകൃതമായി കാണുവാൻ ഈയുള്ളവൻ ആഗ്രഹം പ്രകടിപ്പിച്ചു. തദനുസാരം ഈ വെള്ളിനക്ഷത്രം ഭാഷാസാഹിത്യനഭസ്സിൽ ഉദയംചെയ്യുവാൻ ഇടയാകുകയും ചെയ്തു.

പന്ത്രണ്ടാം നൂററാണ്ടിലെ ഒരു കുലീനയുവതിയുടെ വീരചരിതമാണു് ഇതിലെ ഇതിവൃത്തം. പ്രതിപാദനരീതി ഏതു നീണ്ടകഥപോലെയും ഹൃദ്യവും ആകർഷകവുമത്രെ. നമ്മുടെ കുട്ടികളുടെ കൈകളിൽ സസന്തോഷം വച്ചുകൊടുക്കാം ഈ കൊച്ചുപുസ്തകം. ഇന്നത്തെ ലൗകായതികത്വത്തിൻെറയും സ്വാർത്ഥതയുടേയും മദ്ധ്യേ ജീവിതയാഥാർത്ഥ്യങ്ങളെപ്പററി ചിന്തിക്കുവാൻ ഈ ഗ്രന്ഥം ആരേയും പ്രേരിപ്പിക്കാതെന്നെ ചെയ്യും. ജീവിതവ്യാമോഹങ്ങളിൽനിന്നു പ്രതിനിവർത്തിച്ചുകൊണ്ടു് സാക്ഷാത്തായ ഭാഗ്യവും സംതൃപ്തിയും അന്വേഷിക്കാൻ ഈ വെള്ളിനക്ഷത്രത്തിൻെറ കിരണകന്ദളങ്ങൾ അനുവാചകരെ സഹായിക്കുന്നതായിരിക്കും. പരിശുദ്ധപ്രണയമെന്നും പറഞ്ഞു് പരക്കംപായുന്ന കൂട്ടർക്കു്, സനാതനസ്നേഹത്തിൻെറ ശീതളഛായയിൽ സ്വർഗ്ഗസുഖം അനുഭവിക്കയും, സമസൃഷ്ടികളെ സ്നേഹിച്ചും സേവിച്ചും സ്വജീവിതം ധന്യമാക്കുകയുംചെയ്ത ഒരു മഹത്തായ ജീവിതമാതൃക ഈ ഗ്രന്ഥത്തിൽ കണ്ടെത്താവുന്നതുമാണു്.

ഇതുപോലെ രസാത്മകമായവിധം കുറെ ജീവിത കഥകൾകൂടി ഈ തൂലികയിൽനിന്നു പുറപ്പെടുന്നതായാൽ അതു നമ്മുടെ കുട്ടികൾക്കു് ഒരനുഗ്രഹമായിരിക്കും. സിസ്റ്റർ ഇൻഫന്റു് മേരിയെ ഹാർദ്ദമായി അഭിനന്ദിക്കുന്നതോടുകൂടി ഈ വിശിഷ്ടകൃതിയെ സഹൃദയസമക്ഷം സാദരം അവതരിപ്പിച്ചുകൊള്ളുന്നു.

സെൻറു് തോമസു് അപ്പസ്തോ
ലിക്കു് സെമിനാരി,
കോട്ടയം
24-5-1967.

ഫാദർ മാത്യു മങ്കുഴിക്കരി

# ആമുഖം

പണ്ഡിതനും ആദ്ധ്യാത്മിക ഗുരുവുമായ റവ ഫാ: മാത്യു മങ്കുഴിക്കരി അവർകൾ ഏകദേശം ഇരുപതു വഷങ്ങൾക്കുമുമ്പ് അദ്ദേഹമെഴുതിയ 'സഖാവ്'' എന്ന പ്രഹസനത്തിൻെറ ഒരു പ്രതി അയച്ചുതന്നുകൊണ്ട് ഒരു 'സഖി' എഴുതണമെന്ന് എന്നോടാവശ്യപ്പെട്ടു. പക്ഷേ അന്നതു ഞാൻ പാടേ ഉപേക്ഷിക്കുകയാണുണ്ടായതു്. ഏതാനും മാസങ്ങൾക്കുമുമ്പ് ക്ലാരയുടെ ജീവിതചരിത്രം ആധാരമാക്കി യുവലോകത്തിനു വായിക്കത്തക്ക ഒരു ചെറുപുസ്തകം രചിക്കണമെന്നുള്ള അദ്ദേഹത്തിൻെറ ആഗ്രഹം വീണ്ടും എന്നെ അറിയിച്ചു. ആവർത്തിച്ചുള്ള ആ അഭിലാഷം അവഗണിക്കുവാൻ ഇപ്രാവശ്യം ഞാൻ തുനിഞ്ഞില്ല. "അസാദ്ധ്യകാര്യങ്ങൾ സാധിക്കുവാൻ അനുസരണത്തിനു ശക്തിയുണ്ടെന്നുള്ള വി. അമ്മത്രേസ്യായുടെ വാക്കുകൾ സ്മരിച്ചുകൊണ്ടു്, അദ്ദേഹത്തിൻെറ നിദ്ദേശങ്ങളനുസരിച്ച് ഇതെഴുതുവാൻ ഞാൻ ശ്രമിക്കുകയാണുണ്ടായതു്. ഇതിൻെറ കൈയെഴുത്തുപ്രതി പരിശോധിച്ചു തെററുകൾ ചൂണ്ടിക്കാണിക്കുകയും പ്രൗഢമായ ഒരു അവതാരികയാൽ ഇതിനെ സമ്പന്നമാക്കുകയും ചെയ്യുന്നതിനു് അദ്ദേഹം കാണിച്ച ഔദാൎയ്യവും ഇതിനൊരു നേട്ടമത്രെ.

ഈ പുസ്തകത്തിനു പൈതൃകമായ ആശീവ്വാദവും അംഗീകരണവും നൽകുവാൻ ദയവുണ്ടായ റൈററ്. റവ. മോൺസിഞ്ഞോർ വറുഗീസ് കവലക്കാട്ടു് അവർകളോടും പുത്രീയമായ എൻെറ കടപ്പാടും കൃതജ്ഞതയും രേഖപ്പെടുത്തിക്കൊള്ളുന്നു.

ഇതിൻെറ മുദ്രണഭാരം സസന്തോഷം ഏറെറടുത്ത റവ. ഫാ. വറുഗീസ് ചാത്തപ്പറമ്പിൽ അവർകളോടും ഇതിൻെറ പ്രസിദ്ധീകരണത്തിൽ സഹായിച്ചിട്ടുള്ള ഏവരോടും എനിക്കുള്ള കൃതജ്ഞത അപാരമാണ്.

അസ്സീസിയിലെ വി. ഫ്രാൻസിസിനെപ്പററി അറിയാത്തവർ ചുരുക്കമാണ്. എന്നാൽ അദ്ദേഹത്തിൻെറ ആദർശങ്ങളെ അതിൻെറ ആന്തരികവും ബാഹ്യവുമായ അർത്ഥത്തിൽ പ്രാവർത്തികമാക്കുവാൻ മുന്നോട്ടു വന്നിട്ടുള്ള വനിതകളിൽ പ്രഥമഗണനീയയായ വി. ക്ലാരയെപ്പററി പലരും ഇന്നും അജ്ഞരാണ്. അതു് ഏററെക്കുറെ പരിഹരിക്കുകയെന്നതാണ് ഇതുകൊണ്ടു ഞാനുദ്ദേശിക്കുന്നതു്. ദൈവത്തിൻെറ ഉപരിമഹത്വത്തിനായി ഞാനിതു സമർപ്പിക്കുന്നു.

ഈ വെള്ളിനക്ഷത്രം അനുവാചകരിൽ അല്പമെങ്കിലും പ്രകാശം പകരുവാൻ പര്യാപ്തമാകുമെങ്കിൽ ഞാൻ കൃതകൃത്യയായി.

ഗ്രന്ഥകർത്രി

# വിഷയവിവരം


| അദ്ധ്യായം | | പേജ് |
|---|---|---|
| 1. | ഒളിച്ചോട്ടം | 1 |
| 2. | ദിവ്യസന്ദേശം | 3 |
| 3. | യാചകൻ | 11 |
| 4. | ഷോഫിയിലെ മണിദീപം | 21 |
| 5. | മാർഗ്ഗം തെളിഞ്ഞു | 25 |
| 6. | വിവാഹനിശ്ചയം | 32 |
| 7. | മണവാട്ടി | 38 |
| 8. | പ്രലോഭനങ്ങൾ | 46 |
| 9. | സാൻഡാമിയാനോ | 57 |
| 10. | പാവപ്പെട്ട ക്ലാരകൾ | 62 |
| 11. | വിശുദ്ധനും വിശുദ്ധയും | 66 |
| 12. | ക്ലാരസഭ വിദേശങ്ങളിൽ | 74 |
| 13. | അസ്സീസിയുടെ സംരക്ഷക | 78 |
| 14. | അത്ഭുത പ്രവർത്തനം | 82 |
| 15. | ദിവ്യസിദ്ധികൾ | 85 |
| 16. | നിത്യവിശ്രമം | 90 |

# 1

# ഒളിച്ചോട്ടം

സൂര്യൻ പടിഞ്ഞാറെ ചക്രവാളത്തിനപ്പുറത്തൊളിച്ചിട്ടു മണിക്കൂറുകൾ നാലഞ്ചു കഴിഞ്ഞു. ആ പ്രഭുമന്ദിരത്തിലെ അന്തേവാസികൾ സുഖനിദ്രയിലാണ്ടിരിക്കുകയാണ്. എന്നാൽ ഒരു തരുണിയെമാത്രം സമീപിക്കുവാൻ ധൈര്യപ്പെടാതെ നിദ്രാദേവി എങ്ങോ മാറിക്കളഞ്ഞു. ആ യുവസുന്ദരി അഗാധമായ ഏതോ ചിന്തയിലാണ്ടു് അങ്ങിനെ കിടക്കുകയാണ്. ക്ലുക്ക്ംവലിയുടെ മർമ്മരശബ്ദം അടുത്ത മുറികളിൽനിന്നു കേൾക്കുന്നുണ്ടു്. ആ മോഹനാംഗി പതുക്കെ എഴുന്നേററു് വിളക്കു തെളിച്ചു് അതികമനീയങ്ങളായ പട്ടുവസ്ത്രങ്ങളും, രത്നഖചിതങ്ങളായ കനകാഭരണങ്ങളും അണിഞ്ഞു. സുവർണ്ണശോഭ വിതറുന്ന തലമുടി ചീകിമിനുക്കി കസവുനാടകൊണ്ടു ബന്ധിച്ചു. ചുവന്നു തുടുത്ത കവിൾത്തടങ്ങളും അധരപുടങ്ങളും വിലയേറിയ സുഗന്ധവർഗ്ഗങ്ങളാൽ കൂടുതൽ സുന്ദരമാക്കി. ജന്മനാതന്നെ ഇററാല്യൻ സൌന്ദര്യത്തിൻെറ പ്രതീകമായ ആ സുകുമാരി ഒരു മണവാട്ടിയെപ്പോലെ ഇങ്ങനെ അണിഞ്ഞൊരുങ്ങിക്കഴിഞ്ഞപ്പോൾ അലൌകികമായ ഒരു കാന്തിതന്നെ അവളിൽ കളിയാടി. ഏതാനും മണിക്കൂറുകൾക്കുള്ളിൽ സംഭവിക്കാനിരിക്കുന്ന മഹോത്സവത്തിനു തികച്ചും അനുയോജ്യമായിട്ടുണ്ടു് തൻെറ ഈ വിഭൂഷകളെന്നു് നിലക്കണ്ണാടിയുടെ മുമ്പിൽ നിന്നപ്പോൾ അവൾക്കു ബോദ്ധ്യമായി. ഒരുക്കങ്ങളെല്ലാം പൂർത്തിയായി; എങ്കിലും സമയം ഇനിയുമായിട്ടില്ല. ചിന്താധീനയായി അവൾ മണിമഞ്ചത്തിൽത്തന്നെയിരുന്നു. പകൽസമയത്തുണ്ടായിരുന്ന പ്രസന്നതയുടെ നേരിയ കിരണങ്ങൾ

അപ്പോഴും അവളുടെ മുഖത്തു പ്രതിബിംബിച്ചിരുന്നുവെങ്കിലും ഉൽക്കടമായ ഉൽക്കണ്ഠ ആ നീലനയനങ്ങളിൽ കുടികൊള്ളുന്നുണ്ടു്. തന്റെ പിതൃജനങ്ങൾ ഇക്കാര്യമറിഞ്ഞാൽ! താൻ ആർത്തിയോടെ പാർത്തിരിക്കുന്ന മംഗളകർമ്മത്തിനു് എന്തെങ്കിലും വിഘാതം സംഭവിച്ചാൽ! അവൾ നടുങ്ങി. ഹൃദയത്തുടിപ്പു് അനുനിമിഷം വർദ്ധിച്ചു. ആധിയും ഭീതിയും വളർന്നുവന്നു. എങ്കിലും ദൃഢമായ വിശ്വാസചൈതന്യം ആശങ്കകളെ അതിജീവിച്ചു. അചിരേണ, ഒരു നവോന്മേഷം അവൾക്കു കരഗതമായി.

പൂവൻകോഴികൾ വിളിച്ചറിയിച്ചു, സമയം പാതിരാവായെന്നു്. അവൾ കിടക്കയിൽ നിന്നെഴുന്നേററു് ആരെയോ പ്രതീക്ഷിച്ചെന്നവിധം വാതില്ക്കലേയ്ക്കു നോക്കി. ആ കോമളാംഗി വിളക്കണച്ചു് ഉറക്കറയിൽനിന്നു പുറത്തുകടന്നു സാവധാനം നടന്നുതുടങ്ങി. ഒരു കൈകൊണ്ടു് വഴികാട്ടിയുടെ കരവും മറേറ കൈ കൊണ്ടു് നീണ്ടു കിടന്ന പട്ടുടയാടയുടെ അഗ്രവും പിടിച്ചുകൊണ്ടു് ശ്വാസമടക്കി, വളരെ പണിപ്പെട്ടു്, നിശബ്ദം കോവണിപ്പടികളിറങ്ങി, മന്ദിരത്തിൻെറ പിൻഭാഗത്തെത്തി. അവിടെയുണ്ടായിരുന്ന പഴയപടിവാതില്ക്കൽ കിടന്നിരുന്ന കല്ലുകളും തടിക്കഷണങ്ങളും ഉന്തിമാററി, വാതിൽ തള്ളിത്തുറന്നു്, അവർ മതിൽക്കെട്ടിനു പുറത്തുകടന്നു. ഒരുദീർഘ നിശ്വാസത്തോടു കൂടി അവർ അതിവേഗം യാത്ര തുടർന്നു. കൂരിരുട്ടിൽ, താരകക്കുഞ്ഞുങ്ങൾ നീട്ടിക്കാണിച്ച കൈത്തിരികളുടെ മങ്ങിയപ്രകാശത്തിൽ കാട്ടുവഴിയിൽക്കൂടി ശീഘ്രം പായുകയാണു് ആ യുവകുമാരി. ഒരു നോക്കുകാണുവാൻ പട്ടണവാസികൾ കാത്തിരിക്കാറുള്ള ആ കനക വിഗ്രഹം പാതിരാത്രിയിൽ എങ്ങോട്ടായിരിക്കാം ഇങ്ങനെ ഓടുന്നതു്?

ഈ സാഹസകൃത്യം കണ്ടു് പ്രപഞ്ചം മരവിച്ചുനിന്നു. വള്ളിച്ചെടികൾ അവളുടെ കഴുത്തിലും കാലിലും കെട്ടിപ്പിടിച്ചു,

അവളെ ഈ ഉദ്യമത്തിൽ നിന്നു തടയാൻ. കട്ടത്ത കല്ലു് മാൎഗ്ഗ തടസ്സം വരുത്തി. കൂൎത്തമുള്ളുകരം അവളുടെ മൃദുല പാദങ്ങളെ കുത്തി മുറിവേല്പിച്ചുകൊണ്ടു പ്രതിഷേധം പ്രകടിപ്പിച്ചു. പക്ഷേ പ്രതിബന്ധംകണ്ടു് അവളുടെ മനസ്സു മടുത്തില്ല; ഓട്ടത്തിൻെറ വേഗത കുറഞ്ഞില്ല. എതിൎപ്പുകളുണ്ടാകുന്തോറും അവളുടെ ധൈൎയ്യം വൎദ്ധിച്ചുവന്നു. ലക്ഷ്യത്തെ പ്രാപിക്കുവാൻ അസ്ത്രംപോലെ അവരം മുന്നോട്ടുപാഞ്ഞു. ആ മൃദുലഹൃദയത്തിൽ കത്തിക്കാളിയിരുന്ന സ്നേഹാഗ്നിയുടെ ഊഷ്മാവിനാൽ, മരംകോച്ചുന്ന മഞ്ഞും അവളെ മരവിപ്പിച്ചില്ല. അങ്ങനെ കൂരിരുട്ടിനെ വെന്നുകൊണ്ടു് ഒരു വെള്ളിനക്ഷത്രംപോലെ അവരം മുമ്പോട്ടു് ഓടുകയാണു്.

# 2

# ദിവ്യസന്ദേശം

"ഒൎത്തലോനാ, തെല്ലും ഭയപ്പെടേണ്ട; പ്രപഞ്ചത്തെ പ്രകാശിപ്പിക്കുന്ന ഒരു തേജഃപുഞ്ജത്തെ നീ ലോകത്തിനു പ്രദാനം ചെയ്യും." ദൈവാലയത്തിൽ ക്രൂശിതരൂപത്തിൻെറ മുമ്പിൽ കൂപ്പുകൈകളോടുകൂടി ഭക്തിപരവശയായി നിലകൊള്ളുന്ന ഒരു യുവമാതാവു് തൻെറ കൎണ്ണപുടങ്ങളിൽ മാറെറാലിക്കൊണ്ട ഈ സുന്ദരശബ്ദം ആരുടേതെന്നറിയാൻ ചുററും കണ്ണോടിച്ചു. പക്ഷേ അവിടെ ആരും തന്നെയുണ്ടായിരുന്നില്ല. അതൊരു അജ്ഞാതസ്വരമായിരുന്നുവെന്നു് അപ്പോഴാണവരംക്കു ബോദ്ധ്യമായതു്. "അതെ, അഖിലേശൻ കനിഞ്ഞരുളിയ ദിവ്യസന്ദേശം." അവരം സ്വയം മന്ത്രിച്ചു. ആശങ്കകളുടെ കേളീ

രംഗമായിരുന്ന ആ മാതൃഹൃദയം പ്രശാന്തമായി; കാതരനയനങ്ങളിൽ തങ്ങിനിന്ന നീർത്തുള്ളികൾ അപ്രത്യക്ഷമായി; സുന്ദരമായ അവളുടെ മുഖകമലം വികസിച്ചു. സാഷ്ടാംഗം പ്രണമിച്ചു് സർവ്വേശനു കൃതജ്ഞത പ്രകാശിപ്പിച്ചതിനുശേഷം സാവധാനമെഴുന്നേററു സ്വഗൃഹത്തെ ലാക്കാക്കി അവൾ നടന്നുപോയി. പ്രസന്നനായ ദിനകരൻ തൻെറ പൊൻകരങ്ങൾ നീട്ടി സൗഭാഗ്യവതിയായ ആ സുന്ദരിയുടെ മുഖാരവിന്ദത്തിൽ കനകപ്രഭ വിതറി അവളെ അനുഗമിച്ചു.

അസ്സീസിയിൽ ഷേഫീകുലനായകനായ ഒഫ്രേട്ടച്ചിബർണ്ണഡൈൻെറ പുത്രനായ ഫേവറീനോ പ്രഭുവിൻെറ ധമ്മപത്നിയാണു് ക്രൂശിതരൂപത്തിൻെറ സന്നിധിയിൽ പ്രാത്ഥിച്ചുകൊണ്ടിരുന്ന ആ സുന്ദരാംഗി. പൂർണ്ണഗർഭിണിയായിരുന്ന ഒർത്തലോന മാതൃസഹജമായ നിരവധി ഉത്ക്കണ്ഠകൾക്കധീനയായി സർവ്വശക്തൻെറ പാദതാരിൽ അഭയം പ്രാപിക്കവേയാണു് പ്രസ്തുത സ്വർഗ്ഗീയവാണി ശ്രവിച്ചതു്. ആ അശരീരിവാക്യം അന്വത്ഥമാക്കാനുള്ള തേജോഗോളം 1194ജൂലൈ 16ാംതീയതി ഉദയംചെയ്തു. ഈ സദ്വാർത്ത വിടന്നുനിന്ന സുന്ദരസൂനങ്ങളുടെ കർണ്ണങ്ങളിൽ മന്ത്രിച്ചുകൊണ്ടു് പൂമ്പാററകൾ മന്ദം മന്ദം വിഹരിച്ചു. കളകളം ചെയ്തുകൊണ്ടു് ചെറുകിളികൾ മരച്ചില്ലകളിൽ നൃത്തംചെയ്തു. എങ്കിലും പ്രപഞ്ചത്തെ പ്രകാശിപ്പിക്കുന്ന ഈ തേജഃപുഞ്ജത്തിൻെറ ദർശനമാത്രയിൽ ലജ്ജാവിവശനായ ആദിത്യൻ കാർമേഘാവരണത്തിനുള്ളിൽ മറഞ്ഞുകളഞ്ഞു. തൻെറ വലയിൽപ്പെട്ടിരുന്ന അനേകരെ അതിൽനിന്നു പിടിച്ചെടുത്തു് സ്വർഗ്ഗരാജ്യത്തിലെ പൗരന്മാരാക്കാനിരിക്കുന്ന ഈ കുഞ്ഞിനെ നരകവൈരികൾ ഭീതിയോടെ വീക്ഷിച്ചിരിക്കണം. മാത്രമല്ല ജനനവേളയിൽത്തന്നെ ഒർത്തലോന തൻെറ ആരോമൽ പൈതലിനെ പരി. ത്രിത്വത്തിൻേറയും ദിവ്യജനനിയുടേയും പരിപാലനയ്ക്കു ഭരമേല്പിച്ചതു് അവൾക്കു് ഒട്ടുംതന്നെ ഇഷ്ടപ്പെട്ടിരിക്കയുമില്ല.

വായ്മലരിൽ ഒരു നറുംപുഞ്ചിരിയോടുകൂടിയാണ ശിശു ഭൂജാതയായതു്. മാലാഖായെപ്പോലെ മഞ്ജുളമനോഹരിയായ കുഞ്ഞിനെ കണ്ടപ്പോഠം "ഹാ! ലോകത്തെ പ്രകാശിപ്പിക്കുന്ന തേജഃപുഞ്ജം" എന്നു് ഒത്തലോന ഉരുവിട്ടുപോയി. ബന്ധുക്കഠംക്കും പരിജനങ്ങഠംക്കും അന്നൊരു മഹോത്സവമായിരുന്നു. പാവങ്ങഠംക്കും വിഭവസമൃദ്ധമായ സദ്യയും വിലപ്പെട്ട സമ്മാനങ്ങളും നൽകി.

പല ഉന്നത വ്യക്തികളുടെയും ജ്ഞാനസ്നാനത്തിനു സാക്ഷ്യം വഹിച്ചിട്ടുള്ള വി. റഫീനോസിൻെറ ഭദ്രാസന ദൈവാലയത്തിൽവച്ചു് നവജാതമായ ശിശുവിനു് അവർ യഥാവിധി മാമ്മോദീസാ എന്ന വിശുദ്ധകൂദാശ നൽകി. നശിച്ചുപോയ മാലാഖമാക്കു നഷ്ടപ്പെട്ട സ്വർഗ്ഗീയ സിംഹാസനത്തിൽ ആരൂഢയാകേണ്ട ഒരു പാവനാത്മാവു് ആ സുദിനത്തിൽ അങ്ങനെ രൂപംകൊണ്ടു. തേജസ്വിനി എന്ന അത്ഥമുള്ള ക്ലാരയെന്ന മനോജ്ഞനാമം കുഞ്ഞിനു നല്കപ്പെട്ടു.

ഫേവറീനോപ്രഭു കുരിശുയുദ്ധത്തിൽ പങ്കെടുത്തു ഖ്യാതി നേടിയിട്ടുള്ള ഒരു മഹാനാണു്. അസ്സീസിയിൽ ഹ്യൂമീവംശജയും സുന്ദരിയും സുശീലയും ദൈവഭക്തയുമായ ഒരു സ്ത്രീരത്നമാണു് ഒത്തലോന. അവളുടെ പൂവ്വന്മാർ ലൊംബാർഡു് ദേശക്കാരായിരുന്നുവെന്നു് ഊഹിക്കപ്പെടുന്നു. ഏതായാലും ക്ലാരയുടെ അഴകിനു മാററുകൂട്ടിയിരുന്ന മനോഹരമായ 'സ്വണ്ണത്തലമുടി' ലൊംബാർഡു് വനിതകഠംക്കു സഹജവും മാതാവിൽനിന്നു പരമ്പരയാ ലഭിച്ചതുമാണു്. അപകടംനിറഞ്ഞ സാഹചര്യങ്ങളിൽ കുരിശുയുദ്ധത്തിനുപോയ സ്വഭത്താവിനോടുകൂടി പലസ്തീനാ, ബത്ലഹം, റോമാ മുതലായ വിശുദ്ധ സ്ഥലങ്ങഠം സന്ദർശിക്കുവാനുദ്യമിച്ചതിൽനിന്നുതന്നെ ആ മഹിളാമണിയുടെ ധീരതയും ഭക്തിയും വ്യക്തമാകുന്നുണ്ടു്. ക്രിസ്തുനാഥൻെറ പാവന പാദങ്ങളാൽ പരിപൂതമാക്കപ്പെട്ട

പുണ്യസ്ഥലങ്ങളും, രക്തസാക്ഷികളുടെ ശവകുടീരങ്ങളും, വിശുദ്ധന്മാരുടേയും വി. മിഖായേൽ അതിദൂതൻെറയും നാമത്തിൽ പണിയപ്പെട്ടിട്ടുള്ള ദൈവാലയങ്ങളും സന്ദർശിച്ചു പ്രാർത്ഥിക്കുവാൻ സാധിച്ചതു് ഒരു മഹാഭാഗ്യമായി അവർ എണ്ണി. ഭക്തരായ ഹ്യൂമീദമ്പതികളുടെ ഈ ഉത്തമകുമാരിയെ ജീവിതസഖിയായി ലഭിച്ചതാണു് ഷേവറീനോപ്രഭുവിനു കൈവന്ന മഹാഭാഗ്യങ്ങളിൽ അതിപ്രധാനമായതു്.

ഉത്തുംഗമായ ഗോപുരങ്ങളും, മനോജ്ഞമായ മട്ടുപ്പാവുകളും ഷേഫിയുടെ സമ്പത്സമൃദ്ധിയെ വിളിച്ചറിയിച്ചു. മന്ദിരത്തിനു ചുററുമുണ്ടായിരുന്ന സുന്ദരമായ പൂവാടികളും, നിരനിരയായി നട്ടുവളർത്തപ്പെട്ട ഫലവൃക്ഷത്തോപ്പുകളും, വിസ്തൃതമായ പച്ചപ്പുൽമൈതാനങ്ങളും അതിൻെറ മഹിമാവിനെ വർദ്ധിപ്പിക്കുവാൻ പോരുന്നവ തന്നെയായിരുന്നു. വിദേശങ്ങളിൽ മാത്രം കാണപ്പെടുന്ന കൗതുകാവഹങ്ങളായ പക്ഷികളെ വളർത്തിയിരുന്ന മനോജ്ഞ പേടകങ്ങളും, തത്തിക്കളിക്കുന്ന മത്സ്യലക്ഷങ്ങൾ നിറഞ്ഞ കൃത്രിമവാപികളും കൊട്ടാരത്തിൻെറ ഐശ്വര്യത്തിനു മാററുകൂട്ടി. മണിമേടയിലെങ്ങും ദൃശ്യമായിരുന്ന വർണ്ണശബളമായ ശില്പകലാവേലകളും, മോഹനചിത്രങ്ങളും അക്കാലത്തെ കരവേലയുടെ വൈദഗ്ധ്യം തെളിയിച്ചിരുന്നു.

പെനൻഡാ, ക്ലാര, ആഗ്നസ്, ബിയാട്രീസ്, മാർട്ടിൻ എന്നീ പഞ്ചസൂനങ്ങളാണു് ഷേഫീപ്രഭുവിൻെറ ദാമ്പത്യവല്ലരിയിൽ മൊട്ടിട്ടുവികസിച്ചതു്. അതിൽ ക്ലാരയ്ക്കു ജനനാൽ ദ്വിതീയസ്ഥാനമാണുണ്ടായിരുന്നതെങ്കിലും ഗുണ പൗഷ്കല്യങ്ങളിൽ അദ്വിതീയസ്ഥാനം തന്നെ അവർ കരസ്ഥമാക്കി. പിതൃജനങ്ങളുടെ മാത്രമല്ല, ഷേഫിയോടു ബന്ധപ്പെട്ട സകലരുടേയും ആനന്ദവിഷയവും അഭിമാനഭാജനവുമായിരുന്നു ക്ലാര. ആരുടേയും അകം കുളിർപ്പിക്കുന്ന ആകാരസൗഷ്ഠവവും, വാസ്തവ

കളുടെ ആഴമളക്കുന്ന കുശാഗ്രബുദ്ധിയും, പ്രസന്നതമുററിയപ്രസരിപ്പും അവളുടെ നൈസർഗ്ഗിക ഗുണവിശേഷങ്ങളിൽ ചിലതു മാത്രമായിരുന്നു. മാതാവിൽ നിന്നു പാരമ്പര്യമായി ലഭിച്ച ഭക്തിചൈതന്യവും, ഔദാര്യശീലവും, സാധുജനസ്നേഹവും അവൾക്കു സുലഭമായിരുന്ന ഭൗതികനന്മകളെയെല്ലാം വെല്ലുന്നവയായിരുന്നു.

"ഈശോ" – അരിപ്പല്ലുകൾ കാണിച്ചു ചിരിക്കുന്ന ഓമൽക്കിടാവിനെ മാറോടണച്ച് ആ കൊച്ചു ചെവികളിൽ ഒത്തിലോന മന്ത്രിക്കും. കുട്ടിയുടെ ചെഞ്ചുണ്ടിണകളിൽനിന്ന് ആദ്യമായി അടർന്നുവീണതും ആ പാവന നാമമായിരുന്നു. തന്റെ പുത്രി ദൈവത്തിന് ഏററവും പ്രിയങ്കരിയായി വളർന്നു വരുവാൻ ആ വത്സലമാതാവ് സദാ ജാഗരൂകയായിരുന്നു. 'ആയ'യായ ജൂലിററിനോട് ആ സാധ്വി പറയും, "കുഞ്ഞിന്റെ മുമ്പിൽവച്ച് പരിശുദ്ധമായ കാര്യങ്ങൾ മാത്രമേ പറയുകയും പ്രവൃത്തിക്കുകയും ചെയ്യാവൂ; ശാരീരിക വളർച്ചയെക്കാൾ നിഷ്ഠ വയ്ക്കേണ്ടതു് ആദ്ധ്യാത്മിക വികസനത്തിലാണ്" എന്ന്. ജ്യേഷ്ഠസഹോദരി പെനൻഡാ കുഞ്ഞനുജത്തിയെ താലോലിക്കുകയും തലോടുകയും ചെയ്യുന്നതിൽ ആനന്ദമടഞ്ഞിരുന്നു. അവളോടും, "മകളെ, നീ കുഞ്ഞിനോട് ഈശോയെപ്പററി പറയണം. നിങ്ങൾ പുണ്യവതികളായിത്തീരുന്നതാണ് ദൈവത്തിനും എനിക്കും ഇഷ്ടം" എന്ന് അമ്മ പറഞ്ഞിരുന്നു.

ബുദ്ധിവികാസം പ്രാപിച്ചു തുടങ്ങിയതോടെ ഒത്തിലോന തന്റെ കുമാരിയെ മടിത്തടത്തിലിരുത്തിക്കൊണ്ടു പറയും: "മകളേ, ദൈവമാണു നമ്മുടെ സാക്ഷാൽ പിതാവ്; സ്വർഗ്ഗമാണു നമ്മുടെ നിത്യഭവനം." കുരിശുയുദ്ധത്തിൽ സ്വനേത്രങ്ങൾ കൊണ്ടുതന്നെ കണ്ട വീരപരാക്രമങ്ങളും, താൻ സന്ദർശിച്ച ശവകുടീരങ്ങളിൽ അന്ത്യവിശ്രമം കൊള്ളുന്ന വിശുദ്ധരായ രക്തസാക്ഷികളുടെ ജീവചരിത്രങ്ങളും വർണ്ണിക്കുന്നതു് ഒത്തിലോന

ഷ്ക്ക് അതിമാത്രം കൗതുകാവഹമായിരുന്നു. അവ കേൾക്കു മ്പോൾ ക്ലാരയുടെ ഹൃദയത്തിൽ വികാരങ്ങളുടെ കൊച്ചോള ങ്ങൾതന്നെ അലയടിക്കും. ചുരുക്കത്തിൽ ഒരു പുണ്യവതിയാ യി തൻെറ കുഞ്ഞിനെ വളർത്തിക്കൊണ്ടുവരുവാൻ ആ അമ്മ അ തിമാത്രം പരിശ്രമിച്ചിരുന്നു.

കുരിശുയുദ്ധത്തിൽ താൻ വഹിച്ച പങ്കം തിരുസ്സഭയ്ക്കുണ്ടാ യ നേട്ടങ്ങളും ഫേവറീനോ സാഭിമാനം സ്വപുത്രിയെ വിവരി ച്ചു കേൾപ്പിക്കും. "എന്തിനാണപ്പച്ചാ അങ്ങനെ പട വെട്ടിയതു്?" അവൾ കാരണമാരായും. "ഓമനേ, ദിവ്യ ഈശോ മരിച്ച പുണ്യസ്ഥലങ്ങൾ മഹമ്മദീയർ കൈവശപ്പെ ടുത്തികളഞ്ഞു. അവ വീണ്ടെടുത്തു്, അവിടെനിന്നു നീക്കപ്പെ ട്ട തിരുക്കുരിശു പുനസ്ഥാപിക്കാൻ." "ഞാനും പോയി യുദ്ധം ചെയ്യട്ടെ.?" ആ പിഞ്ചുഹൃദയം സഭാശത്രുക്കളെ തോല്പിക്കാൻ കുതികൊള്ളുകയായി. ആ ആവേശം അവളുടെ ചെറുകരചര ണങ്ങളെ സമരോദ്യുക്തമാക്കി. ഫേ:- "മകളെ! കുഞ്ഞിനതു സാദ്ധ്യമല്ല. അപ്പച്ചൻ പോയി വിജയം നേടിയിട്ടുണ്ടു്. കൂ ടാതെ നിൻെറ ഇളയപ്പനും മററനവധി ബന്ധുക്കളും വിജയം വരെ പോരാടി ഖ്യാതി സമ്പാദിച്ചിട്ടുള്ളവരാണു്." അവളുടെ പൂർവ്വികന്മാരുടെ സാഹസകൃത്യങ്ങളും, ധീരവിജയങ്ങളും ക്ലാര യെ അഭിമാനം കൊള്ളിക്കും. അവളുടെ നേരിയ സിരകളിൽ ക്കൂടി ഷേഫീകുലരക്തം അതിശീഘ്രം പായുകയായി.

ആ ഇളം പ്രായത്തിൽത്തന്നെ "സ്വർഗ്ഗസ്ഥനായ പിതാ വേ!" എന്ന ജപം ഭക്തിപൂർവ്വം ഉരുവിടാൻ ഒർത്തലോന കു ഞ്ഞിനെ അഭ്യസിപ്പിച്ചു. ഒരിക്കൽ പ്രസ്തുതജപം സ്വസ ഹോദരികളോടുകൂടി ക്ലാര ശബ്ദമുയർത്തി ഭക്തിപൂർവ്വം ഉരു വിടുകയാണു്. അടുത്തുതന്നെ കുറെ കല്ലുകൾ കൂട്ടിയിട്ടിട്ടുണ്ടു്. ഓരോപ്രാവശ്യവും അവൾ ഓരോകല്ലു മാററിയിടും. "ഇതെന്താ ണു കുഞ്ഞുങ്ങളേ"? പുറകിൽനിന്നു് എല്ലാം സൂക്ഷിച്ചുകൊണ്ടി

രുന്ന ഒരുയുവതി ചോദിച്ചു. "അമ്മായി,ഞങ്ങൾസ്വർഗ്ഗസ്ഥനായ പിതാവേ എന്നജപം ചൊല്ലുകയാണു്." ക്ലാര തന്നെയാണു പ്രത്യുത്തരിച്ചതു്."അതിനീകല്ലുകളെന്തിനു്?" വീണ്ടും ചോദ്യം ഉന്നയിക്കപ്പെട്ടു. "അമ്മച്ചി പറഞ്ഞു പൗലോസ് വനവാസി കല്ലുകളുപയോഗിച്ചാണു് ഈ ജപം ചൊല്ലിയിരുന്നതെന്നു്. ഞങ്ങളും സന്യസിക്കയാണമ്മായി," ദൈവപരിപാലനയുടെ ഒരത്ഭുതംതന്നെ ഫേവറീനോയുടെ സഹോദരിയായ കുമാരി ഗ്വൽഫൂച്ചി തൻെറ ഈ ഭാഗിനേയിയിൽ ദർശിച്ചു് ആനന്ദമടഞ്ഞു. അനന്തരകാലത്തു് ഈ കൊച്ചുവനവാസിയുമായി ആദ്ധ്യാത്മിക സംഭാഷണങ്ങളിൽ ഏർപ്പെട്ടുകയെന്നതു് ഗ്വൽഫൂച്ചിക്കു് ഒരു പതിവായിത്തീർന്നു.

പ്രായത്തിനൊത്തു് സ്വഭാവവൈശിഷ്ട്യത്തിലും ക്ലാര വളന്നുവന്നു. ഷേഫീപ്രഭുക്കൾക്കു സഹജമായിരുന്ന ദാംഭികത്വവും കോപശീലവും ചിലപ്പോൾ മകളിൽ പൊന്തിവന്നതു് മുളയിൽ തന്നെ നുള്ളിക്കളയുവാൻ അമ്മ അവളെ ഉപദേശിച്ചിരുന്നു. ഏതെങ്കിലുമൊരു കാര്യം നല്ലതാണെന്നു ബോദ്ധ്യമായാൽ അതു കൈക്കലാക്കാൻ, വേണ്ടിവന്നാൽ ശാഠ്യപൂർവം തന്നെ പരിശ്രമിക്കുക അവളുടെ ഒരു സ്വഭാവമായിരുന്നു. ആ പ്രവണത തിന്മയിലേക്കു തിരിയാതിരിക്കാൻ അമ്മ ദത്തശ്രദ്ധയായിരുന്നു. സ്വപ്രത്യയസ്ഥൈര്യവും ധീരോദാത്തതയും മററു കുമാരികൾക്കാർക്കുമില്ലാത്തവണ്ണം അവളിൽ രൂഢമൂലമായിരുന്നു.

ഒരു പ്രഭുകുമാരിക്കനുയോജ്യമായ രീതിയിൽ വിദ്യാഭ്യാസവും ഇതരപരിശീലനങ്ങളും സ്വപുത്രിക്കു നല്കുന്നതിൽ ഒർത്തലോന അതീവം ശ്രദ്ധിച്ചു. മാതൃഭാഷയിൽ മാത്രമല്ല ലത്തീനിലും അവഗാഹമായ പാണ്ഡിത്യം അവൾക്കുണ്ടാകാനുള്ള ഏർപ്പാടുകൾ മാതാപിതാക്കന്മാർ ചെയ്തു. മാത്രമല്ല, വിദഗ്ദ്ധമായ അലങ്കാരത്തയ്യലിലും, പാചകകലയിലും, സംഗീതത്തിലും അവൾ പ്രാവീണ്യം നേടി. ഷേഫിയിലെ പ്രഥമസന്താനമായ പെനൻഡായുടെ വിവാഹമഹോത്സവത്തിൽ ഒരു ഗണ്യമായ

സ്ഥാനംതന്നെ ക്ലാര വഹിച്ചു. അവളുടെ കരവിരുതു പ്രത്യക്ഷമാക്കിയ വിരിപ്പുകളും വിശിഷ്ടറേന്തകളും, അലങ്കാരവേലകളും കാണികളെ അത്ഭുതം കൊള്ളിച്ചു. സംഗീതോപകരണങ്ങളുടെ മധുരസാന്ദ്രമായ ശബ്ദവീചികളിൽ അലിഞ്ഞുചേൎന്ന ക്ലാരയുടെ കിളിനാദം ശ്രോതാക്കളുടെ ഹൃദയതലങ്ങളിൽ വികാരത്തിൻെറ വേലിയേററംതന്നെ സൃഷ്ടിച്ചു.

പാവങ്ങളുടേയും പരിചാരകരുടേയും ആരാധനാപാത്രമായിരുന്നു ക്ലാര. ദാസികളിൽ പ്രധാനിയും കുട്ടികളുടെ അംഗരക്ഷകിയും ജൂലിററായിരുന്നു. അതിനാൽ ഏതാണ്ട് അധികാരപൂർവമാണു കുട്ടികളോട്ട് അവരം വർത്തിച്ചിരുന്നതു്.

"സ്വാമിനീ! നമ്മുടെ ക്ലാരക്കൊച്ചമ്മ ആഹാരം ശരിക്കു കഴിക്കുന്നില്ല. സാധുക്കളെ തീററണമെന്നുള്ള ചിന്ത മാത്രമേയുള്ളു. അങ്ങയുടെ ആഗ്രഹപ്രകാരം ഇവിടെ വരുന്നവൎക്കെല്ലാം ധാരാളം നല്ല ഭക്ഷണപാനീയങ്ങരം ഞങ്ങരം കൊടുക്കുന്നുണ്ടു്. എന്നാലും ക്ലാരക്കൊച്ചമ്മയുടെ ആഹാരത്തിൽ ഒരുഭാഗം അവൎക്കു കൊടുത്താലേ തൃപ്തിയാകൂ. ഇങ്ങിനെയായാൽ കൊച്ചമ്മ ക്ഷീണിച്ചുപോകയില്ലേ?" ജൂലിററ ആവലാതിയുമായി ഒർതലോനായെ സമീപിച്ചു. "അമ്മച്ചീ! പാവങ്ങരം ഈശോയുടെ പ്രതിഛായയാണെന്നു് അമ്മച്ചി പറയാറില്ലേ? അവൎക്കു ദാനംചെയ്യുന്നതിൽ നാം ഒരുനാളും മടികാണിക്കരുതെന്നാണല്ലോ അമ്മച്ചിയുടെ അഭിപ്രായം." പുത്രിയുടെ യുക്തിയിൽ അമ്മ സന്തോഷിച്ചു. തൻെറ മകരം ദൈവസ്നേഹത്തിലും പരസ്നേഹത്തിലും അഭിവൃദ്ധിപ്പെടണമെന്നാഗ്രഹിച്ച ആ മാതാവു് മകളെ ശാസിച്ചില്ല; പിന്നെയോ അവളുടെ മൂൎദ്ധാവിൽ ചുംബിച്ചുകൊണ്ടു് അതു അംഗീകരിക്കയത്രെ ചെയ്തതു്. അവർ തൻെറ വത്സല തനയയിൽ ഒരു ഭാവിവിശുദ്ധയെ ദർശിച്ചാനന്ദിച്ചു. "സമസ്തലോകത്തേയും പ്രകാശിപ്പിക്കുന്ന തേജഃപുഞ്ജം" അവർ മനസ്സാ മന്ത്രിച്ചു.

# 3

## യാചകൻ

ക്ലാരയ്ക്കു വയസ്സു പതിന്നാലേ ആയിട്ടുള്ളുവെങ്കിലും പരിശീലനം സിദ്ധിച്ച ഒരു പ്രഭുകുമാരിയാണ് അവളിന്നു്. രാഷ്ട്രീയവും, നയതന്ത്രപരവുമായ കാര്യങ്ങളെക്കുറിച്ചു് അവളുടെ പിതാവിനോടും പിതൃവ്യനോടും ചർച്ചചെയ്യുന്നതിനായി അനവധി മാന്യവ്യക്തികൾ ക്ലാരയുടെ ഭവനത്തിൽ വന്നിരുന്നു. അവരോടെല്ലാം ഔചിത്യത്തോടും വിനയത്തോടുംകൂടി മാന്യമായി പെരുമാറുവാൻ ക്ലാരയ്ക്കു് അതിമാത്രം പാടവമുണ്ടായിരുന്നു. അവരുടെ സംഭാഷണങ്ങളിലും, സമ്മേളനങ്ങളിലുംനിന്നു് അന്നത്തെ രാഷ്ട്രീയ സാമുദായിക പ്രശ്നങ്ങളെപ്പററി സമഗ്രമായ ഒരു ജ്ഞാനം അവൾക്കു കരഗതമായിരുന്നു. സല്ക്കാരങ്ങളിലും ഉല്ലാസങ്ങളിലും സജീവമായി പങ്കുകൊണ്ടിരുന്നപ്പോഴും പരിമൃദുലമായ പട്ടുവസ്ത്രത്തിനുള്ളിൽ പരുപരുത്ത ഒരു രോമക്കുപ്പായംകൂടി ധരിക്കുവാൻ ആ കൗമാരപ്രായത്തിൽത്തന്നെ അവൾ ശ്രദ്ധിച്ചിരുന്നുവെന്നു ഗ്രഹിക്കുവാൻ സൂക്ഷ്മദൃക്കായ ഒർത്തലോനയ്ക്കോ, ധാത്രിയായ ജൂലിററിനോ കഴിഞ്ഞില്ല. ആ രഹസ്യം അവരിൽനിന്നെല്ലാം മറയ്ക്കുവാൻ വൈദഗ്ധ്യപൂർവ്വം ക്ലാര ശ്രമിച്ചിരുന്നു. വിശുദ്ധന്മാരുടെ ജീവചരിത്രം വായിക്കുകയെന്നതു് അവൾക്കു അതിമാത്രം ആനന്ദഹേതുകമായിരുന്നു. ആരുമറിയാതെ ചെറിയതോതിലുള്ള ഉപവാസവും ജാഗരണവും അനുഷ്ഠിക്കുന്നതിൽ അവൾ താല്പര്യം പ്രദർശിപ്പിച്ചിരുന്നു. പാവങ്ങളായിരുന്നു അവളുടെ ശ്രേഷ്ഠമിത്രങ്ങൾ. അവരുടെ ദയനീയാവസ്ഥയിൽ അവൾ ഏററം അനുകമ്പാകുലയാകുമായിരുന്നു.

ആയിടയ്ക്കു് അവൾ കേട്ടു, വണിഗ്വരനായ പീററർ ബെണ്ണാർഡിന്റെ മകനായ ആ യുവജനരാജൻ ഗ്വീദോമെത്രാന്റെ

മുമ്പിൽ വച്ച് തൻെറ പട്ടുടുപ്പുപോലും പിതാവിനു നൽകുകയും, പിതൃസ്വത്തിനുള്ള അവകാശം സസന്തോഷം ത്യജിക്കുകയും ചെയ്തുകൊണ്ട് ദാരിദ്ര്യം വരിച്ചുവെന്ന്. നാടകീയമായ ആ സംഭവത്തിൻെറ യാഥാത്ഥ്യം മുഴുവനും അമ്മായിയിൽ നിന്നു കേട്ട ക്ലാര അത്ഭുതപരവശയായിത്തീർന്നു. ആ ധനാഢ്യകുമാരനെ, സരസന്മാരായ യുവാക്കന്മാരുടെ ആ നേതാവിനെ, ഇത്ര വലിയ ഒരു പരിത്യാഗത്തിനു പ്രേരിപ്പിച്ച ദൈവസ്നേഹപാരമ്യവും ദാരിദ്ര്യചൈതന്യവും ക്ലാരയെ വികാരഭരിതയാക്കിത്തീത്തു. "ഹാ! ദാരിദ്ര്യചൈതന്യമുള്ളവർ ഭാഗ്യവാന്മാർ. അദ്ദേഹം തികച്ചും ആ സൗഭാഗ്യത്തിനർഹനായിത്തീരുകതന്നെ ചെയ്യും. ഞാനോ ?...." ക്ലാരയുടെ ഹൃദയത്തിൽ ഈ അവസരത്തിൽ ഏതോ ഒരു ചിന്ത മുളയെടുത്തു. ഉത്തരം കിട്ടാത്ത ഒരു ചോദ്യത്തിൻെറ നാന്ദിയായിത്തീർന്നു ആ സംഭവം.

"സ്തുതിക്കുകനാം ദൈവത്തെ—
നിത്യകാലവും
സൃഷ്ടിജാലമാകവെ – സൃഷ്ടിതാവിനെ
വാഴ്ത്തിടുവിൻ"

ഉച്ചഭക്ഷണം കഴിഞ്ഞു് അനുജത്തിമാരായ ആഗ്നസും ബിയാട്രീസുമൊരുമിച്ച് നമ്മഭാഷണം നടത്തിയിരുന്ന ക്ലാരയുടെ ചെവികളിൽ കർണ്ണപീയൂഷമായ പ്രസ്തുത ഈരടികൾ അലയടിച്ചു. അവർ മൂവരും ജിജ്ഞാസാപൂർവ്വം പടിവാതില്ക്കലേക്കു നോക്കി. "ചേച്ചീ, അതാ ഒരു പിച്ചക്കാരൻ." ബിയാട്രീസ് വിളിച്ചുപറഞ്ഞു. അയാൾ മുററത്തേയ്ക്കു കടന്നുവന്നു. യൗവനയുക്തനെങ്കിലും ക്ഷീണഗാത്രനായ ഒരു ഭിക്ഷു. തലമുടിയും താടിമീശയും വളൻ് അലക്ഷ്യമായിക്കിടക്കുന്നു. കൽപ്പൊടിയും കുമ്മായവും പററിപ്പിടിച്ച ഒരു നീണ്ട കുപ്പായമാണ് അയാളിട്ടിരിക്കുന്നതു്. അരയിലൊരു തടിച്ച ചരട

കെട്ടിയിരിക്കുന്നു. പൊട്ടിപ്പൊളിഞ്ഞ ഒരു പഴയ ചെരിപ്പാണു പാദരക്ഷ. സാധാരണക്കാരിൽനിന്നു വ്യത്യസ്തമായ ആ വേഷംകണ്ടിട്ടു കുട്ടികൾക്കു ആശ്ചര്യംതോന്നി. "ദൈവസ്നേഹത്തെപ്രതി ആഹാരത്തിനു് എന്തെങ്കിലും തരണേ." ഭിക്ഷുവിൻെറ ഈ യാചനകേട്ടു് ക്ലാര ഓടിച്ചെന്നു കുറെ നാണയങ്ങളെടുത്തു കൊണ്ടുവന്നു് അയാളുടെനേരെ നീട്ടി. "ഇതെനിക്കു വേണ്ടകുഞ്ഞേ; ഭക്ഷണത്തിനു് എന്തെങ്കിലും തന്നാൽ മതി." വിനയാന്വിതമായ അയാളുടെ ഭാവവും മറുപടിയും അവരെ അത്ഭുതപ്പെടുത്തി. പണം വേണ്ടെന്നു് ഒരു യാചകൻ പറയുന്നതു് അന്നാദ്യമായിട്ടാണു്. "എന്തു്? പണംവേണ്ടെന്നോ?" ക്ലാരയും അഗ്നസും ഒരുമിച്ചുചോദിച്ചു. "ഇതു് അദ്ദേഹമായിരിക്കുമോ? അമ്മായി പറഞ്ഞല്ലോ അദ്ദേഹം ഭിക്ഷയാചിച്ചാണു ഭക്ഷണം കഴിക്കുന്നതെന്നു്. ഫ്രാൻസിസുതന്നെയായിരിക്കും." ക്ലാര ചിന്തിച്ചു. അദ്ദേഹത്തെപ്പററി വളരെയധികം കേട്ടിട്ടുണ്ടെങ്കിലും മുഖപരിചയമില്ലായിരുന്നു കുട്ടികൾക്കു്. ഇങ്ങനെയൊരു വേഷം ഒരു ഭിക്ഷുവിനും അവർ കണ്ടിട്ടില്ല. സഹോദരികൾ രണ്ടുപേരുംകൂടി അകത്തേക്കു് ഓടി. ബിയാട്രിസാകട്ടെ, പുഞ്ചിരിതൂകിക്കൊണ്ടു നില്ക്കുന്ന ഭിക്ഷുവിനെ നോക്കിക്കൊണ്ടു് അവിടെത്തന്നെ നിന്നു. അല്പസമയത്തിനുള്ളിൽ ആപ്പിൾ, കേക്കു്, മുന്തിരിങ്ങ, വറുത്ത ഇറച്ചി എന്നീ വിഭവങ്ങളുംകൊണ്ടു് ക്ലാരയും അഗ്നസുമെത്തിക്കഴിഞ്ഞു. ആ മനുഷ്യൻ തൻെറ പിച്ചപ്പാത്രം നീട്ടിക്കാണിച്ചു. അതിലേക്കു നീട്ടിയ കരങ്ങൾ അവർ പെട്ടെന്നു പിൻവലിച്ചു കളഞ്ഞു. ആ ദുഷിച്ച എച്ചിൽക്കൂട്ടത്തിലേക്കു് അവർ കൊണ്ടുവന്ന വിശിഷ്ടവസ്തുക്കൾ ഇടുകയോ! "ഇങ്ങോട്ടു് ഇട്ടോളൂ." യാചകൻ സമ്മതിച്ചു. അപ്പനുറുക്കുകളും, എല്ലിൻ കഷണങ്ങളും, വളിച്ച സസ്യക്കറിയും, അല്പം സൂപ്പുമായിരുന്നു അയാളുടെ പാത്രത്തിലെ വിഭവങ്ങൾ. മനസില്ലാമനസ്സോടെ അവർ കൊണ്ടുവന്ന ഭോജ്യവസ്തുക്കൾ ആദരപൂർവ്വം അതിലിട്ടു കൊടുത്തു. "ദൈവം നിങ്ങളെ അനുഗ്രഹി

ക്കട്ടെ." ആശംസകളരുളികൊണ്ടും കർണ്ണാനന്ദകരമായ ആ ഗാനതല്ലജം ആലപിച്ചുകൊണ്ടും യാചകൻ നടന്നു പോയി. "അതെന്തൊരു മനുഷ്യൻ!" സഹോദരികാം തമ്മിൽപ്പറഞ്ഞു. അയാളെത്തന്നെ നോക്കിക്കൊണ്ടു് അവർ നിന്നു പോയി. അയാളുടെ നീണ്ടകുപ്പായത്തിന്റെ പിന്നിൽ ചോക്കുകൊണ്ടു് ഒരു നെടിയ കുരിശുവരച്ചിരിക്കുന്നതും അവർ കണ്ടു. ശുഷ്കമെങ്കിലും പ്രസന്നമായ ആ മുഖത്തുകളിയാടിയ വിശുദ്ധിയും ആത്മസംതൃപ്തിയും അവരെ ഹഠാദാകർഷിച്ചു. ശബ്ദം കേട്ടു വന്ന ജൂലിററകണ്ടതു് മടങ്ങിപ്പോകുന്ന യാചകനേയും വളരെ താല്പര്യപൂർവം അയാളെത്തന്നെ നോക്കിക്കൊണ്ടു നി ല്ക്കുന്ന കുട്ടികളേയുമാണു്. "ഇങ്ങോട്ടു പോരിൻ കൊച്ചമ്മമാരെ," നീരസം കലർന്ന സ്വരത്തിൽ അധികാരപൂർവം അവാം പറഞ്ഞു. "അതാരാണു ജൂലിററ്?" സംശയ നിവാരണാത്ഥം ക്ലാര ചോദിച്ചു. "ആ ഫ്രാൻസിസല്ലേ അതു്." ഉദാസീനഭാവത്തിൽ ദാസി മറുപടി പറഞ്ഞു.

ക്ലാര :– ഏതു ഫ്രാൻസിസ്?

ജൂ: – പീററർ ബർണ്ണാർഡിന്റെ മകൻ.

ക്ലാര :- അതെയോ? കഷ്ടം! എന്തോചിന്തിച്ച് അവാം ഇച്ഛാഭംഗപ്പെട്ടുകയാണു്. "ഒരു ഭിക്ഷുവിനെപ്പോലെ നമ്മാം അദ്ദേഹത്തോടു പെരുമാറിയതു കഷ്ടമായിപ്പോയി ആഗ്നസ്."

ആഗ്നസ് : – ശരിയാണു ചേച്ചീ, പക്ഷെ നമ്മളാരും അദ്ദേഹത്തെ അറിയുകയില്ലായിരുന്നല്ലോ.

ജൂ: – ആ കിറുക്കനെ പിന്നെ മേശപ്പുറത്തിരുത്തി തീററണമായിരുന്നോ ?

കുട്ടികളുടെ അനുഭാവപൂർവ്വമായ സംസാരം ജൂലിററിനു രസിച്ചില്ല.

ക്ലാര : - ഫ്രാൻസിസ് ബർണ്ണാർഡിനു ഭ്രാന്താണെന്നു ജൂലിററിനോട് ആരാണു പറഞ്ഞതു്?

ബിയാ : – ചേച്ചീ, അയാൾ ഭ്രാന്തനാണോ? ങും. ഭ്രാന്തൊന്നുമില്ലേ.........എന്നെ നോക്കിചിരിച്ചല്ലോ .

ആഗ്നസ്:– ഈ ജൂലിററ് വൃഥാ പറയുന്നതാണു കുഞ്ഞേ.

ക്ലാര :– ദൈവസ്നേഹത്തെപ്രതി അദ്ദേഹം ചെയ്ത ഭോഷത്തം ജൂലിററിനു ഭ്രാന്തായിത്തോന്നി.

കുട്ടികൾ തൻെറ അഭിപ്രായത്തിനു് ഒട്ടുംതന്നെ അനുകൂലികളല്ലെന്നുകണ്ടതിൽ ജൂലിററിനു് അല്പം വിഷമമില്ലാതില്ല. ജനങ്ങൾ അദ്ദേഹത്തെപ്പററി പറയുന്നതു് ആ പാവം വിശ്വസിച്ചുവെന്നുമാത്രം. അയാളെ കളിയാക്കണമെന്നുള്ള ഉദ്ദേശമൊന്നും ജൂലിററിനില്ലായിരുന്നു.

ജൂ :– അല്ല; ഓരോരുത്തരുടെ തലേലെഴുത്തു്. അല്ലാതെ എന്തു പറയാനാണു്.

ക്ലാരയും ആഗ്നസും പരസ്പരം നോക്കി ചിരിച്ചു. ഏതായാലും തൻെറ അഭിപ്രായം പിൻവലിക്കാൻ ജൂലിററ് തയാറായില്ല.

ജൂ:– കിറുക്കില്ലായിരുന്നുവെങ്കിൽ, ആളുകൾ കളിയാക്കിയാൽ യാതൊരു വിഷമവും ഉണ്ടാകുകയില്ലായിരുന്നോ? അപ്പനാണെങ്കിൽ വഴിയിൽ വച്ചു കണ്ടാൽ പ്രാകും. അനുജൻ പുച്ഛിക്കും. കുട്ടികൾ മണ്ണും കല്ലും വാരിയെറിയും. പക്ഷെ പുള്ളിക്കു് ഒരു കുലുക്കവുമില്ല.

ക്ലാ:– എന്തൊക്കെയായാലും ഞങ്ങൾ അതു വിശ്വസിക്കുകയില്ല.

ജൂ: ആകട്ടെ, വീട്ടിലൊന്നും തിന്നാനില്ലാഞ്ഞിട്ടാണോ ഈ പിച്ചച്ചിരട്ടയുമായിട്ടു നടക്കുന്നതു്? ഒരു കൊച്ചുരാജാവിനെപ്പോലെ നടന്നതല്ലേ? എന്നിട്ടേ.... ഒരു പിച്ചപ്പെണ്ണി

ന്നെ കല്യാണം കഴിക്കാനൊരുങ്ങിയിട്ട് അപ്പൻ സമ്മതിച്ചില്ല. അതാണ ഭ്രാന്തിൻെറ കാരണം.

ക്ലാര നന്നായിട്ടൊന്നു ചിരിച്ചു. കായ്യമൊന്നും മനസ്സി ലാകാതെ ആഗ്നസ് പകച്ചുനിന്നു. അപ്പോഴാണ പൂമുഖത്തേ ക്കു് ഒരു മാന്യവനിത കടന്നുവന്നതു്. സുന്ദരിയും യൗവന യുക്തയുമാണെങ്കിലും അദ്ധ്വാനത്തിൻെറ ക്ലേശങ്ങൾ അവളുടെ മുഖകാന്തിയെ അനല്പം ഉലച്ചിട്ടുണ്ടു്. വയസ്സ് ഇരുപത്തിമൂ ന്നിൽ കവിഞ്ഞിട്ടില്ലെന്നു് ആർക്കും ഗ്രഹിക്കാം. വളരെ ലളിതവും വിനീതവുമാണു് അവളുടെ വസ്ത്രധാരണരീതി. ഭക്തിദ്യോതകവും ആകർഷണീയവുമായ ഭാവവും. നാം മു മ്പൊരിക്കൽ പരിചയപ്പെട്ട ഗബ്രിയേല്ലയല്ലാതെ മററാരുമ ല്ലായിരുന്നു ആഗത. മാതാപിതാക്കന്മാരുടെ നിർബ്ബന്ധത്തിനു വിധേയയായി നവയൗവനത്തിൽത്തന്നെ അവൾ വിവാഹിത യായി. എങ്കിലും പ്രാർത്ഥനയും പരസ്നേഹകൃത്യങ്ങളും വഴി ദൈവസേവനത്തിനായി അവൾ സ്വയം സമർപ്പിച്ചു. "ഹാ! അമ്മായി." കുട്ടികൾ ചാടി എഴുന്നേററു് ആ വനിതയുടെ കര ങ്ങൾ ഗ്രഹിച്ചുകഴിഞ്ഞു. "ഇരിക്കു അമ്മായീ," അവരെല്ലാവ രുമിരുന്നു.

ക്ലാ:- അമ്മായി കണ്ടോ ആ ഫ്രാൻസീസിനെ? ഞങ്ങൾ അദ്ദേഹത്തെപ്പററി സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു.

ഗബ്രി:- അദ്ദേഹം വന്നിരുന്നോ ഇവിടെ? കഷ്ടം! ഒന്നു കാണാൻ കഴിഞ്ഞില്ലല്ലോ.

അവൾ ഇച്ഛാഭംഗം പ്രകടിപ്പിച്ചു. അദ്ദേഹത്തെപ്പററി അമ്മായിക്കു വളരെ മതിപ്പുണ്ടെന്നു് നേരത്തെതന്നെ ക്ലാര ഗ്രഹിച്ചിട്ടുണ്ടു്. അതിനാൽ അവൾക്കു് ഉന്മേഷം വർദ്ധിച്ചു.

ക്ലാ:- അമ്മായീ, ഈ ജൂലിററ പറയുകയാണ് അദ്ദേ ഹത്തിനു ഭ്രാന്താണെന്നു്!

ഗപ്രൽ:- അതെ, അതെ, ഭ്രാന്തു്; മുഴുഭ്രാന്തു്. ദൈവസ്നേഹത്തെപ്രതിയുള്ള മുഴുക്കിറുക്കു്.

ക്ലാ:- വേറൊരുകാര്യവുംകൂടി ജൂലിററ പറഞ്ഞു. ഒരു പിച്ചപ്പെണ്ണിനെ കല്യാണംകഴിക്കാഞ്ഞിട്ടാണു് അദ്ദേഹത്തിനു കിറുക്കുവന്നതെന്നു്. ഗപ്രൽഫൂച്ചി ഒന്നു നന്നായി ചിരിച്ചു. "ജൂലിററ്, പാവം! നിങ്ങളെന്തെല്ലാമാണു് പറയുന്നതു്?

ജൂ:- ഒരു ദരിദ്രവാസിപ്പെണ്ണിനെ അയാഠം സ്നേഹിച്ചെന്നു് ആളുകഠം പറഞ്ഞല്ലോ. അയാഠംതന്നെയും അങ്ങനെ പറഞ്ഞുകൊണ്ടുനടന്നതാണു്. ഗപ്രൽഫൂച്ചിക്കൊച്ചമ്മ അതറിഞ്ഞിട്ടില്ലേ?

ഗപ്രൽ:- ശരി, ശരി; "ദാരിദ്ര്യമണവാട്ടി," "എൻെറ പ്രിയതമ ദാരിദ്ര്യദേവി" എന്നെല്ലാം അദ്ദേഹം പറഞ്ഞതിനെപ്പററിയായിരിക്കാം ഈ പറയുന്നതു്. ആലങ്കാരികഭാഷയിൽ അദ്ദേഹം ദാരിദ്ര്യത്തെ സംബോധനചെയ്തിരുന്നതു് ആളുകഠം വളച്ചൊടിച്ചു് എന്തെല്ലാം കെട്ടുകഥകളാണു ചമച്ചിരിക്കുന്നതു്! നല്ല തമാശതന്നെ. അദ്ദേഹം ഇപ്പോഠം സാൻഡാമിയാനോ ദൈവാലയം പൊളിച്ചുപണിയുകയാണു്.

കുട്ടികഠം ആശ്ചര്യംപൂണ്ടു.

ക്ലാ:- ങ്ഹാ! ഉടുപ്പിൽ കുമ്മായം പററിപ്പിടിച്ചിരിക്കുന്നതു ഞങ്ങഠം കണ്ടു. ഇപ്പോഴാണു് കാര്യം മനസ്സിലായതു്.

ഈ സമയത്തു് ഒർത്തലോന പൂമുഖത്തേയ്ക്കു വന്നു. "ഇതാരാണു്. ഗപ്രൽഫൂച്ചിയോ? നീ എപ്പോഴാണു വന്നതു്. ഞാനറിഞ്ഞില്ലല്ലോ." "അമ്മച്ചീ, ഞങ്ങഠം വർത്തമാനംപറഞ്ഞു് അങ്ങനെ ഇരുന്നുപോയി." ക്ലാര പറഞ്ഞു. "വരൂ കാപ്പികുടിക്കാം" ഒർത്തലോന ക്ഷണിച്ചു. തൻെറ നാത്തൂൻെറ പിന്നാലെ ഗപ്രൽഫൂച്ചി കുട്ടികളുമൊത്തു നടന്നു.

അന്നരാത്രിയിൽ ക്ലാരയ്ക്ക് ശരിക്ക് ഉറക്കം വന്നില്ല. പകൽ കണ്ടതും കേട്ടതുമായ കാര്യങ്ങളായിരുന്നു അവളുടെ ചിന്താവിഷയം. "അദ്ദേഹത്തിന്റെ മുഖത്തുകാണുന്ന സംതൃപ്തി ആത്മീകസ്വാതന്ത്ര്യം കൈവന്നതിന്റെ അടയാളമല്ലേ.? എന്നാൽ സമ്പത്തിന്റെ മദ്ധ്യത്തിൽ ശ്വാസം മുട്ടിച്ചാകുന്നവരുടെ കൂട്ടത്തിൽപ്പെട്ടവളല്ലേ ഞാനും? "ധനവാൻ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നതിനേക്കാൾ എളുപ്പം ഒട്ടകം സൂചിക്കുഴയിൽക്കൂടി കടക്കുന്നതാണെ"ന്നല്ലെ ദിവ്യഗുരു അരുളിച്ചെയ്യുന്നത്? എന്തിനാണ് ധനവാന്മാർ സമ്പത്തു വാരിക്കൂട്ടി ശാശ്വതമായ സൗഭാഗ്യം നഷ്ടപ്പെടുത്തുവാൻ ഇത്രമാത്രം പാടുപെടുന്നത്! ഫ്രാൻസീസിന്റെ ജീവിതം അവരോടുള്ള ഒരു വെല്ലുവിളിയല്ലേ? മായാവിഭ്രാന്തിയാൽ നട്ടംതിരിയുന്ന അവർക്കെല്ലാം അദ്ദേഹം വെറും ഭ്രാന്തനും ഭോഷനുമാണ്. മനുഷ്യരോടുള്ള സ്നേഹത്തെപ്രതി ഭ്രാന്തനായിച്ചമഞ്ഞ ദൈവപുത്രനെപ്രതി ഭോഷരാകുന്നത് എത്ര അഭികാമ്യം!" അവൾ ചിന്തിച്ചു.

ദിവസങ്ങൾ ഏതാനും കഴിഞ്ഞു. ക്ലാര മാളികപ്പുറത്തു നില്ക്കുകയാണ്. തെരുവിലൊരു മണിമന്ദിരത്തിന്റെ വാതില്ക്കൽ നിന്നു് ഭയങ്കരമായ അട്ടഹാസം മുഴങ്ങുന്നു. അവൾ അങ്ങോട്ടുനോക്കി. ഒരു പാട്ടുപാടുകയാണു ഫ്രാൻസിസ്. അതിനു കിട്ടിയ മറുപടിയായിരുന്നു ആ അട്ടഹാസം; അതിനെത്തുടർന്നുള്ള പൊട്ടിച്ചിരിയും പരിഹാസവർഷവും!. എന്താണു കാര്യം? അവൾ ശ്രദ്ധിച്ചു. ആ സംഗീതശ്രവണത്തിൽനിന്നു് അവൾക്കു ഗ്രഹിക്കാൻകഴിഞ്ഞു, പള്ളി പണിയാൻ കല്ലു കൊടുക്കുന്നവർക്കു ദൈവം അനുഗ്രഹം പ്രദാനം ചെയ്യുമെന്നാണു് അദ്ദേഹം പാടുന്നതെന്നു്. പക്ഷേ യാതൊന്നും കൊടുക്കാതെ ആട്ടിയോടിക്കയാണു് ആ ധനാഢ്യർ. അദ്ദേഹമാകട്ടെ മന്ദസ്മിതം തൂകിക്കൊണ്ടു് ഭിക്ഷാടനം തുടർന്നു. അങ്ങനെ പലവീടുകൾ കയറിയിറങ്ങി. ചിലരെല്ലാം പകുതിവിലയ്ക്കു കല്ലു കൊടുക്കാമെന്നു സമ്മതിച്ചു. ക്ലാരയുടെ ഹൃദയം ത്രസിച്ചു. "ഹാ! ആ ധനിക

കുമാരൻ അനുഭവിക്കുന്ന അവഹേളനങ്ങാം! എല്ലാം ദൈവത്തെ പ്രതി. അദ്ദേഹം ദൈവത്തിൻെറ മനുഷ്യൻതന്നെ. നിശ്ചയം."

അന്നു ഫേവറീനോപ്പൂ വന്നപ്പോഠം ക്ലാര അദ്ദേഹത്തെ സമീപിച്ച്, ഫ്രാൻസീസ് കല്ലുയാചിച്ചതും ആളുകഠം അദ്ദേഹത്തെ അവഹേളിച്ചതുമെല്ലാം പറഞ്ഞു കേഠംപ്പിച്ചു. മകളുടെ അനുകമ്പാനചിതമായ വിവരണം കേട്ടിട്ട് പ്രഭുവിനു യാതൊരു ചാഞ്ചല്യവുമുണ്ടായില്ല. "മകളേ! പള്ളിപണിയുക മെത്രാന്മാരുടേയും അച്ചന്മാരുടേയും ചുമതലയിൽപ്പെട്ട കാര്യമാണ്. അതിൽ ജനങ്ങളാരും ഇടപെടാറില്ല. അതുകൊണ്ടാണ് അവരെല്ലാം അങ്ങിനെ ചെയ്തതു്." എന്നു പറഞ്ഞു് മകളെ സമാധാനിപ്പിക്കാൻ പ്രഭു പരിശ്രമിച്ചു. "എങ്കിലും അപ്പച്ചാ, പള്ളിപണിക്കു കുറേ കല്ലുകൊടുത്തയയ്ക്കണം." ക്ലാര അഭ്യർത്ഥിച്ചു.

പ്രഭു:- ഛേ! പ്രഭുക്കളായ നാം ആ ഫ്രാൻസീസിനോട്ട് ഇടപെടുകയോ? കുറച്ചിൽ.

ക്ലാര:- പ്രഭുക്കന്മാരും സാധാരണജനങ്ങളും ദൈവത്തിൻെറ കണ്ണിൽ ഒരുപോലെയല്ലേ അപ്പച്ചാ?

മകളുടെ ശാഠ്യത്തിൻെറ മുമ്പിൽ പ്രഭു മൗനം ഭജിച്ചു. ഒരുവണ്ടി കല്ല് സാൻഡാമിയാനോയിൽ എത്തിക്കാൻ വേണ്ട ഏർപ്പാടുകഠം അദ്ദേഹംചെയ്തു. പക്ഷേ അതു രഹസ്യത്തിലായിരിക്കണമെന്നു പ്രത്യേകം ചട്ടംകെട്ടിയിരുന്നു. കാരണം, അതു തൻെറനിലയ്ക്കു യോജിച്ച ഒരു കൃത്യമല്ലെന്നായിരുന്നു അദ്ദേഹത്തിൻെറ അഭിപ്രായം. എങ്കിലും ഫ്രാൻസീസിൻെറ നിർബന്ധംമൂലം ദാതാവിൻെറ പേർ പറയാതിരിക്കാൻ വണ്ടിക്കാരനു കഴിഞ്ഞില്ല.

അങ്ങനെ പള്ളിപണിയും ഭിക്ഷാടനവുമായി അദ്ദേഹം സാൻഡാമിയാനോയിൽ കുറെനാഠം വസിച്ചു. അദ്ദേഹ

ത്തിൻെറ നിരന്തരപരിശ്രമവും സന്മനസ്സുള്ളവരുടെ സഹക രണവുംമൂലം മൂന്നുപള്ളികഠം അദ്ദേഹം പണിതീൎത്തു. ക്രമേ ണ അദ്ദേഹത്തിനുതോന്നി, തിരുസ്സഭയുടെ പുനരുദ്ധാരണമാ ണു ദൈവം തന്നോടാവശ്യപ്പെടുന്നതെന്നു്. തെരുവീഥിയിൽ നിന്നുകൊണ്ടു് ദൈവത്തിൻെറ അനന്തകാരുണ്യത്തെയും സ്നേ ഹവായ്പിനെയുംപററി അദ്ദേഹം പ്രസംഗിക്കാൻതുടങ്ങി. ആ ദ്യമാദ്യം അദ്ദേഹത്തെ പുച്ഛിച്ചിരുന്നവർപോലും ആ പ്രസം ഗം കേഠംക്കുവാൻ താല്പൎയ്യം പ്രദർശിപ്പിക്കുകയും അതുവഴി ജീ വിതപരിവൎത്തനം സാധിക്കുകയും ചെയ്തുതുടങ്ങി.

തങ്ങഠം ഭോഷനും ഭ്രാന്തനുമായി ഗണിച്ചിരുന്ന ഫ്രാൻ സീസ് വലിയ കാൎയ്യങ്ങഠംക്കായി ദൈവത്താൽ തെരഞ്ഞെടു ക്കപ്പെട്ട ഒരാളാണെന്നു് അസ്സീസിനിവാസികഠംക്കു ക്രമേണ ബോദ്ധ്യമായി. കോടീശ്വരനായിരുന്ന ബെൎണ്ണാർഡ്കചിൻെറ വലും, പണ്ഡിതശിരോമണിയായ പീററർകഥാനിയും, വൈ ദികവൎയ്യനായ സിൽവസ്റ്റർഅച്ചനും ക്ലാരയുടെ പിതൃസഹോ ദരപുത്രനായ റഫീനോപ്രഭുകുമാരനും അദ്ദേഹത്തിൻെറ ശിഷ്യ ന്മാരായതോടുകൂടി ഭ്രാന്താരോപണം നിശ്ശേഷം ശമിച്ചു. റഫീ നോ ആ ഭിക്ഷാടനസംഘത്തിലെ അംഗമായതു പ്രഭുക്കന്മാൎക്കു സഹിച്ചില്ല. പക്ഷേ ജനതാമദ്ധ്യത്തിൽ ഫ്രാൻസീസിനുണ്ടാ യിരുന്ന നിലയും വിലയും, ഗ്വീദോമെത്രാനു് ഫ്രാൻസീസി നോടും ശിഷ്യന്മാരോടുമുണ്ടായിരുന്ന മതിപ്പുംമൂലം അവർ മിണ്ടടങ്ങിയെന്നേയുള്ളു.

ഈ പുതിയ സംഘത്തിൻെറ ലളിതജീവിതവും കൎമ്മപ രിപാടികളും ക്ലാരയെ വളരെയധികം ആകൎഷിച്ചു. സുവി ശേഷാദർശങ്ങളുടെ പ്രകാശനം അവരുടെ എല്ലാ ചെയ്തിക ളിലും അവഠം ദർശിച്ചു. തൻെറ ഗൃഹത്തിൽ ഭിക്ഷാടനത്തി നു വന്നിരുന്ന സഹോദരന്മാരുമായി സമ്പൎക്കം പുലൎത്തുന്നതി നും അവരുടെ പ്രസംഗങ്ങഠം ശ്രവിക്കുന്നതിനും അവഠം വളരെ

താല്പര്യം പ്രദർശിപ്പിച്ചിരുന്നു. മാത്രമല്ല അവരുടെ ഒരു ദ്രവും ത്യാഗപൂർവ്വവുമായ ജീവിതം അവളുടെ നിരന്തര വിചിന്തനത്തിനു വിഷയമായും ഭവിച്ചു.

# 4

# ഷേഫിയിലെ മണിദീപം

ക്ലാരയ്ക്കു വയസ്സു പതിനാറുതികഞ്ഞു. പ്രായത്തെ കവിഞ്ഞ പുഷ്ടിമയോടുകൂടി അവരം വളന്നുകഴിഞ്ഞു. കറതീന്ന സൗന്ദര്യത്തിൻെറ പ്രതീകംതന്നെയായിരുന്നു ക്ലാര. ലോലമെങ്കിലും ദൃഢമായ ഗാത്രം; സുവർണ്ണാഭ ചിതറുന്ന വാർകുന്തൽ; ഇളംതെന്നലിൽ ഇളകിക്കളിക്കുന്ന അളകപാളികഠം; നിശ്ചയദാർഢ്യത്തെ സൂചിപ്പിക്കുന്ന ചില്ലിക്കൊടികഠം; ചെന്താമരയിതളിനെ ലജ്ജിപ്പിക്കാൻപോരുന്ന വർണ്ണഭംഗി; നീണ്ട നീലലോചനങ്ങഠം; തിലകുസുമസമാനം സുന്ദരമായ നാസിക; കുലീനതചം പ്രകടമാകുന്ന നടത്ത ഇവ ക്ലാരയെ അസ്സീസിയിലെന്നല്ല, ഇററലിയിലാകെയുള്ള തരുണീമണികളിൽ അഗ്രഗണ്യയാക്കിത്തീർത്തു. ദൈവാലയത്തിലേയ്ക്കോ സവാരിക്കോ പോകുമ്പോഠം അവളെ ഒരുനോക്കു കാണുവാൻ അസ്സീസിനിവാസികഠം കൊതിക്കൊള്ളും. "അതാ വരുന്നു ഷേഫിയിലെ ആ മോഹനാംഗി. അവളുടെ കരവസ്ഥാനം കരസ്ഥമാക്കാനിരിക്കുന്ന ഭാഗ്യവാൻ ആരായിരിക്കാം!" അവർ പരസ്പരം പറയും. അടക്കവും ശാലീനതയും കലന്ന അവളുടെ അകൃത്രിമവ്യാപാരങ്ങഠം കാണികളിൽ പാവനമായ ഒരു

മതിപ്പുളവാക്കി. പല പ്രഭുകുമാരന്മാരും അവളുടെ ഭർതൃപദം കാംക്ഷിച്ചുവെങ്കിലും പ്രത്യക്ഷമായോ പരോക്ഷമായോ അതിനൊരു പ്രേരണ ചെലുത്താൻ അവരാരും ധൈര്യപ്പെട്ടില്ല. ദിവ്യമായ ഏതോ ഒരു ചൈതന്യവിശേഷം അവളിൽ അവർ ദർശിച്ചിരുന്നു. മാത്രമല്ല, പതിന്നാലാം വയസ്സുമുതൽ പിതാവു് അവൾക്കായി നടത്തിയിരുന്ന വിവാഹാലോചനകളെല്ലാം അനുനയപൂർവ്വം അവൾ നിരസിച്ചിരുന്നുവെന്നും അവർ ഗ്രഹിച്ചിരുന്നു.

പാവങ്ങളുടെ മിത്രമായ ഷേഫീകുമാരിയെ കാണുമ്പോൾ ഭിക്ഷുക്കൾ ഓടിയടുക്കും. പുഞ്ചിരി തൂകിക്കൊണ്ടു് അവരുടെ പിച്ചപ്പാത്രത്തിൽ നാണയത്തുട്ടുകളിട്ടു കൊടുക്കുന്ന ക്ലാരയുടെ മുഖം കണ്ടാൽ അവൾ കാരുണ്യത്തിൻേറയും ദീനദയാലുത്വത്തിൻേറയും മൂർത്തീഭാവമാണെന്നു് ആർക്കും തോന്നിപ്പോകും.

പുണ്യജീവിതത്തിനു് ചെറുപ്പംമുതൽതന്നെ അവൾക്കുണ്ടായിരുന്ന താല്പര്യം ദിനംതോറും വർദ്ധമാനമായിക്കൊണ്ടിരുന്നു. ദൈവത്തെ പരിപൂർണ്ണമായി സ്നേഹിക്കണം, സേവിക്കണം— അതുമാത്രമാണു് അവളുടെ ജീവിതലക്ഷ്യം. അതിനു് ഏതു മാർഗ്ഗമാണവലംബിക്കേണ്ടതെന്നു് അവൾക്കൊരു പിടിയുമില്ല. ഒന്നുരണ്ടു വർഷമായി ഈ ഒരു പ്രശ്നം അവളെ അലട്ടിത്തുടങ്ങിയിട്ടു്. പക്ഷേ അതിനൊരു പരിഹാരം കണ്ടുപിടിക്കാൻ അവൾക്കിതുവരെ സാധിച്ചിട്ടില്ല. വൈവാഹിക ജീവിതത്തോടു ക്ലാരയ്ക്കു യാതൊരു ആകർഷണവും തോന്നിയില്ല. തന്നെയുമല്ല പരിപൂർണ്ണമായ ദൈവസേവനത്തിനു് ആ ജീവിതാവസ്ഥ പ്രതിബന്ധം സൃഷ്ടിക്കുകയില്ലേ എന്നവൾ സംശയിച്ചു. ക്ലാരയുടെ അമ്മയും അമ്മായിയും അതിനു് അപവാദമാണെങ്കിലും ഭക്തരായ പല പ്രഭുകുമാരികളും കുടുംബജീവിതം അവലംബിച്ചതോടുകൂടി ഭൗതിക വ്യാമോഹങ്ങളിൽ നിമഗ്നരായതായി അവൾതന്നെ കണ്ടിട്ടുണ്ടു്. ഇഷ്ടമില്ലാത്ത ഒരു ജീവിതാന്തസ്സിൽ

പ്രവേശിക്കുന്നതുകൊണ്ട് മനസ്സാന്തി നഷ്ടപ്പെടുത്തുക മാത്രമേ ഫലമുണ്ടാകയുള്ളു. ഇങ്ങനെയുള്ള ചിന്തകളിൽ മുഴുകി അവൾ പലപ്പോഴും ക്ലേശിച്ചിരുന്നു. "നാഥാ, അങ്ങു സംസാരിച്ചാലും. ദാസി ഇതാ സന്നദ്ധയായിരിക്കുന്നു." പ്രാർത്ഥനയിലായിരുന്നു അവൾ ആശ്വാസം തേടിയിരുന്നതു്. ഏകാന്തതയോടും അവൾക്കു് അതിമാത്രം പ്രതിപത്തി തോന്നി. ജീവിതത്തിൽ ക്ലേശങ്ങളെന്തെന്നു് അവളിതുവരേയും അറിഞ്ഞിരുന്നില്ല. ക്ലാരയുടെ ചിന്തകൾ ഇങ്ങനെ തുടന്നു. "ആരാമത്തിലെ പൂമ്പാററയെപ്പോലെ ആടിപ്പാടി നടന്ന ശൈശവവും, പ്രസന്നതയേറിയ ബാല്യവും, പ്രതീക്ഷാനിർഭരമായ കൗമാരവും എത്രവേഗം പോയിമറഞ്ഞു. പലരുമെന്നല്ല ബഹുഭൂരിപക്ഷംപേരും ആവേശപൂർവ്വം സ്വാഗതം ചെയ്യുന്ന ഒന്നാണു യൗവനം. പക്ഷേ എൻെറ കാര്യത്തിൽ ഭീകരമായ ഒരു വനാന്തരത്തിൽ പ്രവേശിച്ച പ്രതീതിയാണുള്ളതു്. ഹാ! ആരോടുമാരോടും പറയാനാവാത്ത പ്രശ്നം എന്നെ അലട്ടുന്നു. ഇനിയും പിതാവു് എന്നെ വിവാഹത്തിനായി നിർബന്ധിക്കും. അമ്മേച്ചി വാത്സല്യപൂർവ്വം ഉപദേശിക്കും. പലരും അവരുടെ കണ്ണുകളിൽനിന്നു് എൻെറ നേരെ ഒളിയമ്പുകളയയ്ക്കുന്നുണ്ടെന്നു ജൂലിററ് പറയുന്നു. ദൈവമേ, ഞാനെന്താണു ചെയ്യേണ്ടതു്" പ്രാർത്ഥനയിൽത്തന്നെ അവൾ അഭയം ഗമിച്ചു. രാത്രിയുടെ നീണ്ടനീണ്ട യാമങ്ങൾപോലും അതിനായി അവൾ ചെലവഴിച്ചു. പക്ഷേ ഉന്നതത്തിൽനിന്നു യാതൊരുത്തരവും ലഭിച്ചതായി അവൾക്കനുഭവപ്പെട്ടില്ല. "ഈ ആഗ്നസും ബിയാട്രീസും എത്ര സൗഭാഗ്യവതികൾ. ഈശോ! അന്ധകാരാവൃതമായ എൻെറ അന്തരാത്മാവിൽ ദിവ്യപ്രകാശത്തിൻെറ ഒരു പ്രഭാകണമെങ്കിലും തൂകണമേ. വഴിയും സത്യവും ജീവനുമായുള്ളോവേ! നേർവഴിയിൽക്കൂടി എന്നെ നയിക്കണമേ. വററിവരണ്ട എൻെറ ആത്മാവിൽ അവിടുത്തെ കാരുണ്യസുധ തൂകണമേ." ഇങ്ങനെ വീണ്ടും വീണ്ടും അവൾ പ്രാർത്ഥിച്ചു. തൻെറ

ഈ ഹൃദയവ്യഥ മററാരും ഗ്രഹിക്കാതിരിക്കാൻ പ്രസന്നയായിത്തന്നെ അവഠം വത്തിച്ചിരുന്നു. പൂന്തോട്ടത്തിൽ വികസിച്ചു നില്ക്കുന്ന പുഷ്പങ്ങളുടെ സുഷമ ആസ്വദിച്ചുകൊണ്ടു നില്ക്കുന്ന സ്വപുത്രിയെ കാണുമ്പോഠം ഒത്തലോന ആനന്ദിക്കും. ആ മരതക കാന്തിയുടെ മദ്ധ്യത്തിൽ മഴവില്ലിൻെറ അഴകിനെ അതിശയിക്കുന്ന തൻെറ കുമാരി ഒരു വാനാരൂപിയാണെന്നു് അവർ ഓത്തുപോകും. ക്ലാരയുടെ കണ്ണുകഠം പുഷ്പദളങ്ങളിലായിരുന്നെങ്കിലും അവളുടെ ഹൃദയം അത്യുന്നതൻെറ സന്നിധിയിലേക്കു് ഉയന്നിരുന്നു. ദിവസങ്ങളങ്ങനെ ഇഴഞ്ഞു നീങ്ങിക്കൊണ്ടിരുന്നു.

"ആ ഫ്രാൻസീസ് ബേർണ്ണാർഡ് എത്ര സന്തുഷ്ടൻ. ഞാനോ ശാന്തികണ്ടെത്താതെ ഉഴലുകയാണു്." രാത്രിയിൽ ഉറങ്ങാതെ ചിന്തിച്ചുകൊണ്ടു് അവഠം കിടക്കുകയാണു്. "ആഭാസന്മാരുടെ രാജാവെന്നറിയപ്പെട്ടിരുന്ന ആ ചെറുപ്പക്കാരനിൽവന്ന പരിവത്തനം! സുഖലോലുപനായിരുന്ന അദ്ദേഹം ഘോരമായ തപശ്ചര്യകളാൽ സ്വശരീരത്തെ പീഡിപ്പിക്കുന്നു. സ്വർഗ്ഗീയദൂതന്മാരുടെ പരിസേവനങ്ങഠം പരിത്യജിച്ചു് കാലിത്തൊഴുത്തിൽ ശയിക്കുവാൻ ലോകാധിനാഥനെ പ്രേരിപ്പിച്ചതു് മർത്ത്യരായ ഞങ്ങളോടുള്ള സ്നേഹമല്ലേ? ആ സ്നേഹത്തിനു പ്രതിസ്നേഹം പ്രകടിപ്പിക്കുവാൻ എന്തെന്തു പരിത്യാഗങ്ങഠം അനുഷ്ഠിച്ചാലും അധികമാവുകയില്ല; നിശ്ചയം." അവഠം പേത്തുപേത്തു ചിന്തിച്ചു. മണിമഞ്ചത്തിൽനിന്നു താഴെയിറങ്ങി ആ തണുത്ത തറയിൽ അവഠം കിടന്നു. "നാഥാ, അങ്ങുന്നു് ആ കുരിശിൽ എനിക്കുവേണ്ടി യാതന അനുഭവിക്കുമ്പോഠം ഈ ഏഴ സുഖിക്കുകയോ?"

വഷങ്ങഠം അതിൻെറ കടമ നിവ്വഹിച്ചുകൊണ്ടു കടന്നുപൊയ്ക്കൊണ്ടിരുന്നു. പക്ഷേ അവളുടെ അന്തരാത്മാവിനെ ആവരണം ചെയ്തിരുന്ന ആ കനത്ത മൂടൽമഞ്ഞു് പൂവ്വോപരി

വദ്ധമാനമായിക്കൊണ്ടുതന്നേയിരുന്നു. ആ അഗാധഗത്തത്തിൽ നിന്നു് അവളെ കൈകൊടുത്തുയത്തുവാനോ, അന്ധകാരപടല ത്തെ മായിച്ചുകളയുവാൻ ഒരു കൈത്തിരി തെളിക്കുവാനോ ആ രേയും കാണാതെ അവളുഴന്നു. ആ നിശിതക്ലേശം ഒരു കഠിന കണ്ടകം പോലെ അവളുടെ ഹൃദയം സദാ കുത്തിമുറിപ്പെട്ടുത്തി യിരുന്നു. എങ്കിലും സവ്വശക്തനിൽത്തന്നെ അഭയം പ്രാപി ച്ചുകൊണ്ടു് പ്രസന്നതയോടും പ്രശാന്തതയോടും കൂടി അവൾ വത്തിച്ചു. അതിനാൽ ഷേഫിയിലെ ആ മണിദീപം അപ്പോഴും പ്രേക്ഷകരുടെ കണ്ണിനും കരളിനും ആനന്ദം പകന്നുകൊണ്ടു് ഉജ്ജ്വലഭാസ്സോടെ വിരാജിച്ചിരുന്നു.

5

# മാർഗ്ഗം തെളിഞ്ഞു

1212ലെ വലിയ നോമ്പു് ആരംഭിച്ചു. വി. ഗീവറ ഗീസിൻെറ ദൈവാലയത്തിൽ, ക്രിസ്തുവിൻെറ പീഡാനുഭവ ത്തെപ്പററി ഒരു പ്രസംഗപരമ്പര നടക്കുകയാണു്. ക്ലാരയും ആഗ്നസും അമ്മയുമൊരുമിച്ചു് അവിടെ സന്നിഹിതരായിട്ടു ണ്ടു്. “പിതാവിൻേറയും പുത്രൻേറയും പരിശുദ്ധാത്മാവിൻേറ യും നാമത്തിൽ ആമ്മേൻ.” പ്രസംഗപീഠത്തിൽനിന്നു ശാന്തമാ യി മുഴങ്ങിയ ശബ്ദം എല്ലാവരുടേയും ശ്രദ്ധയെ ആകർഷിച്ചി രിക്കുന്നു. ജനഹൃദയങ്ങളിൽ അത്ഭുതങ്ങൾ പ്രവത്തിച്ചുകൊണ്ടു് ആ പ്രസംഗം അങ്ങനെ നിരർഗ്ഗളം പ്രവഹിക്കുകയാണു്.

പാണ്ഡിത്യപ്രകടനമൊന്നും അവിടെകണ്ടില്ല; സ്നേഹത്തിൻെറ ഒരുജ്ജ്വല പ്രവാഹമായിരുന്നു അതു്. പ്രസംഗകൻ നമ്മുടെ ഫ്രാൻസിസാണു്. പല ശിലാഹൃദയരും ആർദ്രമനസ്കരായി പശ്ചാത്താപാശ്രുക്കൾ പൊഴിച്ചുപോയി. സ്ത്രീകളുടെയിടയിൽനിന്നു വിങ്ങിപ്പൊട്ടലുകളും നെടുനിശ്വാസങ്ങളും പുറപ്പെട്ടു. പഞ്ഞിയിൽ തീപ്പൊരി വീണാലെന്നതുപോലെ ക്ലാരയുടെ ഹൃദയത്തിൽ ദൈവസ്നേഹാഗ്നി ആളിക്കത്തി. വഷങ്ങൾ തന്നെ പിന്നിട്ട ആ ഹൃദയാസ്വാസ്ഥ്യത്തിനു് ഒരു ശമനമുണ്ടാകാൻ ഇനി കാലതാമസമില്ലെന്നു് അവൾ സമാശ്വസിച്ചു. “എൻെറ ആശങ്കകൾക്കു് അറുതി വരുത്താനുള്ള ശുഭാവസരം കരഗതമായിരിക്കുന്നു. എൻെറ ഹൃദയരഹസ്യങ്ങൾ ഈ പുണ്യപുരുഷനെ അറിയിച്ചു് ഭാവിപരിപാടി രൂപവല്ക്കരിക്കുകതന്നെ.” അവൾ തീരുമാനിച്ചുകഴിഞ്ഞു. വീട്ടിലേയ്ക്കു മടങ്ങിയ ക്ലാരയുടെ ഹൃദയം, തുറമുഖം കണ്ടെത്തിയ ഒരു നാവികൻേറതിനു സമാനമായിരുന്നു. ഇനി അവിടെ ചെന്നുപറേറണ്ട താമസമേയുള്ളു. അന്നു വൈകുന്നേരം ഗ്വൽഫൂച്ചിപ്രഭ്വിയോടു് അവൾ പറഞ്ഞു, “അമ്മായി റഫീനോ സഹോദരനെ കണ്ടു് എനിക്കു ഫ്രാൻസിസിനെ ഒന്നു കാണാൻ സൗകര്യപ്പെടുത്തിത്തരണമെന്നു പറയണം.” അവർ അതിനു സസന്തോഷം തയ്യാറായി.

അടുത്ത ദിവസംതന്നെ സന്ദർശനത്തിനു സൗകര്യം ലഭിച്ചു. സായംകാലത്തു് പോഷ്യങ്കുലാ പർണ്ണശാലയെ ലക്ഷ്യമാക്കി ക്ലാര മാതുലയോടുകൂടി നടന്നുപോയി. ഷേഫീകുമാരിയുടെ ആഗമനം ദൂരെനിന്നു വീക്ഷിച്ച ഫ്രാൻസിസിനു മനസ്സിലായി സാൻഡാമിയാനോയിൽവച്ചു തനിക്കുണ്ടായ ദർശനത്തിൽ കണ്ടതായ ഫ്രാൻസിസ്കൻ വനിതാവിഭാഗത്തിൻെറ നായിക അവളാണെന്നു്. അദ്ദേഹം ദൈവത്തിനു കൃതജ്ഞത പറഞ്ഞു. “സഹോദരന്മാരേ! നല്ലവനായ ദൈവം നമുക്കു തന്ന സഹോദരികൾ ഇതാ വരുന്നു.” അദ്ദേഹം ശിഷ്യന്മാരോടായി പറഞ്ഞു.

ആചാരോപചാരങ്ങാംക്കശേഷം ഫ്രാൻസീസ് ചോദിച്ചു. "ഇ ങ്ങോട്ടു പുറപ്പെടാൻ........?" "പിതാവേ, എനിക്ക അനവധി കാര്യങ്ങാം അങ്ങയെ അറിയിക്കുവാനുണ്ട്." ക്ലാര വിനയപൂർവ്വം പറഞ്ഞു. ഡോണാഗപൽഫ്യൂച്ചി വിവേകപൂർവ്വം മാറിനിന്നു. ക്ലാര ദീർഘമായി സംസാരിച്ചു. അവളുടെ ആശങ്കകളും, വിഷമപ്രശ്നങ്ങളുമെല്ലാമെല്ലാം അദ്ദേഹത്തോടു തുറന്നുപറഞ്ഞു. അച്ഛസ്സ്ഫടികംപോലെ നിർമ്മലമായ അവളുടെ അന്തരാത്മാവിൽ നടക്കുന്ന ദൈവിക പ്രവർത്തനങ്ങാംകണ്ടു് അദ്ദേഹം അവാച്യമായ ആനന്ദത്തിൽ ആറാടി. "ഹാ! തെരഞ്ഞെടുക്കപ്പെട്ട ഒരു ആത്മാവു്!" അദ്ദേഹം തന്നോടുതന്നെ പറഞ്ഞു. ദൈവത്തെ സേവിക്കുന്നതിനു്, ആത്മാക്കളെ നേടുന്നതിനു്, ഒരു സഖിയെ അവളിൽ അദ്ദേഹം ദശിച്ചു. സംതൃപ്തിയുടെ ഒരു നെടുനിശ്വാസം അദ്ദേഹത്തിൽ നിന്നുയന്നു. "മകളേ, ആത്മാക്കളുടെ അദൃശ്യമണവാളനായ ഈശോയുമായി ഐക്യം പ്രാപിക്കുക എത്ര തന്നെ അഭികാമ്യമല്ല!! ആ സ്വഗ്ഗീയ സ്നേഹബന്ധത്തിനു് അടിസ്ഥാനമായിരിക്കുന്നതു നിത്യകന്യാത്വമാണു്. ഇതിൻെറ മധുരഫലമത്രേ മനുഷ്യനെ മാലാഖയേക്കാം സമുന്നതനാക്കുന്ന പരിപാവനമായ ചാരിത്ര്യം. കുഞ്ഞേ കുഞ്ഞിനതു സാദ്ധ്യമോ?" അദ്ദേഹം ഉൽക്കണ്ഠയോടെ ചോദിച്ചു. "അതേ പിതാവേ, ഞാനെന്നെന്നും ഈശോയുടേതായിരിക്കും." ദൃഢനിശ്ചയം അവളുടെ വാക്കുകളിൽ പ്രകടമായിരുന്നു. "ഈശോയെ സ്നേഹിക്കാൻ ആരുമില്ല കുഞ്ഞേ; അവിടത്തെ സേവനത്തിൽ മനുഷ്യർ എത്രമാത്രം ഉദാസീനരാണു്. ലോകത്തെ പങ്കുവയ്ക്കുന്ന ബഹളത്തിൽ കുടുങ്ങിയിരിക്കുകയാണു ബഹുഭൂരിപക്ഷം പേരും. ദിവ്യനാഥൻ ചിന്തിയ തിരുരക്തം വിഫലമാവുകയാണു് അനേകക്കും. ക്രിസ്ത്യാനികളെന്നു് അഭിമാനിക്കുന്നവരുടെ ദ്രോഹമാണു ദൈവപുത്രൻെറ വിമലഹൃദയത്തിനു് അധികം വേദനാ ജനകമായിട്ടുള്ളതു്. തിരുസ്സഭാമാതാവനുഭവിക്കുന്ന ക്ലേശങ്ങാം! ഹാ! മകളെ! അവയെല്ലാം പരിഹാരം ചെയ്യേണ്ടതാണു് ഇന്നത്തെ ആവശ്യം." അദ്ദേഹം ഇവ പറ

ഞ്ഞുകൊണ്ടിരുന്നപ്പോൾ ക്ലാരയുടെ ഉൾക്കളത്തിൽ ശക്തിയായ ഒരു ചലനം അനുഭവപ്പെട്ടു. അന്തരാത്മാവിൽ ഒരു ശബ്ദം മുഴങ്ങി. "മകളെ, നീയും വരിക." ഈശോയുടെ ആഹ്വാനം അവൾ ശ്രവിച്ചു. ഇനി ആശങ്കയ്ക്കു യാതൊരവകാശവുമില്ല. അവളുടെ മുഖാരവിന്ദത്തിൽ രക്തച്ഛവി ദൃശ്യമായി. കണ്ണുകളിൽ നിശ്ചയദാർഢ്യം സ്ഫുരിച്ചു. അദ്ദേഹം തുടന്നു. "ഹാ! എൻെറ പ്രാണപ്രേയസിയായ ദാരിദ്ര്യം! അവളുടെ അലൌകികകാന്തി! ഇഹത്തിൽ വച്ചുതന്നെ അവളുടെ ഉപാസകന്മാർ അനുഭവിക്കുന്ന സ്വർഗ്ഗീയമാധുര്യം." "പിതാവേ, ഞാനും അഭിലഷിക്കുന്നു; ശ്രേഷ്ഠമായ ഈ ദാരിദ്ര്യം കൈവരിച്ചു ദിവ്യനാഥനെ പ്രീണിപ്പിക്കുവാൻ." ക്ലാര ഉദ്വേഗപൂർവ്വം പ്രതിവചിച്ചു. "പക്ഷേ മകളെ, ഒരു പ്രഭുകുമാരിയായ കുഞ്ഞിന് അതു കണ്ടകാകീർണ്ണമായിരിക്കാം. ദാരിദ്ര്യം വിനീതമാണ്. അതു വിരസമാകാനും ഇടയുണ്ട്." ഫ്രാൻസിസ് മുന്നറിയിപ്പു നല്കി. "ഇല്ല, ഇല്ല; പ്രിയപിതാവെ, ദൈവം എന്നെ ശക്തിപ്പെടുത്തും."

ക്ലാരയും ഗ്വൽഫൂച്ചിയും ആദരപൂർവ്വം വിടവാങ്ങി. മടങ്ങിപ്പോകുന്ന ക്ലാരയെ നോക്കി ഫ്രാൻസിസ് സ്വയം പറഞ്ഞുപോയി; "വാസന്തികസൂനത്തെപ്പോലെ വിമലമനോജ്ഞമായ ഒരു ആത്മാവ്! ദൈവമെ, അങ്ങുന്നു സ്തുതിക്കപ്പെട്ടവനാകട്ടെ."

ഇതുപോലുള്ള രഹസ്യ സമാഗമങ്ങൾ അടുത്തടുത്തു നടന്നു. ആഗ്നസിനെപ്പോലും സഹകരിപ്പിക്കാതെയുള്ള ഈ സായാഹ്നസവാരി ജൂലിററിൽ ചില ആശങ്കകളുളവാക്കി. കുറെ നാളുകളായിട്ട് തൻെറ കൊച്ചു യജമാനത്തിയിൽ ചില ഭാവഭേദങ്ങൾ അവൾ ദർശിക്കുന്നുണ്ട്. പൈൻവൃക്ഷങ്ങൾ ഇടതിങ്ങിനില്ക്കുന്ന വിശാലമായ തോപ്പിനുള്ളിൽ മരത്തിൻെറ മറവിലുള്ള ശിലാസനത്തിലിരുന്ന് തൻെറ കൊച്ചുകൊച്ചമ്മ പലപ്പോഴും സുദീർഘം ചിന്തിക്കുന്നതു് അവൾ കാണുന്നുണ്ട്.

സായാഹ്ന ഭക്ഷണത്തിനു് ക്ലാരക്കൊച്ചമ്മയെ കാണാതിരുന്നതിനാൽ ജൂലിററ ആ പൈൻമരക്കൂട്ടങ്ങളുടെ ഇടയിലേക്കു കടന്നുചെന്നു. അവരം കുറച്ചു പിന്നിലായി അങ്ങനെ നിന്നു. "എൻെറ സ്വാമിനിയുടെ ഹൃദയകോവിലിൽ കടന്നു പററിയ യുവസുന്ദരൻ ആരായിരിക്കാം!" ചിന്താമൂകയായി ആ കരിങ്കല്ലിലിരിക്കുന്ന ക്ലാരയെ നോക്കി ജൂലിററ ആലോചിച്ചു. "ഞാനിവിടെ വന്നകാര്യംപോലും കൊച്ചമ്മ അറിയുന്നില്ലല്ലോ. പാവം!" ജൂലിററിനു സഹതാപമാണു തോന്നിയതു്. ആ പ്രണയ പരവശയെ അലട്ടാൻ വളർത്തമ്മയ്ക്കു മനസ്സുവന്നില്ല. ഈ സമയത്തു് ആ പ്രേമബദ്ധയുടെ അധരങ്ങളിൽനിന്നു് മധുര മനോഹരമായ ഒരു ഗാനതല്ലജം ഉതിർന്നു. ജൂലിററ ശ്രദ്ധാപൂർവ്വം അതു ശ്രവിച്ചു.

(മഞ്ജരി)

"ശുഷ്ക്കിച്ചു ശുഷ്ക്കിച്ചു നീരിനെത്തേടിടും
ഇക്ഷിതിക്കൊപ്പമാണെൻ ഹൃദയം
നാഥനാം നിന്നെ ഞാൻ പാർത്തുവസിച്ചിടും
സാദരം നിന്നിൽ ഞാൻ ചേരുവോളം"

(63-ാം സങ്കീർത്തനം)

ജൂലിററിൻെറ സംശയങ്ങളെല്ലാം തീർന്നു. ഏതോ ഒരുവനിൽ അനുരക്തയായിരിക്കുകയാണു് തൻെറ കൊച്ചമ്മ; നിശ്ചയം. അതാരാണെന്നു് ഒന്നു് അറിയുകതന്നെ. അവരം ധൈര്യപൂർവ്വം അടുത്തു ചെന്നു. "കൊച്ചമ്മേ, കാപ്പിവേണ്ടേ? ഞാനെത്ര നേരമായി നോക്കിനടക്കുന്നു. ഈ കാട്ടിൽ വന്നിരിക്കുന്നതെന്തിനാണു്?" ക്ലാര ജൂലിററിൻെറ സ്വരം കേട്ടപ്പോരം ചിന്തയിൽ നിന്നുണർന്നു.

ക്ലാ:- ജൂലിററ്, ഞാനങ്ങനെയിരുന്നുപോയി.

ജൂ:- ഉം, എനിക്കു മനസ്സിലായല്ലോ........

ക്ലാ:- എന്തു്?

ജൂ:- ഈ ചിന്തയുടേയും വിഷാദത്തിൻേറയുമൊക്കെ കാരണങ്ങറം.

ക്ലാ:- ചിന്തയോ?

ജൂ:-പിന്നെ.... ഈ ജൂലിററ് എത്ര പെൺകുഞ്ഞുങ്ങളെ കണ്ടിട്ടുള്ളവളാ. സൂത്രമൊന്നും എൻെറയടുത്തു ചെലവാകുകയില്ല. കൊച്ചമ്മേ, ഞാനും അക്കാര്യത്തെപ്പററി ചിന്തിക്കാൻ തുടങ്ങിയിട്ട് നാളുകളെത്രയായെന്നോ?

ക്ലാ:- ഏതുകാര്യം? ഒന്നുതുറന്നുപറയൂ?

ജൂ:- (വളരെ സ്വാതന്ത്ര്യപൂർവ്വം തൻെറ യജമാനത്തിയുടെ അംഗുലികളിൽ പിടിച്ചുകൊണ്ടു്) ഈ വിരലിൽ ഒരു പ്രഭുകുമാരൻ മോതിരമണിയിക്കുന്നതു കണ്ടിട്ടു മരിക്കാൻ ജൂലിററിനുള്ള കൊതി എന്തുമാത്രമാണെന്നറിയാമോ?

ക്ലാ:-ചിരിച്ചുകൊണ്ടു് "പ്രഭുകുമാരനോ? ഹേയ്"! അതു പോരാ. ഒരു രാജകുമാരൻ തന്നെവേണം ജൂലിററു്." ആ രഹസ്യത്തിൻെറ ഒരു തുമ്പെങ്കിലും കിട്ടുമെന്നു കരുതി താൻ പ്രയോഗിച്ച വിദ്യ പരാജയത്തിൽ കലാശിക്കുമാറു് കൊച്ചമ്മ സൂത്രത്തിൽ ഒഴിഞ്ഞു മാറുകയാണെന്നു ജൂലിററ ധരിച്ചു. ക്ലാര പറഞ്ഞതിൻെറ ആന്തരികാൎത്ഥം ഗ്രഹിക്കുവാൻ ആ പാവത്തിനു കഴിഞ്ഞില്ല. "രാജകുമാരനോ? അത്രയ്യൊന്നും വേണ്ടായിരുന്നു." അവറം പറഞ്ഞു. ഏതായാലും സംഭാഷണം ദീർഘിപ്പിക്കുന്നതു് ആപത്താണെന്നു കരുതി ക്ലാര ഭക്ഷണമുറിയിലേക്കു നടന്നു. പുറകെപോയ ജൂലിററ്, "എന്നാലും കൊച്ചമ്മ എന്നോടൊന്നും പറഞ്ഞില്ലല്ലോ. വൃഥായിരുന്നു വിഷമിക്കാതെ ഞാനക്കാര്യം യജമാനനോടു പറഞ്ഞു് വേഗം സംഗതി നടത്തിയേനെ." എന്നു പറഞ്ഞു നിറുത്തി. കന്യകകളുടെ രാജനാണ് ആ ഹൃദയത്തെ വശീകരിച്ചുകളഞ്ഞതെന്നു് ദാസിക്കു ഗ്രഹിക്കാൻ കഴിയുമോ?

ഈ സമയത്തു ഫേവറീനോപ്രഭു ഒത്തലോനയോടുകൂടി തന്റെ മുറിയിലിരുന്ന് ഗൗരവപൂർവ്വം ചില കാര്യങ്ങളെപ്പററി ചർച്ച ചെയ്യുകയായിരുന്നു. "പ്രിയേ, നമ്മുടെ കുമാരിയെ അനുരൂപനായ ഒരു വരനെക്കൊണ്ടു വിവാഹം ചെയ്യിക്കേണ്ട കാലം അതിക്രമിച്ചിരിക്കുകയാണ്."

പ്രഭ്വി:- ശരിയാണ്, ഇനി ദീർഘിപ്പിക്കാൻ നിവൃത്തിയില്ല.

പ്രഭു:- ഇനി അവളുടെ വൈമനസ്യമൊന്നും വകവയ്ക്കേണ്ട കാര്യമില്ലെന്നാണു ഞാൻ തീരുമാനിച്ചിരിക്കുന്നതു്. ഒരു നല്ല കാര്യം വന്നിട്ടുണ്ട്. അടുത്തദിവസംതന്നെ ഞാൻ പെരുജ്യായ്ക്കു പോകുകയാണ്. തൃപ്തികരമെന്നു തോന്നുന്നുണ്ടെങ്കിൽ ഉടനേ കാര്യം നടത്തുകതന്നെ.

ഭാര്യയ്ക്കും എതിരഭിപ്രായമില്ല. എങ്കിലും അവൾക്ക് ഏതോ ഒരാശങ്ക. "അവൾ" .... ആലോചനാപൂർവ്വം ഇത്രയും പറഞ്ഞശേഷം ആ സാധ്വി വിരമിച്ചു. "എന്താണ്?" ഫേവറീനോ ചോദിച്ചു. "അവളുടെ ഇംഗിതത്തിനെതിരായി പ്രവൃത്തിക്കേണ്ടിവരുമോ എന്നാണു ഞാൻ ശങ്കിക്കുന്നതു്." ഒത്തലോന പറഞ്ഞു.

പ്രഭു- ഭവതി പറഞ്ഞില്ലേ്ലാ അവൾ വളരെ ഭക്തയാണെന്ന്. മാതാപിതാക്കന്മാരെ അനുസരിക്കുന്നതിൽപ്പരം ഭക്തിയെന്തുള്ളു?

ഒർ:- അതു ശരിയാണ്. ഏതായാലും അങ്ങു പോയി വരൂ.

# 6

# വിവാഹനിശ്ചയം

സോഫായിൽക്കിടന്നു യാത്രാക്ഷീണം തീർക്കുകയാണു ഫേവറീനോപ്രഭു. വിവരമറിയാനുള്ള ഉത്ക്കണ്ഠയോടു കൂടി ഒർത്തലോന പ്രിയതമൻെറ സന്നിധിയിലേക്കു കടന്നുചെന്നു. സംഗതി ശുഭമായിത്തന്നെ പര്യവസാനിച്ചിട്ടുണ്ടെന്നു് ഭർത്താവിൻെറ പ്രസന്നമായ മുഖഭാവം തെളിയിച്ചു. ഭാര്യയെ കണ്ടക്ഷണംതന്നെ പ്രഭു സോന്മേഷം പറഞ്ഞു. "നല്ല ഒരു കുമാരൻ; നമ്മുടെ പുത്രിക്കു സർവ്വഥാ അനുരൂപനായ ഒരു കോമളൻ. അവരുടെ വംശമോ തികച്ചും പ്രസിദ്ധവും കുലീനവും. ഫെർണാണ്ടോ കുടുംബക്കാർ എത്രമാത്രം ശ്രേഷ്ഠരാണെന്നു ഭവതി കേട്ടിട്ടില്ലേ? അവൻെറ അപ്പച്ചനും അമ്മച്ചിയും വളരെ ശാലീനർ. അവരൊക്കെ നമ്മേക്കാറ് എത്ര സമ്പന്നരും ഉന്നതരുമാണെന്നോ?"

ഒർ:- അവക്കിഷ്ടമാണോ?

ഫേ:- ഓഹോ! ക്ലാരയുടെ സൗന്ദര്യവും സൗശീല്യവും അവരുടെയിടയിൽ പണ്ടേ പ്രസിദ്ധമായിട്ടുണ്ടെന്നു പറഞ്ഞു. അവളെ സ്നുഷയായി ലഭിക്കുന്നതു് ഒരു മഹാഭാഗ്യമാണെന്നു താൻ കരുതുന്നുവെന്നാണു പ്രഭ്വി പറഞ്ഞതു്. അതിനാൽ അവർ വാക്കു തന്നുകഴിഞ്ഞു.

ഒ:- അങ്ങു് എന്തു മറുപടി കൊടുത്തു?

ഫേ:- ഇനി കുമാരിയുടെ സമ്മതം കാത്തുനില്ക്കുകയില്ലെന്നു ഞാൻ പറഞ്ഞില്ലേ? അതിനാൽ ഞാനും അവർക്കു ഉറപ്പുകൊടുത്തു. ഉയിർപ്പുതിരുനാറ് കഴിഞ്ഞു് അധികം വൈകാതെ വിവാഹം നടക്കണം.

ഒ:- അങ്ങനെയെങ്കിൽ നല്ല കാര്യം. അവാം ഒരു തേജോ ഗോളമായിത്തീരും. പ്രഭചി ആലോചനാപൂവ്വംപറഞ്ഞു.

ഫേ:- "അതെ, അതെ. ഫെലിക്സ് പരിചയസമ്പന്നനും പ്രൗഢഗംഭീരനുമായ ഒരു യോദ്ധാവാണ്. യുദ്ധത്തിൽ അവൻ നേടിയ വീരമുദ്രകാം അവൻെറ പിതാവ് എന്നെക്കാണിച്ചു. ആ കീത്തിമുദ്രകളും സ്ഥാനമാനങ്ങളും അവൻെറ യശസ്സിനു മാററു കൂട്ടിയിട്ടുണ്ട്. അവനെ ജാമാതാവായി ലഭിക്കുക നമ്മുടെ ഒരു മഹാഭാഗ്യമാണ്. ഒരുപക്ഷേ ക്രമേണ ആ കൊച്ചൻ ഒരു രാജാവോ ചക്രവത്തിതന്നെയോ ആകുകയില്ലെന്ന് ആരറിഞ്ഞു! അപ്പോാം നമ്മുടെ കുഞ്ഞു്!" അഭിമാനപൂവ്വം ആ പിതാവു നട്ടെല്ലു നിവത്തിയിരുന്നു. അയാളുടെ ഭാവനാവിഹഗം ഭാവിയാകുന്ന അന്തരീക്ഷത്തിൽ പറന്നുയന്നു. വിജയഭാവത്തിൽ പ്രഭു തലകുലുക്കി. "ഒരു രാജ്ഞി, അഥവാ ഒരു ചക്രവത്തിനിയായി എൻെറ കുഞ്ഞു പ്രശോഭിക്കും." പ്രഭു മന്ത്രിച്ചു.

അന്നും പതിവുപോലെ ജൂലിററ് തൻെറ കൊച്ചുകൊച്ചമ്മയുടെ സുവർണ്ണാഭ വിതറുന്ന നീണ്ടുചുരുണ്ട ചികുരഭാരം കോതിയൊതുക്കി സുഗന്ധതൈലം പുരട്ടി ഭംഗിയായി പിന്നിയിടുകയാണ്. തൻെറ സ്വാമിനിക്കു കൈവരാൻ പോകുന്ന ഭാസുരഭാവിയെപ്പററി അവാംക്കു് അതിമാത്രം ആനന്ദമുണ്ട്.

ജൂ:- ഓ! ഇനി ഞാനെത്രനാാം ഈ മുടി പിന്നും?

"എന്തു പററി ജൂലിററ്?" ക്ലാര തൻെറ ഹൃദയത്തെ കുത്തിമുറിപ്പെടുത്തിയ ആ വാത്തയെപ്പററി ഒന്നും അറിഞ്ഞുകൂടാത്ത മട്ടിൽ ചോദിച്ചു.

ജൂ:- എൻെറ കൊച്ചമ്മേ, ഇനിയും എന്നെ പററിക്കാൻ നോക്കുകയാണോ? ആ ഫെലിക്സ് പ്രഭുകുമാരൻെറ കൊട്ടാരത്തിൽ എത്രയെത്ര ദാസികളുണ്ട്. പിന്നെ എനിക്കെന്താ

കാര്യം.? ഏതായാലും അവരാരും ഇത്ര ഭംഗിയായി കൊച്ചമ്മ യെ അണിയിക്കുകയില്ലെന്നു് എനിക്കു നിശ്ചയമുണ്ടു്. ക്ലാര യെ അണിയിക്കുവാൻ തന്നെക്കാറം വിദഗ്ദ്ധയായി മററാരും ഇഹത്തിൽ ഉണ്ടാകുകയില്ലെന്നാണു് ജൂലിററിൻെറ അഭിമതം, എന്നാൽ ഫെലിക്സിൻെറ നാമശ്രവണത്തിൽ സ്വാമിനിയുടെ മുഖത്തു വ്യാപിച്ച കാളിമ കാണുവാൻ പുറകിൽനിന്ന ജൂലി ററിനു സാധിച്ചില്ല.

ജൂ:- കൊച്ചമ്മ എന്ത്യേ ഒന്നും മിണ്ടാത്തതു്?

ക്ലാ:- എന്തു മിണ്ടാൻ

നീരസഭാവത്തിലുള്ള ആ മറുപടികേട്ടിട്ടു് ദാസിക്കു് ഒരു പരിഭവവും തോന്നിയില്ല. കാരണം, പെൺപിള്ളേർ ഈ അവസരത്തിൽ നിരുന്മേഷം പ്രകടിപ്പിക്കുക സാധാരണമാണു് എന്നതുതന്നെ.

ഫേവറീനോ പുത്രിയെ വിളിച്ചു് വിവരം ധരിപ്പിച്ചു. "അപ്പച്ചാ"...., പതിവുപോലെ എന്തോ വൈമുഖ്യം പ്രകടമാക്കാൻതന്നെയാണു പുത്രിയുടെ ഭാവമെന്നു ഗ്രഹിച്ച പിതാവു് ദൃഢസ്വരത്തിൽ പറഞ്ഞു. "എന്തു്! ഇനിയും നീ വൈമന സ്യമാണോ കാണിക്കുന്നതു്.? അതു സാദ്ധ്യമല്ല. ക്രൂരന്മാരും വെറിയന്മാരുമായ മഹമ്മദീയസേനയുടെ മുമ്പിൽ അടിപതറാതിരുന്ന ഞാൻ എൻെറ പുത്രിയുടെ ഗുശ്ശാഠ്യത്താൽ പരാജി തനാവുകയോ? ഈ ഒരു കാര്യത്തിലുള്ള നിൻെറ മക്കടമുഷ്ടി നിന്നിലുള്ള മററു സൽഗുണങ്ങളെയെല്ലാം നിഷ്പ്രഭമാക്കുന്ന തായിട്ടാണു് പരക്കെയുള്ള അഭിപ്രായം. നിന്നെ വിവാഹി തയായി കാണാൻ ഞാനും നിൻെറ ഈ പ്രിയപ്പെട്ട അമ്മച്ചി യും നമ്മുടെ ബന്ധുമിത്രങ്ങളും മാത്രമല്ല, ഈ അസ്സീസിനിവാ സികളെല്ലാംതന്നെ ആഗ്രഹിച്ചുതുടങ്ങിയിട്ടു നാളുകളെത്രയെത്ര യായി? എൻെറ കുഞ്ഞേ, കുഞ്ഞിനതിനെപ്പററിയൊന്നും ഒരു ചിന്തയുമില്ലാത്തതാണു് അത്ഭുതം!

ഒത്ത:– മകളെ, അപ്പച്ചൻ പറഞ്ഞതു കേട്ടോ. ഞങ്ങരം ഇക്കാര്യത്തിൽ എത്രമാത്രം ഉത്ക്കണ്ഠാകുലരാണെന്നറിയാമോ? ക്ലാര മൗനംദീക്ഷിച്ചുനിന്നു.

ഫേ:– ആ ഫെലിക്സ്, കുഞ്ഞിനു് എല്ലാംകൊണ്ടും അനുരൂപനാണ്. അതിനാൽ ഞാനവക്കു വാക്കുകൊടുത്തുകഴിഞ്ഞു.

ക്ലാരയുടെ ചാഞ്ചല്യരഹിതമായ നിലകണ്ടിട്ടു പ്രഭു കരുതി ആ ഒരു ഉപദേശംകൊണ്ടു് തന്റെ ദൃഢമായ തീരുമാനത്തിനു് അവരം നിശ്ശേഷം അടിപ്പെട്ടുപോയിയെന്നു്.

വൈകുന്നേരം ക്ലാര അമ്മായിയുമായിട്ടു് വളരെ സമയം രഹസ്യസംഭാഷണം നടത്തി. അന്നത്തെ നിശ അവരംക്കു സുദീർഘമായിത്തോന്നി. അടുത്ത ദിവസം സായാഹ്നം അതിവേഗം വന്നണയുവാൻ അവരം കൊതിച്ചു. തന്റെ ആത്മീയതാതനെ വിവരം ധരിപ്പിക്കാനും ഈ ദുസ്ഥിതിയിൽനിന്നു് അതിവേഗം രക്ഷനേടുന്നതിനും അവരം വെമ്പുകയാണ്. ആ രാത്രി അവരംക്കു് ദുസ്സഹമായിത്തോന്നി. അവരം മുട്ടിന്മേൽ നിന്നു. നേത്രങ്ങളിൽനിന്നു് അശ്രുധാര പ്രവഹിച്ചു. നെടുനിശ്വാസങ്ങരം ആയിരമായിരംപ്രാവശ്യം പൊന്തി ഉയർന്നു. "നാഥാ, ഈ പ്രതിസന്ധിഘട്ടത്തിൽ എന്നെ ശക്തിപ്പെടുത്തേണമേ. ഞാൻ അങ്ങയുടേതാകുന്നു; അങ്ങയുടേതുമാത്രമാകുന്നു. സ്നേഹമൂർത്തേ, എനിക്കങ്ങയെ വേണം; അങ്ങയെ മാത്രം വേണം. എന്റെ പ്രാണപ്രിയനെ, അങ്ങയെ ലഭിക്കാൻവേണ്ടി എന്റെ ആത്മാവു ദാഹിക്കുന്നു. ഹാ! ........"

അവരം സാഷ്ടാംഗം വീണു. ദീർഘസമയം അങ്ങനെ ആ തണുത്ത തറയിൽ കിടന്നു. "സ്നേഹത്തിന്റെ കല്ലോലങ്ങളിൽ നീന്തിനീന്തി എത്രയുംവേഗം അങ്ങെ പാവനസന്നിധി പ്രാപിക്കുവാൻ ഞാൻ തത്രപ്പെടുകയാണു നാഥാ." ഇങ്ങനെ രാത്രിയുടെ നീണ്ടനീണ്ട യാമങ്ങരംതന്നെ അവരം ചെലവഴിച്ചു.

അടുത്തദിവസം വിശേഷിച്ചൊന്നും സംഭവിച്ചിട്ടില്ലാത്തതുപോലെ പ്രസന്നയായിത്തന്നെ അവരം വത്തിച്ചിരുന്നു. മുഖത്തിനു് അല്പം വിളർച്ചയും കൺപോളകൾക്കു നല്ല വീക്കവും ഉള്ളതായി സൂക്ഷ്മദൃക്കായ ജൂലിററ കണ്ടു. എങ്കിലും കൊച്ചമ്മയ്ക്കു് വിവാഹാലോചനയിൽ പ്രത്യേക പ്രതിഷേധമൊന്നുമില്ലെന്നു് മുഖഭാവത്തിൽനിന്നു് അവർ ഗ്രഹിച്ചു. തലേദിവസം തങ്ങൾ പറഞ്ഞ കാര്യത്തിൽ പുത്രിക്കു വലിയ വിസമ്മതമില്ലെന്നു് ഒത്തലോനയും കരുതി.

അടുത്ത ദിവസം സായങ്കാലത്തു ഡോണാഗപ്സൽഫൂച്ചിയുമൊരുമിച്ചു് പോർഷ്യുങ്കളായിലെത്തി സംഗതികളുടെ ഗൗരവം അവരം ഫ്രാൻസിസിനെ അറിയിച്ചു. പ്രതിബന്ധങ്ങളുടെ ഭീകരത അദ്ദേഹം ഗ്രഹിച്ചു. ചിന്തകളുടെ ഉഗ്രത അദ്ദേഹത്തിൻെറ മുഖത്തു പ്രത്യക്ഷപ്പെട്ടു. നെററിത്തടത്തിൽ സ്വേദകണങ്ങൾ പൊടിഞ്ഞു. അദ്ദേഹം ചിന്തിച്ചു. "ഓ! അവളുടെ പിതാവും, പിതൃവ്യനും ഭയങ്കരന്മാരാണു്." ആലോചനാനിമഗ്നനായ ഫ്രാൻസിസിൻെറ മുഖത്തേയ്ക്കുനോക്കി മറുപടി കാത്തുനില്ക്കുകയാണു ക്ലാര. "ഈ മോഹനകുസുമം വിഷമയമായ ലോകത്തിൻെറ മദ്ധ്യത്തിൽ വസിക്കുന്നതു നന്നല്ല. അതിനാൽ എത്രയുംവേഗം സന്യാസജീവിതമാകുന്ന മലർവാടിയിലേയ്ക്കു പറിച്ചുനടുകതന്നെ." അദ്ദേഹം തീരുമാനിച്ചു.

ഫ്രാ:– "കുഞ്ഞേ, ഭയപ്പെടാനൊന്നുമില്ല. ദിവസങ്ങൾ ഇനിയുമുണ്ടല്ലോ. ഓശാന ഞായറാഴ്ച പാതിരാത്രിയിൽ ഇങ്ങോട്ടുവരിക. അന്നു വിശുദ്ധവാരം സമാരംഭിക്കുകയാണല്ലോ. കത്തോലിക്കാലോകംമുഴുവൻ ദിവ്യനാഥൻെറ പീഡാനുഭവങ്ങൾ അനുസ്മരിക്കുന്ന ദിവസങ്ങളാകയാൽ വലിയ ബഹളമൊന്നും ഉണ്ടാകുയില്ലെന്നു പ്രതീക്ഷിക്കാം. നമുക്കു സതീക്ഷ്ണം പ്രാത്ഥിക്കുകയും ചെയ്യാം." അതു നല്ല കാര്യമാണെന്നു് ക്ലാരയ്ക്കും അമ്മായിക്കും തോന്നി. സമാധാനപൂർവ്വം അവർ ഷേഫിയിലേക്കു മടങ്ങിപ്പോയി.

ക്ലാര സ്വഗൃഹത്തിൽ ശാന്തമായി വസിച്ചു. രാത്രിമുഴു വനും പ്രാൎത്ഥനയ്ക്കും പ്രായശ്ചിത്തത്തിനുമായി അവറം ചെലവ ഴിച്ചു. പക്ഷെ പകലാകട്ടെ യാതൊന്നും സംഭവിച്ചിട്ടില്ലാത്ത മട്ടിൽ ആഹ്ളാദവും ഉല്ലാസവും പ്രകടിപ്പിച്ചു. കൊച്ചനുജ ത്തിമാരുമൊത്തു് നൃത്തഗീതാദികളിൽ അവറം സമയം പോക്കി യിരുന്നു. അപ്പോഴും അവളുടെ അന്തരംഗം തൻെറ പ്രിയൻെറ സ്മരണയിൽ ലയിച്ചിരിക്കുകയായിരിക്കും. "പുതിയ വിവാഹാ ലോചന പുത്രിക്കു നന്നേ ഇഷ്ടപ്പെട്ടു." പിതാവു കൃതകൃത്യനാ യി. "എൻെറ കുഞ്ഞിൻെറ മുഖത്തു് ഒരു നവചൈതന്യം" എന്നു പറഞ്ഞു് ഒൎത്തലോനയും സന്തോഷിച്ചു. ജൂലിററിൻെറ ആഹ്ളാദവും ചെറുതല്ലായിരുന്നു. സുന്ദരമായ മംഗല്യദിനം അവറം സ്വപ്നംകണ്ടു. നവദമ്പതികളുടെ ചിത്രം സദാ അ വളുടെ ഭാവനയിൽ തെളിഞ്ഞുമിന്നി. അനുജത്തിമാരും കുഞ്ഞ നുജനും കൊട്ടാരത്തിൽ നടക്കാൻപോകുന്ന മഹോത്സവം വേഗംവരാൻ കാത്തുകാത്തിരുന്നു. മൊനാറംോപ്രഭു തൻെറ സഹോദരപുത്രിയുടെ വിവാഹം മംഗളതരമാക്കാൻ ജ്യേഷ്ഠനെ സൎവ്വഥാ സഹായിച്ചു. ക്ഷണിക്കപ്പെടേണ്ട ബന്ധുജനങ്ങളു ടേയും മിത്രങ്ങളുടേയും ഒരു പട്ടിക അദ്ദേഹം തയ്യാറാക്കി കത്തു കളയയ്ക്കുവാൻ ഏൎപ്പാടുചെയ്തു. അങ്ങനെ ക്ലാരയുടെ വിവാ ഹം ഒരുമാസത്തിനുള്ളിൽ ആഡംബരപൂൎവ്വം ആഘോഷിക്കു മെന്ന വാൎത്ത അസ്സീസിയിലെ മുഖ്യസംസാരവിഷയമായി.

# 7

## മണവാട്ടി

1212- ലെ ഓശാന ഞായറാഴ്ച. ക്രിസ്തീയ ലോകം മുഴുവൻ ലോകരക്ഷകൻെറ ജൈത്രയാത്ര ആഹ്ലാദപൂർവ്വം അനുസ്മരിക്കുന്ന സംപൂജ്യദിനം. പ്രഭാതസൂര്യൻെറ ചെങ്കതിർ തട്ടി ത്തിളങ്ങുന്ന വൃക്ഷത്തലപ്പുകൾ മന്ദമാരുതനിൽ ആടിക്കളിക്കുന്നതു കണ്ടാൽ, ഓർശ്ലത്തെ തെരുവീഥിയിലൂടെ ഒലിവുമരത്തിൻെറ കൊമ്പുകൾ പിടിച്ചുകൊണ്ടു നടത്തിയ പ്രദക്ഷിണത്തിൻെറ ഓർമ്മ ആർക്കുമുണ്ടാകും. അന്നത്തെ എബ്രായബാലന്മാരെപ്പോലെ കിളികൾ കളകളാരവം മുഴക്കി അന്തരീക്ഷത്തെ ശബ്ദായമാനമാക്കി. ദൈവാലയത്തിൽ തിരുക്കർമ്മങ്ങൾ ആരംഭിക്കാറാകുന്നു.

സ്വകുടുംബാംഗങ്ങളൊത്തു് അന്നത്തെ ആഘോഷങ്ങളിൽ പങ്കെടുക്കാൻവേണ്ടി ക്ലാരയും ഭദ്രാസനദൈവാലയത്തിൽ പ്രവേശിച്ചു. മുമ്പെങ്ങും കണ്ടിട്ടില്ലാത്ത പ്രശാന്തതയും പ്രസന്നതയും അവളുടെ മുഖത്തു മിന്നിത്തെളിഞ്ഞു. അവൾ ഭക്തിനിർഭരയായി മുഴങ്കാലൂന്നി നിലകൊണ്ടു. "ദാവീദിൻെറ പുത്രനു് ഓശാന" എന്ന സ്തോത്രഗീതം ദൈവാലയത്തിൽ മാറെറാലിക്കൊണ്ടു. ക്ലാരയുടെ അന്തരാത്മാവു് ദാവീദിൻെറ പുത്രനിൽ വിലയം പ്രാപിച്ചിരിക്കുകയാണു്. വിശ്വാസികൾ ഗ്വീദോമെത്രാനിൽനിന്നു് ആശീർവ്വദിച്ച സൈത്തു കൊമ്പുകൾ സ്വീകരിക്കുവാനാരംഭിച്ചു. ക്ലാരയുടെ വീട്ടുകാരും അവരവരുടെ മുറയനുസരിച്ചു് എഴുന്നേററു ചെന്നു് അതു വാങ്ങിച്ചു മടങ്ങിവന്നു. പക്ഷേ പരിസരങ്ങളെപ്പററി അസ്തപ്രജ്ഞയായ ക്ലാര സ്വസ്ഥാനത്തുതന്നെ മുട്ടി

ന്മേൽ നില്ക്കുകയാണ്. അതു മനസ്സിലാക്കി രൂപതാദ്ധ്യക്ഷൻ മദ്ബഹായുടെ നടകളിറങ്ങി വന്നു് ഒരു നല്ല സൈത്തു കൊമ്പു് അവളുടെ നേരേ നീട്ടി. ഒരു ചെറിയ ഞെട്ടലോടു കൂടി ക്ലാര വിനയപൂർവ്വം തിരുമേനിയുടെ കരം ചുംബിച്ചു കൊണ്ടു് അതു വാങ്ങി. അന്നു രാത്രിയിൽ സംഭവിക്കാനിരുന്ന സംഗതികൾ ഫ്രാൻസിസിൽനിന്നു സവിസ്തരം ഗ്രഹിച്ചിരുന്ന മെത്രാനച്ചൻ ആ പ്രവൃത്തികൊണ്ടു് തൻെറ പുറപ്പാടിനെ മൗനമായി അംഗീകരിക്കുകയും ആശീർവ്വദിക്കുകയുമാണെന്നു് അവൾ വിശ്വസിച്ചു. കൂടാതെ ദൈവപ്രതിനിധിയായ അദ്ദേഹം തനിക്കു നല്കിയ ഈ പ്രത്യേക ബഹുമതി ദൈവപ്രീതിയുടെ ബാഹ്യ ചിഹ്നമായി അവൾ വ്യാഖ്യാനിക്കുകയും ചെയ്തു. തിരുകർമ്മങ്ങൾക്കു ശേഷം എല്ലാവരും വീട്ടിലേയ്ക്കു മടങ്ങി. വഴിയരികിലെ മരക്കൊമ്പിലിരുന്നു് ഒരു വാനമ്പാടി പാടുകയാണ് മധുര മനോജ്ഞമായ ഒരു മോഹനഗാനം. അതിൻെറ പൊരുൾ ഗ്രഹിക്കുവാൻ കുടുംബാംഗങ്ങൾക്കു കഴിഞ്ഞില്ലെങ്കിലും അതു തനിക്കു യാത്രാമംഗളം നേരുകയാണെന്നു ക്ലാര കരുതി.

അന്നത്തെ തിരുനാൾസദ്യയിലും ആഘോഷങ്ങളിലും അവൾ സന്തോഷപൂർവ്വം പങ്കുകൊണ്ടു. സൂര്യൻെറ ഗമനം അന്നു പതിവിൽക്കവിഞ്ഞു സാവധാനമാണെന്നു ക്ലാരയ്ക്കു തോന്നി. “പാതിരാവു പറന്നു വന്നിരുന്നെങ്കിൽ.” അവൾ കൊതിച്ചു. അവസാനം ഇഴഞ്ഞു നീങ്ങിയ പകലിൻെറ അന്ത്യത്തിലെത്താറായി ആദിത്യൻ. പക്ഷികൾ ചേക്കേറാൻ തത്രപ്പെടുന്നതു നോക്കി നില്ക്കുകയാണു ക്ലാര. തൻെറ ആത്മനാഥനെ പ്രാപിക്കുവാൻ അവളുടെ ഹൃദയം കുതികൊള്ളുകയാണ്. അറിയാതെതന്നെ പോർഷ്യൂങ്കുളായിലെ കൊച്ചുപള്ളിയെ ലക്ഷ്യമാക്കി അവളുടെ കണ്ണുകൾ പാഞ്ഞു. പക്ഷേ ആക്രമം ക്ഷം ആശങ്കകളൊന്നും തോന്നാതിരിക്കത്തക്കവിധം അവൾ സ്വയം ഭരിച്ചു കൊണ്ടിരുന്നു.

അന്നത്തെ ആഘോഷങ്ങളിൽ പങ്കുകൊള്ളവാൻ ക്ഷണി ക്കപ്പെട്ടിരുന്ന ഡോണാഗപൽഫൃച്ചിക്ക് അവിചാരിതമായു ണ്ടായ ഏതോ ഒരു അത്യാവശ്യത്തിനായി റോമിലേക്കു പോ കേണ്ടിവന്നു. ക്ലാരയുടെ അടുത്ത ബന്ധുവും വിശ്വസ്തമിത്രവു മായ പച്ചിഫിക്കാ ഗപൽഫൃച്ചിയുടെ സാന്നിദ്ധ്യം അമ്മായി യുടെ അഭാവത്തെ തെല്ലൊന്നു പരിഹരിച്ചു. സന്ധ്യാപ്രാൎത്ഥ നയ്ക്കു സമയമായെന്നു വിളിച്ചറിയിച്ചുകൊണ്ട് ദൈവാലയമ ണിനാദം അന്തരീക്ഷത്തിൽ അലയടിച്ചു. പച്ചിഫിക്കാ ഗപൽ ഫൃച്ചിയുമൊത്ത് ക്ലാരയും അവളുടെ മാതാപിതാക്കന്മാരും അനുജത്തിമാരും മുട്ടിന്മേൽനിന്നു് ഭക്തിപൂൎവ്വം ത്രികാലജപ വും മററു പ്രാൎത്ഥനകളും ചൊല്ലി. ക്ലാര തൻെറ കുടുംബാംഗ ങ്ങളുമൊത്ത് അവസാനമായി പ്രാൎത്ഥിക്കുകയാണ്. അവളു ടെ കണ്ണും ഇടയ്ക്കു് അല്പം ഇടറുകയുണ്ടായി. പക്ഷേ അതാരും പ്രത്യേകം ശ്രദ്ധിച്ചില്ല. പ്രാൎത്ഥനാനന്തരം കുട്ടികളുടെ ഗാന മേളയാണ്. സംഗീതോപകരണങ്ങളുപയോഗിച്ചു ക്ലാര പാ ടി. ആഗ്നസ് താളമടിച്ചു. ഫേവറീനോയും ഒൎത്തലോന യും ഗപൽഫൃച്ചിയും ഭൃത്യഗണങ്ങളും ചുററും കൂടിയിരുന്നു. ബിയാട്രീസും മാർട്ടിനും ചേച്ചിയുടെ അടുത്തു തന്നെയായിരു ന്നു സ്ഥലംപിടിച്ചതു്. എവരും ക്ലാരയുടെ സംഗീതശ്രവണ ത്തിൽ പുളകംപൂണ്ടു. "എൻെറ ഓമൽസുതയുടെ സംഗീതപാ ടവം! ഹാ! ഫെർണാണ്ടോ കുടുംബക്കാൎക്കു നന്നേ ഇഷ്ടപ്പെട്ടും." ഫേവറീനോ അഭിമാനംകൊണ്ടു. "കുമാരിയുടെ കൂയിൽ നാ ദം! അതിത്ര കർണ്ണാനന്ദകരമാണെങ്കിൽ വാനാരൂപികളുടെ സ്തോത്രഗീതങ്ങൾ എത്രമാത്രം നിർവൃതിദായകമായിരിക്കും!" ഒൎത്തലോന ഓൎത്തുപോയി.

അത്താഴത്തിനു സമയമായി. ക്ലാരതന്നെ വിഭവങ്ങ ളിൽ ചിലതു വിളമ്പി. വളരെയേറെ നേരമ്പോക്കുകൾ പറ ഞ്ഞു് എല്ലാവരേയും അവൾ രസിപ്പിച്ചു. "ഓ! കുമാരിയുടെ അടുത്ത വൎഷത്തെ ഓശാനയാഘോഷം പെരുജ്യായിലായിരു

കൊണ്ടായിരിക്കാം അവളിത്രയധികം ആഹ്ളാദിക്കുന്നത്."
പ്രഭ ചിന്തിച്ചു. പ്രിയപ്പെട്ട ജൂലിററിനെ മേശയുടെ അടുത്തേയ്ക്കു വിളിച്ചുകൊണ്ട് ക്ലാര ഒരു കഷണം കേക്ക് അവൾക്കു കൊടുത്തു. തനിക്കു ലഭിച്ച അസാധാരണ ബഹുമതിയിൽ ആഹ്ളാദം പൂണ്ട്, "ഇനിയത്തെ ഓശാനയ്ക്കു് ഈ ജൂലിററിനെ മറന്നു കളയല്ലേ" എന്നു പറഞ്ഞു. "നമുക്ക് അന്നു് ചേച്ചിയുടെ വീട്ടിൽ പോകണം ജൂലിററ്," ആഗ്നസ് പറഞ്ഞു. "ഞാനും, ഞാനും" ബിയാട്രിസും മാർട്ടിനും ഒരുമിച്ചു പറഞ്ഞു. "ചേച്ചിയുംകൂടെ പോരണം കേട്ടോ." ക്ലാര പച്ചിഫിക്കാഗൾഫൂച്ചിയെ ക്ഷണിച്ചു. ഗൾഫൂച്ചി പുഞ്ചിരിതൂകി. എല്ലാവരും ചിരിച്ചു. അന്നത്തെആഹ്ളാദം അതിൻെറ പാരമ്യത്തിലെത്തി.

അങ്ങനെ സദ്യയും മേളങ്ങളും അവസാനിച്ചു. എല്ലാവരും അവരവരുടെ ഉറക്കറകളിലേയ്ക്കു തിരിച്ചു. ഗൾഫൂച്ചി ക്ലാരയെ അത്ഥഗർഭമായി ഒന്നുനോക്കിയിട്ട് അവളുടെ അടുത്ത മുറിയിൽത്തന്നെ പ്രവേശിച്ചു. പ്രാത്ഥനയുംകഴിഞ്ഞു് കുട്ടികൾ അവരവരുടെ കിടക്കകളിൽ നീണ്ടുനിവർന്നു കിടക്കുന്നതു കണ്ടുകൊണ്ട് അമ്മയും ധാത്രിയും ഉറങ്ങാൻപോയി. എല്ലാവരും ഗാഢനിദ്രയിലാണ്ടുകഴിഞ്ഞു. എന്നാൽ ക്ലാര വിചാരവീചികൾക്കിടയിൽക്കിടന്നു നട്ടംതിരിഞ്ഞു. മുററത്തുനില്ക്കുന്ന സൈപ്രസ്മരത്തിൻെറ ഉയന്ന ശാഖയിലിരുന്നുകൊണ്ട് ഒരു രാപ്പക്ഷി നീട്ടിനീട്ടി ഒരു ശോകഗാനം ആലപിക്കുകയാണ്. ആ വിരഹവന്ദനം കേട്ടപ്പോൾ ക്ലാരയുടെ ഹൃദയം ചലിച്ചു. അടുത്ത മുറികളിൽ സുഖസുഷുപ്തികൊള്ളുന്ന തൻെറ പ്രിയപ്പെട്ട മാതാപിതാക്കന്മാരും, സഹോദരീസഹോദരന്മാരും, തോഴികളും, വിശിഷ്യ പ്രിയജൂലിററും. ഹാ! അവരുടെ സ്നേഹഭാജനമായ താൻ ചെയ്യാൻപോകുന്ന സാഹസകൃത്യം! തന്മൂലം പ്രിയജനങ്ങൾക്കു താൻ വരുത്തിവയ്ക്കുന്ന യാതനകളും വേദനകളും അപമാനങ്ങളും. അതൊരു ഘോരമായ കട്ടംകൈയും, നീചമായ കൃതഘ്നതയുംതന്നെയായി അവരെ

ണ്ണും. പക്ഷെ അതുകൂടാതെ നിവൃത്തിയില്ല. തൻെറ ആത്മ നാഥൻ തന്നിൽനിന്നാവശ്യപ്പെടുന്ന ഈ മഹാത്യാഗത്തിനു താനൊരിക്കലും വിമുഖത കാണിക്കയില്ല. അതു നിഷേധിക്കു ന്നതിനേക്കാൾ ആയിരമായിരം ജീവൻതന്നെ ഹോമിക്കുവാൻ താനൊരുക്കമാണ്. "എന്നെക്കാൾ കൂടുതലായി പിതാവിനേ യോ മാതാവിനേയോ സ്നേഹിക്കുന്നവൻ എനിക്കർഹനല്ല" (വി. മത്തായി x. 37) എന്നാണല്ലോ ദിവ്യഗുരു പഠിപ്പിക്കു ന്നതു്. ആ ലോകൈകനാഥനെ അനുപദം അനുകരിക്കുവാൻ ഇഹത്തിൽ തനിക്കുള്ളതു സകലതും വെടിയേണ്ടതു് ആവശ്യമാ ണല്ലോ. ഈ വിരഹം വേദനാജനകംതന്നെ. പക്ഷെ വാന ദൂതന്മാരുടെ സ്നേഹബഹുമാനങ്ങൾ പരിത്യജിച്ചവനാണ് തൻെറ നാഥൻ. അവിടുത്തെ പീഡാനുഭവത്തിൻെറ തലേ രാ ത്രിയിൽ, ലോകത്തിലുള്ള സകല മാതാക്കളേയുംകാൾ പ്രിയ ങ്കരിയായ പരി. അമ്മയോടു യാത്രപറഞ്ഞു് ആ മാതാവിനെ കദനക്കടലിലാഴ്ത്തിയതു് സ്നേഹശൂന്യതകൊണ്ടായിരുന്നോ! ലോകോദ്ധാരണത്തിനു് അതു് അവശ്യം ആവശ്യമായിരുന്നു. സമുദ്ധാരണകർമ്മത്തിൽ അവിടുത്തെ സഹകാരികളാകേണ്ട വക്കും ഈദൃശത്യാഗം അനുപേക്ഷണീയമാണ്. താൻ യഥാ ൎത്ഥത്തിൽ മര്യാദപൂർവ്വം സകലരോടും യാത്രപറഞ്ഞു് ഏവരു ടേയും ആശംസകളോടുകൂടിത്തന്നെ പോകുമായിരുന്നു. പക്ഷെ തൻെറ പിതൃജനങ്ങൾ അതിനൊന്തെല്ലാം പ്രതിബന്ധങ്ങൾ സൃ ഷ്ടിക്കും. ഹോ! ഭൗതികബന്ധത്തിൽ കുരുക്കിയിടാൻ അവർ പെടുന്ന പാടു്! എന്നിങ്ങനെ ആയിരമായിരം ചിന്തകൾ അ വളുടെ മനസ്സിൽ തിങ്ങിക്കൂടുകയായി. "ഞാനവിടെ എത്തു ന്നതുവരെയും ആരുമാരുമറിയാതിരുന്നെങ്കിൽ!" അവളാശിച്ചു. ജനാലയിൽക്കൂടി അവൾ പുറത്തേയ്ക്കുനോക്കി. നീലവിഹായ സ്സിൽ പുഞ്ചിരിതൂകിനില്ക്കുന്ന ലക്ഷോപലക്ഷം താരകകന്യക കൾ തന്നെ ക്ഷണിക്കുന്നതായി അവൾക്കുതോന്നി. അമ്പിളി ക്കലയിൽനിന്നു് ഒഴുകിവീഴുന്ന ചന്ദ്രിക ക്ലാരയുടെ സമീപത്തേ യ്ക്കു് ആശംസകളരുളാനായി എത്തിക്കഴിഞ്ഞു. പാത്തുപാത്തു

പുറത്തുനിന്ന പാതിരാക്കാററ് അകത്തേയ്ക്കുകയറി അവളെ തലോടിത്തണുപ്പിച്ചു. തങ്ങളുടെ സ്രഷ്ടാവിനെ ആത്മനാഥനായി വരിക്കുന്നതിൽ അവയ്ക്കെല്ലാം തന്നോടു സ്നേഹമേയുള്ളു. ഇനി ആരെങ്കിലും എതിർത്തുകൊള്ളട്ടെ. "ആയിരങ്ങളിൽനിന്നും പതിനായിരങ്ങളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ടവനാകുന്നു എൻെറ പ്രിയൻ. രക്തസാക്ഷിണികളായ ആഗ്നസ്സും, സിസിലിയും, ലൂസിയും, കത്രീനായും മററനവധി പുണ്യവതികളും തങ്ങളുടെ കന്യാത്വം അഭംഗം പരിരക്ഷിക്കപ്പെടുവാൻ ആരാച്ചാരുടെ വാളിനു തങ്ങളുടെ ശിരസ്സ് ഊണാക്കിത്തീർത്തുവെങ്കിൽ എൻെറ ഈ പ്രവൃത്തി എത്ര നിസ്സാരം!" ഇതിനിടയ്ക്ക് അവളൊരു മണവാട്ടിയെപ്പോലെ അണിഞ്ഞൊരുങ്ങിക്കഴിഞ്ഞു. കോഴി കൂവി. പച്ചിഫിക്കാഗ്വൽഫൂച്ചി വാതില്ക്കലെത്തി. രണ്ടുപേരുംകൂടി അതിവേഗം പോർഷ്യങ്കളായെ ലക്ഷ്യമാക്കിച്ചെയ്യുന്ന ആ ഒളിച്ചോട്ടമാണ് ഒന്നാമദ്ധ്യായത്തിൽ നാം കണ്ടതു്.

അങ്ങകലെ എതാനും ദീപങ്ങളുടെ പ്രകാശം കാണപ്പെട്ടു. ആശയുടെ പൊൻകതിരുകൾ ക്ലാരയുടെ മാനസവേദിയിലും പ്രകാശിച്ചു. ഇനി ആശങ്കയ്ക്കു വകയില്ല. ഉത്ക്കണ്ഠകളെല്ലാം മാഞ്ഞു മറഞ്ഞു. അതാ, ആ യുവതിടമ്പ് നിർദ്ദിഷ്ടസ്ഥാനത്തെത്തിക്കഴിഞ്ഞു. ദീപവാഹകന്മാരായ സഹോദരന്മാരുടെ ശ്രുതിമധുരമായ ഗാനാലാപം അർദ്ധരാത്രിയുടെ പ്രശാന്തതയെ ഭഞ്ജിച്ചു. ഗായകസംഘം മുന്നോട്ടുവന്ന് ക്ലാരയെ എതിരേററ് വിവാഹവേദിയിലേയ്ക്കു് ആനയിച്ചു.

അവൾ വികാരവിവശയായി സ്വർഗ്ഗീയനാഥയുടെ പീഠത്തിൽ മുട്ടുകുത്തി. അവളുടെ നയനങ്ങൾ ഉജ്ജ്വലിച്ചു. "എന്താണാഗ്രഹിക്കുന്നതു്?" ഫ്രാൻസിസ് ചോദിച്ചു. "കാലിത്തൊഴുത്തിലേയും കാൽവരിയിലേയും ദൈവത്തെ." ദൃഢസ്വരത്തിൽ അവൾ പ്രതിവചിച്ചു. ഉത്തരക്ഷണത്തിൽ വില

പ്പെട്ട പട്ടുവസ്ത്രങ്ങളും, രത്നാഭരണങ്ങളും അവാം ഊരിമാററി. മുളലമോഹനമായ ചകലാസുവസ്ത്രങ്ങാംക്കും രത്നഖചിതമായ കനകകാഞ്ചിക്കുംപകരം തവിട്ടുനിറത്തിലുള്ള പരുക്കൻകുപ്പായവും ഒരു കനത്ത ചരടും അവാം ധരിച്ചു. അവളുടെ ചുരുണ്ട നീണ്ട തലമുടി കത്രികയുടെ ഒരു ചലനഗതിയിൽ അറുത്തെറിയപ്പെട്ടു. തോലുപോലെ കട്ടിയുള്ള ഒരു ശിരോവസ്ത്രത്താൽ ശിരസ്സുമൂടി. കഴുത്തിലൊരുമരക്കുരിശ്ശു് അവളണിഞ്ഞു. മണവാളൻെറ സമ്മാനങ്ങളായ മംഗല്യവസ്ത്രാഭരണങ്ങാം! അവാം അത്യധികം കൃതകൃത്യയായി. പൊട്ടിവിരിയുന്ന ഒരുപുഷ്പംപോലെ അവളുടെ മുഖംപ്രസന്നമായി. ആത്മാത്ഥതയോടുകൂടി അവാം വ്രതവാചകംഉരുവിട്ടു. മായാവലയിൽ കുരുങ്ങി വീർപ്പുമുട്ടുന്നവരെ വെല്ലുവിളിച്ചുകൊണ്ടുള്ള അവളുടെ ഈ സമർപ്പണംകണ്ടു് വാനാരൂപികാം ഒരു നവ്യഗീതം ആലപിച്ചു. ഉഷഃകാലതാരമായ സ്വർഗ്ഗരാജ്ഞിയുടെ ദൈവാലയത്തിൽവച്ചുനടന്ന ഈ മംഗല്യോത്സവം കാണാൻ പ്രഭാതനക്ഷത്രം കിഴക്കുനിന്നു് ഉററു നോക്കി. ഒരു കുഞ്ഞിക്കാററു് പൂമണവും പേറിവന്നു് ഈ പുതുമണവാട്ടിയെ പുളകമണിയിച്ചു. പൂമരങ്ങാം പുഷ്പാർച്ചനചെയ്തു. പൂങ്കോഴികാം കാഹളമൂതി. പ്രസന്നയായ പ്രകൃതിദേവി പുഞ്ചിരിതൂകി നൃത്തമാടി. അങ്ങനെ ആ കുലാംഗനയുടെ വിവാഹം സമംഗളം നടന്നു.

ക്ലാർ സാഷ്ടാംഗംവീണു് ദൈവത്തെ സ്തുതിച്ചു. "സകല ജാതികളെ കത്താവിനെ സ്തുതിക്കുവിൻ. സകല സൃഷ്ടിജാലമെ, അവിടുത്തെ പ്രകീത്തിക്കുവിൻ" എന്നു് ആത്മാത്ഥതയുടെ തികവിൽനിന്നു് അവളുടെ അധരങ്ങാം മന്ത്രിച്ചു.

ദൈവാലയത്തിൽനിന്നു പുറത്തേയ്ക്കുവന്ന ക്ലാരയുടെ മുഖാരവിന്ദത്തിൽ കൃതാത്ഥതയുടെ ഒരു മധുരമന്ദഹാസം നിഴലിച്ചു. "എൻെറ ആത്മാവു സ്നേഹിച്ചവനെ ഞാൻ കണ്ടെത്തി" (പാട്ടുഃ പാട്ടു് III. 4) എന്നുള്ളതു് അവളുടെ മുഖത്തു വ്യക്തമായിരു

ന്നു. ഫ്രാൻസിസും ശിഷ്യഗണവും ക്രിസ്തുവിൻെറ ആ
മണവാട്ടിയെ അനുമോദിച്ചു. "ശക്തനായവൻ വലിയ കാ
ര്യങ്ങൾ തൻെറ ദാസരിൽ പ്രവർത്തിക്കുന്നു." (വി. ലൂക്കാ I. 49)
കണ്ണുകൾ സ്വർഗ്ഗത്തിലേയ്ക്കുയർത്തിക്കൊണ്ടു് അദ്ദേഹം പറഞ്ഞു.
ക്ലാര ആ പുണ്യപുരുഷൻെറ പാദത്തിൽ മുട്ടുകുത്തി. കൃതജ്ഞത
യോടെ അവൾ അദ്ദേഹത്തെ നോക്കി. "മകളെ, നന്ദി ദൈ
വത്തിനു്" അദ്ദേഹം പറഞ്ഞു. ഗ്വൽഫൂച്ചിക്കും, റഫീനോ
സഹോദരനുമുണ്ടായ ആനന്ദത്തിനു് അതിരില്ലായിരുന്നു.
ഗ്വൽഫൂച്ചിയും ക്ലാരയോടൊത്തു സന്യാസവസ്ത്രം ധരിച്ചു.

അധികം താമസിയാതെതന്നെ കന്യകകളെ വി. പൗലോ
സിൻെറ ബനഡിക്ടൻ മഠത്തിലേയ്ക്കു് ഫ്രാൻസിസും രണ്ടുസ
ഹോദരന്മാരുംകൂടി ആനയിച്ചു. "കർത്താവു് എൻെറ ഇടയ
നാകുന്നു. എനിക്കു് ഒരുനാളും കുറവുണ്ടാകയില്ല." (22-ാംസ
ങ്കീർത്തനം) എന്നുതുടങ്ങുന്ന സങ്കീർത്തനം ഫ്രാൻസിസ് പിതാവു്
വഴിയിൽവച്ചു മധുരമായി ആലപിക്കുന്നതുകേട്ടപ്പോൾ വരാൻ
പോകുന്ന പ്രചണ്ഡമാരുതനെപ്പററിയുള്ള ഉത്കണ്ഠ ഏവരിലും
നിന്നകന്നു. "ദൈവം ബാക്കി നോക്കിക്കൊള്ളും" മടങ്ങി
പ്പോകുന്നതിനുമുമ്പു് ഫ്രാൻസിസ് ഉപദേശിച്ചു. ആ വാക്കു
കൾ കന്യകകളെ ഉന്മേഷവതികളാക്കിത്തീർത്തു.

# 8

# പ്രലോഭനങ്ങൾ

"ഷേഫിയിലെ മോഹനാംഗി അപ്രത്യക്ഷയായിരിക്കുന്നു." അശുഭകരമായ ഈ വാർത്താശ്രവണത്തോടുകൂടിയാണ് അസ്സീസിനിവാസികൾ പ്രഭാതം ദർശിച്ചതു്. പരിഭ്രാന്തിയുടേയും ഭീതിയുടേയും നർത്തനരംഗമായിമാറി ഷേഫീകൊട്ടാരം. തങ്ങളുടെ വാത്സല്യഭാജനത്തിന്റെ അന്തർദ്ധാനത്തിൽ ആ മാതാപിതാക്കന്മാരനുഭവിച്ച വ്യഥാഭാരം! ഒർത്തലോന ബോധരഹിതയായി നിലംപതിച്ചു. സങ്കടവും ലജ്ജയും കോപവും സഹിക്കാനാവാതെ ഫേവറീനോപ്രഭു ഇതികർത്തവ്യതാമൂഢനായിച്ചമഞ്ഞു. ആഗ്നസും, ബിയാട്രീസും, മാർട്ടിൻകുഞ്ഞും വാവിട്ടു കരഞ്ഞു. "ചേച്ചീ, ചേച്ചീ," കരളലിയിക്കുന്ന ആ കരച്ചിൽ കാണികളേയും കരയിപ്പിച്ചുകളഞ്ഞു. മൊനാൾഡൊ കോപംകൊണ്ടു് അലറി. "അവളെ പിടിച്ചുകെട്ടി ഞാനിവിടെ കൊണ്ടുവരും." പല്ലുകൾ കൂട്ടിഞെരിച്ചുകൊണ്ടു് അയാൾ ശപഥംചെയ്തു. "അയ്യോ; കൊച്ചുകൊച്ചമ്മേ, എങ്കിലും ഇങ്ങനെ ചെയ്തല്ലോ. ഇതെന്തൊരു കഷ്ടകാലം! ഇങ്ങനെ പേരുദോഷം വരുത്തിയല്ലോ കൊച്ചമ്മേ;" ജൂലിററ് എണ്ണിഎണ്ണി പറഞ്ഞു കരയുകയാണു്. അപ്പോഴാണു് അവളോർത്തതു് ഒരു രാജകുമാരന്റെ കാര്യം ക്ലാര പറഞ്ഞതു്. "അയ്യോ! അതാരായിരിക്കാം. ജർമ്മൻ ചക്രവർത്തിയുടെ മകനോ? അതോ ഫ്രാൻസിലെ രാജകുമാരനൊ? ഇംഗ്ലണ്ടിലെ ഹെൻട്രി രാജപുത്രനോ? എനിക്കൊന്നും അറിഞ്ഞുകൂടാ. എന്നാൽപ്പിന്നെ നേരത്തെ പറയാൻ പാടില്ലായിരുന്നോ? നേരേ ചൊവ്വിനു കാര്യം നടത്താമായിരുന്നില്ലേ? ആ ഗ്വാൽഫ്രൂച്ചികൊച്ചമ്മയുമായുള്ള കൂട്ടുപിടുത്തമാണു് കൊച്ചുകൊച്ചമ്മയെ ഭ്രാന്തുപിടിപ്പി

ച്ചതു്. ആ പച്ചിഫിക്കായേയും കാണാനില്ലല്ലോ. ഒക്കെ നശിച്ചവശ്ശം. ദുഷ്ടകഠം!" പരിചാരകന്മാർ നാലുപാടും ഓടി. അസ്സീസിനിവാസികഠം ആശ്ചര്യസ്തബ്ധരായി. "എത്രനല്ല കുഞ്ഞായിരുന്നു അതു്. ഇപ്പോഠം എന്തുപററി?" വൃദ്ധന്മാർ തമ്മിൽ പറഞ്ഞു. "ങ്ഗും, അങ്ങനെതന്നെ വരണം. ആ ഫേവറീനോയുടെ ഒരു ഡംഭ്. അയാഠംക്കു നമ്മോടൊക്കെ ഇടപെടുന്നതു് എന്തു മാനക്കേടായിരുന്നു. ഇപ്പോഴോ"? പ്രഭുക്കന്മാരല്ലാത്ത നാട്ടുപ്രമാണികഠം തട്ടിവിട്ടു. "ദേ.... കേട്ടില്ലേ; ഷേഫിയിലെ ആ പൂവാലിപ്പെണ്ണു് ഒളിച്ചോടിയേ...." കോമാളിപ്പിള്ളേർ കൂക്കുവിളിച്ചു. "അമ്പോ! ആ പെണ്ണിൻെറ പൂച്ചസന്യാസത്വമൊക്കെ പുറത്തുവന്നല്ലോ! സ്ത്രീകളുടെ മനസ്സുകണ്ടവർ ആരുണ്ടു്. അമ്പടീ; അവഠംക്കാ ഫെലിക്സിനെ പിടിച്ചില്ല പോലും, ഓടിയിരിക്കുന്നു ഏതോ പരട്ടയുടെ പുറകേ." നിരാശരായ ആ പണ്ടത്തെ ഭർത്തൃപദകാംക്ഷികഠം ഇങ്ങനെ പല അസഭ്യങ്ങളും പറഞ്ഞു. "എടീ, ഫ്ളോറീ, നമ്മുടെ ക്ലാരയുടെ ഭക്തിയൊക്കെ എവിടെപ്പോയി! വൃത്തികെട്ടവഠം. അവളെപ്പോലെയുള്ള പുണ്യമൊന്നും നമുക്കില്ലെങ്കിലും ഇതുപോലെ അധഃപതിക്കയില്ല." കൂട്ടുകാരികഠം വമ്പുപറഞ്ഞു. "ഓ! കനകംപോലെയിരുന്ന ആ കുഞ്ഞിനെ ആരാണ്ടു തെമ്മാടികഠം തട്ടിക്കൊണ്ടുപോയല്ലോ. ഇനി നമ്മുടെ മക്കളെയൊക്കെ വല്ല അറയ്ക്കകത്തും പൂട്ടിയിടണം." സ്ത്രീകളുടെയിടയിലുള്ള അഭിപ്രായഗതിയാണു്. "അയ്യോ! എന്താണീ കേഠംക്കുന്നതു്? നമ്മുടെ കൊച്ചുതമ്പുരാട്ടി! പാവം! എന്നാപററി? ഞങ്ങഠം വിശ്വസിക്കയില്ല." ക്ലാരയുടെ ആത്മമിത്രങ്ങളായ സാധുജനങ്ങഠം മുറവിളികൂട്ടി. അഭിപ്രായങ്ങളുടെ കൂത്തരംഗായി അസ്സീസിനഗരം. അസ്വസ്ഥതയും ആകുലതയും അങ്ങോളമിങ്ങോളംതിരതല്ലി. പരിചാരകനായ ആൽബർട്ടു് അതിശീഘ്രം പായുകയാണു്. "എടാ! ആ കുഞ്ഞു ദേ, അങ്ങോട്ടെങ്ങാനും പോയോ എന്നൊന്നു് അന്വേഷിക്കു്" തെക്കുപടിഞ്ഞാറോട്ടു

വിരൽചൂണ്ടിക്കൊണ്ടു് ഒരു വൃദ്ധൻ ആൽബർട്ടിനു് ആലോചന കൊടുക്കുകയാണു്. "അവിടെ മാളികഗോപുരങ്ങളൊന്നുമില്ല ല്ലോ അപ്പാപ്പാ," ആൽബർട്ടു് മറുപടി കൊടുത്തു. "മോനെ, അവിടെ മാലാഖമാർ പണ്ടു പാട്ടുപാടിയിരുന്ന ഒരു പള്ളിയി ല്ലേ? പിന്നെ കുറച്ചുമാറി ഒരു മഠവും ഉള്ളതു് അറിഞ്ഞുകൂടെ? "എനിക്കറിയാം. പക്ഷേ കൊച്ചമ്മ ഈ കാട്ടുവഴിയിൽക്കൂടി അ വിടെയൊക്കെ പോയിട്ടെന്തിനാണു്.?" ആൽബർട്ടിനു കാടു തപ്പാനൊരു മടി. മഠത്തിലും മററും അവളെ കാണുമെന്നു് ആൽബർട്ടു് വിശ്വസിക്കുന്നുമില്ല. "അല്ല മോനേ, നീ ചെ ന്നൊന്നു നോക്കു." പോർസ്യൂങ്കലായിലെ ആ കൊച്ചുപള്ളി യിൽ പ്രാർത്ഥിക്കാൻ പോകാറുണ്ടായിരുന്ന കിഴവൻ പലപ്പോ ഴും അവളെ അവിടെവച്ചു കണ്ടിട്ടുള്ളതാണു്. അതാണിത്രമാ ത്രം നിർബന്ധിക്കുന്നതു്. ആൽബർട്ടു് ആശയോടെ അങ്ങോ ട്ടോടി. പള്ളിയിലും പരിസരത്തും നോക്കി. കണ്ടില്ല "ആ മഠത്തിലുംകൂടി ഒന്നന്വേഷിച്ചേക്കാം" അവൻ അവിടെച്ചെ ന്നപ്പോളറിഞ്ഞു തങ്ങളുടെ സ്വാമിനിയുടെ കോമള കളേബ രം ആ കഷായവേഷത്തിനുള്ളിൽ ഒളിക്കപ്പെട്ടുവെന്നു്!!! ഷേ ഫിയുടെ അഭിമാനഭാജനത്തിൽവന്ന ഈ മാററം ആൽബർട്ടി നെ ഞെട്ടിപ്പിച്ചുകളഞ്ഞു. സമയം ഒട്ടുംകളയാതെ അവൻ വായുവേഗത്തിൽ തിരിഞ്ഞോടുകയാണു്. നമ്മുടെ വൃദ്ധൻ കാത്തുനില്ക്കുന്നുണ്ടുവഴിയിൽ. "എന്തായി മോനെ", അയാ ൾക്കു് അതിയായ ഉത്ക്കണ്ഠയുണ്ടു്. "ഒണ്ടു്, ഒണ്ടു്, അയ്യോ! ഞങ്ങളുടെ കൊച്ചുകൊച്ചമ്മ കന്യാസ്ത്രീയായെന്നേ" ആൽ ബർട്ടിനു സഹിക്കാൻ പാടില്ല. "ഞാൻ പറഞ്ഞില്ലേ മോനെ അതു് ഒരു ദൈവപേടിയുള്ള കൊച്ചാണു്" വൃദ്ധൻ പറയുന്ന തു കേട്ടുകൊണ്ടുനില്ക്കാൻ ആ ഭൃത്യനു ക്ഷമയില്ല. ആൽബർ ട്ടിൽനിന്നു വിവരമറിഞ്ഞ നഗരവാസികൾ വീണ്ടും ആശ്ചര്യ ത്തിനു് അധീനരായി. വിമർശനപടുക്കളുടെ അഭിപ്രായങ്ങ ളെല്ലാം പെട്ടെന്നു് മറെറാന്നായി മാറിക്കഴിഞ്ഞു. "അയ്യോ!

കഷ്ടം! ആ പെണ്ണിൻെറ സൗന്ദര്യമെല്ലാം പാഴാക്കിയെന്നോ! ഛേ! അവളാ ചാക്കടപ്പിനുള്ളിൽ ജീവിതം കഴിച്ചുമൂടിയല്ലോ!" പരിഹാരജീവിതത്തിൻെറ അൎത്ഥം ഗ്രഹിക്കാൻകഴിയാതെ അവർ പരിതാപം പ്രകടിപ്പിച്ചു. അവരുടെ നിരാശയ്ക്കു് അതിരില്ലായിരുന്നു. വിലപിച്ചിരുന്ന ഒത്തലോന ആൽബർട്ടിൻെറ ആഗമനത്തോടെ പിടഞ്ഞെഴുന്നേററു. തൻെറ പുത്രിയുടെ സവിധത്തിലേയ്ക്കു പറന്നെത്താൻ ആ മാതൃഹൃദയം കുതികൊണ്ടു. ഫേവറീനോ ചാടിയിറങ്ങി. പക്ഷേ മൊനാൾഡൊ "ജ്യേഷ്ഠാ, ഞാൻ പൊയ്ക്കൊള്ളാം. അവളെ ഇവിടെ പിടിച്ചുകെട്ടികൊണ്ടുവന്നില്ലെങ്കിൽ ഈ മൊനാൾഡൊ പുരുഷനല്ല" എന്നു ഗർജ്ജിച്ചു. മൊനാൾഡൊയും ഒത്തലോനയും അതിവേഗം ബെനഡിക്ടൻ മഠത്തിലെത്തിക്കഴിഞ്ഞു. വരാൻ പോകുന്ന കൊടുങ്കാററിൽ ശക്തിയും സ്ഥൈര്യവും ലഭിക്കാൻവേണ്ടി ക്ലാര ദിവ്യകാരുണ്യനാഥൻെറ സന്നിധിയിൽ മുട്ടുകുത്തി നില്ക്കുകയായിരുന്നു. ഒത്തലോനയുടെ സ്നേഹാർദ്രമായ സൂക്ഷ്മദൃഷ്ടികൾ ആ പരുക്കൻവസ്ത്രത്തിനുള്ളിൽ മറയപ്പെട്ട സ്വപുത്രിയെ അതിവേഗം തിരിച്ചറിഞ്ഞു. സ്ഥലത്തിൻെറ ഭദ്രതയും പാവനതയും മറന്നുകൊണ്ടു് ആ അമ്മ വാവിട്ടുകരഞ്ഞുപോയി. "ഇറങ്ങു വേഗം" മൊനാൾഡൊ വാതില്ക്കൽനിന്നലറി. "മകളേ, നീ വേഗം ഞങ്ങളുടെകൂടെ മടങ്ങിപ്പോരിക. നിൻെറ അപ്പച്ചൻ വേദനകൊണ്ടു വിവശനായിത്തീൎന്നതു നീ അറിയുന്നുണ്ടോ? നിൻെറ സഹോദരികളുടേയും കുഞ്ഞുമാർട്ടിൻേറയും കരച്ചിലും, പരിചാരകവൃന്ദത്തിൻെറ മുറവിളിയും നീ കേൾക്കുന്നുണ്ടോ? നിൻെറ ഭക്തകർമ്മങ്ങൾക്കോ ഏകാന്തതയ്ക്കോ ഞങ്ങൾ ഭംഗം വരുത്തിയോ കുഞ്ഞേ? നിൻെറ ഈ വിരഹം എന്നെ അതിവേഗം മരണവക്ത്രത്തിലെത്തിക്കുമെന്നു നീ ചിന്തിക്കുന്നുണ്ടോ". കരളലിയിക്കുന്ന ആ കരച്ചിലും പരിദേവനങ്ങളും ക്ലാരയുടെ ഹൃദയത്തെ വല്ലാതെ വേദനിപ്പിച്ചു. മാതൃസ്നേഹത്തിൻെറ വശീകരണത്തിൽപ്പെട്ടു തൻെറ ദൃഢനിശ്ചയത്തിനു് ഇളക്കംവരാതിരിക്കാൻവേണ്ടി അവൾ ബലിപീഠത്തിൻെറ തു

ങ്ങളിൽ മുറുകെ പിടിച്ചു. അവളുടെ കണ്ണുകഠം പീഠത്തിൻെറ മദ്ധ്യത്തിൽ സ്ഥാപിക്കപ്പെട്ടിരുന്ന വി. പൗലോസിൻെറ പ്രതിമയിൽ പതിഞ്ഞു. "ക്രിസ്തുവിൻെറ സ്നേഹത്തിൽനിന്നു് ആരെന്നെ വേർപെടുത്തും" എന്നു് ആ അപ്പസ്തോലൻ പറയുന്നതുപോലെ അവഠംക്കുതോന്നി. അവഠം ഉറക്കെ പറഞ്ഞു. "അമ്മച്ചീ, ഞാൻ ക്രിസ്തുവിൻേറതാണു്." "എടീ, നിന്നോടു വേഗം വീട്ടിലേയ്ക്കു പോരാനല്ലേ പറഞ്ഞതു്" മൊന്നാംമ്ഠൊ കോപം കൊണ്ടു വിറയ്ക്കുകയാണു്. ക്ലാര തൻെറ മുണ്ഡിതശിരസ്സുകാണിച്ചുകൊണ്ടുപറഞ്ഞു. "എൻെറ വ്രതവാഗ്ദാനം അഭംഗമാണു്. ക്രിസ്തുവിൻെറ സ്നേഹത്തിൽനിന്നു് എന്നെ വേർപെടുത്താൻ ആക്കും സാദ്ധ്യമല്ല." അവളിന്നൊരു വ്രതവാഗ്ദാനം ചെയ്ത സന്യാസിനിയാണെന്നും തൻെറമേൽ മെത്രാനല്ലാതെ മററാക്കും, സ്വന്തം മാതാപിതാക്കന്മാർക്കുപോലും, യാതൊരധികാരവും പ്രയോഗിക്കാൻ സാദ്ധ്യമല്ലെന്നുമായിരുന്നു ആ പ്രവൃത്തികൊണ്ടു് അവഠം വ്യക്തമാക്കിയതെന്നു് അവർക്കു ബോദ്ധ്യമായി. അവളുടെ അചഞ്ചലമായ നിശ്ചയദാർഢ്യവും അകളങ്കമായ ഹൃദയവിശുദ്ധിയും അവരെ പരാജിതരാക്കികളഞ്ഞു. "അമ്മച്ചീ, അധികം താമസിയാതെ അങ്ങും എൻെറകൂടെ വരും" ക്ലാര പറഞ്ഞു. തങ്ങളുടെ പരിശ്രമം വിഫലമായതിൽ മൊന്നാംമ്ഠൊയ്ക്കുണ്ടായ ലജ്ജയും കോപവും നിരാശയും അപാരമായിരുന്നു. അദ്ദേഹത്തിൻെറ ജീവിതത്തിൽ നേരിട്ട ആദ്യത്തെ പരാജയമായിരുന്നു അതു്. എങ്കിലും അയാഠം തോല്ക്കാൻ ഭാവമില്ല. "നീ പോരുന്നില്ലെങ്കിൽ വേണ്ട. നിൻെറസ്വത്തു് ഒന്നുകിൽ പരിത്യജിക്കണം. അല്ലെങ്കിൽ അതു് കുടുംബാംഗങ്ങളിൽ ആക്കെങ്കിലും നൽകണം" അയാഠം ആവശ്യപ്പെട്ടു. "സാദ്ധ്യമല്ല. അതെനിക്കുതന്നെ വേണം. സാധുക്കഠംക്കു് അതുമുഴുവൻ വിതരണംചെയ്യണമെനിക്കു്". അവളുടെ ഔദ്ധാര്യത്തിൻെറ മുമ്പിൽനിന്നു വിലപേശാൻ അയാളുടെ അഭിമാനം സമ്മതിച്ചില്ല. "കാലത്തിൻെറ മാററം അവളിൽ പരിവത്തനം വരുത്തിക്കൊള്ളും. ഏതായാലും ഗ്വീദോമെത്രാൻെറ പക്കൽ

ച്ചെന്നു് വ്രതത്തിൽനിന്നു് ഒഴിവാകാമോ എന്നു ഞാനൊന്നു നോക്കട്ടെ.” അയാളുടെ രോഷം കെട്ടടങ്ങിയില്ല. ഭഗ്നാശരായ അവർ നേരെ പോയതു് മെത്രാസനത്തിലേയ്ക്കായിരുന്നു. ആ വൈദികാദ്ധ്യക്ഷൻ അതു പ്രതീക്ഷിച്ചിരുന്നതുതന്നെയാണു്. അദ്ദേഹത്തിന്റെ യുക്തിപൂർവ്വമായ പ്രത്യുത്തരം മൊനാൾഡൊയുടെ കോപാഗ്നിയെ തെല്ലൊന്നു ശമിപ്പിച്ചു. ഒർത്തലോനയുടെ വ്യഥാഭാരം അതുകൊണ്ടും അടങ്ങിയില്ല. “പ്രഭോ, നിങ്ങൾക്കു ലഭിച്ച ആ ദിവ്യവെളിപാടു് ആദ്ധ്യാത്മികമായ അർത്ഥത്തിൽ വ്യാഖ്യാനിക്കേണ്ടതാണു്. ക്ലാര വലിയ കാര്യങ്ങൾക്കായി ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ട ഒരു ആത്മാവാണു്”. ക്രമേണ അവർ ശാന്തമായി. ക്ലാരയെ തന്റെ ദൃഢനിശ്ചയത്തിൽനിന്നു വ്യതിചലിപ്പിക്കുവാൻ ഈ ലോകശക്തികൾക്കൊന്നും സാദ്ധ്യമല്ലെന്നും ദൈവത്തിന്റെ പ്രവർത്തനങ്ങൾക്കു താൻ വിഘാതമുണ്ടാക്കയില്ലെന്നും അദ്ദേഹം അവരോടു് ഉറപ്പിച്ചു പറഞ്ഞു. രൂപതാദ്ധ്യക്ഷന്റെ സ്നേഹപൂർവ്വമായ ഉപദേശങ്ങളും സമാശ്വാസവചനങ്ങളും അവരെ സമാധാനചിത്തരാക്കി. ആകയാൽ ശാന്തമായി അവർ വീട്ടിലേക്കു മടങ്ങി.

വി. പൗലോസിന്റെ ബനഡിക്ടൻമഠത്തിലുള്ള ക്ലാരയുടെ ജീവിതം അത്ര സുരക്ഷിതമല്ലെന്നും സുശക്തമായ മനസ്സന്നദ്ധതയെപ്പോലും ഉലയ്ക്കുന്ന പ്രലോഭനങ്ങൾ ഇനിയുമുണ്ടാകുമെന്നും ഫ്രാൻസിസു് വിവേകപൂർവ്വം കണ്ടു. രണ്ടുമൈൽ അകലെയുള്ള ആഞ്ചലോഡ് പാൻസോയിലുള്ള മറെറാരു ബനഡിക്ടൻ മഠത്തിലേയ്ക്കു് അദ്ദേഹം അവരെ മാററിത്താമസിപ്പിച്ചു.

നോമ്പുകാലം വേഗം കടന്നുപോയി. ഉയിർപ്പുതിരുനാളിനെത്തുടർന്നു പുതുഞായറാഴ്ച വന്നു. ക്ലാരയുടെ ജ്യേഷ്ഠസഹോദരിയായ ആഗ്നസു് ആരുമറിയാതെ കൊട്ടാരത്തിൽനിന്നിറങ്ങി ക്ലാര താമസിച്ചിരുന്ന മഠത്തിലെത്തി. “ചേച്ചി, എനിക്കും

ദൈവത്തെ സേവിക്കണം." അവരം ദൃഢസ്വരത്തിൽ പറഞ്ഞു. തൻെറ ഇളയ സഹോദരിക്ക് അവിടുത്തെ സേവനത്തിനുള്ള ഔത്സുക്യം ഉണ്ടാകണമെന്നു ക്ലാര ആഗ്രഹിക്കുകയും പ്രാത്ഥിക്കുകയും ചെയ്തിരുന്നു. കൂടാതെ ചാരിത്ര്യത്തിൻേറയും, ദാരിദ്ര്യത്തിൻേറയും അമോഘമായ ഔന്നത്യത്തെപ്പററി ആ കുഞ്ഞനുജത്തിയോട് അവരം വീട്ടിൽവച്ചു പലപ്പോഴും പറഞ്ഞിരുന്നു. അപ്പോഴെല്ലാം അവളിൽ പ്രകടമായിരുന്ന ഭക്തിപ്രചുരിമയും വികാരവായ്പും ക്ലാര കാണാറുണ്ടായിരുന്നു. ആ കുമാരിയുടെ ആഗമനം ക്ലാരയെ അതിമാത്രം ആനന്ദിപ്പിച്ചു. "വരൂ ആഗ്നസ്, നമുക്കൊരുമിച്ച് ഈശോയുടെ ദാഹം ശമിപ്പിക്കാനായി പ്രയത്നിക്കാം. കന്യകകളുടെ മണവാളൻ സഹോദരിയുടെ നെററിത്തടത്തിൽ പതിച്ചിരിക്കുന്ന പ്രേമചുംബനങ്ങരം ലോകത്തിൻെറ സമ്പക്ത്താൽ മലിനമാകാനിടയാകാതെ കാത്തുകൊണ്ടതിനു് അവിടുത്തെ നമുക്കു സ്തുതിക്കാം."

ക്ലാരയുടെ ഒളിച്ചോട്ടത്തോടുകൂടി ഹൃദയത്തിലുണ്ടായ മുറിവു കരിഞ്ഞുതുടങ്ങുന്നതേയുള്ളു. ഈ രണ്ടാമത്തെ പലായനവും കൂടിയായപ്പോരം ഫേവറീനോ പ്രഭൃതികരം അങ്ങേയററം രോഷാകുലരായി. പ്രഭുകുലം ഒന്നടങ്കം ഇളകിവശായിക്കഴിഞ്ഞു. "റഫീനോയാണെങ്കിൽ സാധുസന്യാസസംഘത്തിൽ ചേന്നു. സുന്ദരിയായ ക്ലാര ഒളിച്ചോടി. ഇതാ മൂന്നാമതും ഒരുത്തി ആ ഭിക്ഷുസംഘത്തിലെ അംഗമാകാൻ ഓടിയിരിക്കുന്നു. ഈ ദുർദ്ദശയ്ക്കു് ഒരറുതി വരുത്തുകതന്നെ. പ്രഭുക്കന്മാരോടു കളിക്കുന്നതിൻെറ ഫലം ലോകം അറിയണം. ഇനി നമുക്കു ഗ്വീദോമെത്രാനേയും ഫ്രാൻസിസിനേയും ഒന്നും നോക്കേണ്ട കാര്യമില്ല. മേലിൽ ഇത്തരം തോന്ന്യാസങ്ങരം തുടരാതിരിക്കത്തക്കവണ്ണം വേണ്ടതു പ്രവത്തിക്കണം." മൊനാരംഡൊയുടെ നേതൃത്വത്തിൽ ചേന്ന ആ ആലോചനാസംഘത്തിൽ പ്രഭുക്കന്മാരെല്ലാം ഏകസ്വരത്തിൽ ശപഥംചെയ്തു. "ആഗ്നസിനെ, ജീവനോടെ സാധിച്ചില്ലെങ്കിൽ കൊന്നിട്ടെങ്കിലും തിരിച്ചുകൊണ്ടുവരണം".

മൊനാറംദൊയുടെ കണ്ഠത്തിൽനിന്നു മുഴങ്ങിയ ആ ഗംഭീരസ്വരം പ്രഭുക്കന്മാക്കെല്ലാം സ്വീകാര്യമായിരുന്നു. അങ്ങനെ പന്ത്രണ്ടു വീരശൂരന്മാരായ യോദ്ധാക്കൾ ആയുധപാണികളായി അണിനിരന്നുകഴിഞ്ഞു. നേതൃത്വം വഹിച്ചതു മൊനാറംദൊ തന്നെ. അവർ "ആഞ്ജലോദ്പാൻസോയിലേയ്ക്കു" അതിശീഘ്രംപാഞ്ഞുകഴിഞ്ഞു. ആവൃതിയിലേയ്ക്കുള്ള വാതിലുകളെല്ലാം ചവിട്ടിപ്പൊളിച്ചു് അവർ അകത്തുകടന്നു് ആഗ്നസിൻെറ തലമുടിക്കെട്ടിൽ പിടിച്ചു പുറത്തേയ്ക്കു വലിച്ചിഴച്ചു കൊണ്ടുപോയി. "ചേച്ചീ, ചേച്ചീ" എന്ന ദീനരോദനം കേട്ടുകൊണ്ടു് ഓടിവന്ന ക്ലാര കണ്ടതു തൻെറ സഹോദരിയുടെ മൃണാലമൃദുലമായ ശരീരം ആ കശ്മലന്മാർ കല്ലിലും മുള്ളിലുമിട്ടുവലിക്കുന്നതും അതിൽനിന്നു് രക്തം പ്രവഹിക്കുന്നതുമായിരുന്നു. അവളെ വിട്ടുതരണമെന്നു ക്ലാര കേണപേക്ഷിച്ചു. പക്ഷേ ചെന്നായ്ക്കളെപ്പോലെയുള്ള ആ പട്ടാളക്കാർക്കുണ്ടോ അനുകമ്പതോന്നുന്നു? ക്ലാര് ദിവ്യകാരുണ്യനാഥൻെറ പക്കലേയ്ക്കോടി. ഇതിനിടയ്ക്കു് ആഗ്നസിൻെറ വസ്ത്രത്തിൽ ഉടക്കിയ ഒരു മുള്ളു് എടുത്തുമാറവാൻ വേണ്ടി അവളെ അല്പസമയം നിലത്തുകിടത്തി. വീണ്ടും അവളെ പൊക്കിയെടുക്കാൻ അവർ ചെയ്ത ശ്രമങ്ങൾ വിഫലമാകുമാറ് അവളുടെ ഭാരം ദുർവഹമായിത്തീർന്നു. മൊനാറംദൊ കോപംകൊണ്ടു തുള്ളിച്ചാടി. ആ ധീരന്മാർ പന്ത്രണ്ടുപേരുംകൂടി ശ്രമിച്ചിട്ടും അവളെ ഒന്നനക്കുവാൻപോലും കഴിഞ്ഞില്ല. അവിടെ അടുത്തുണ്ടായിരുന്ന വയലുകളിൽനിന്നു കൃഷീവലന്മാരെ സഹായത്തിനു വിളിച്ചിട്ടും അവരുടെ ഉദ്യമം ഫലിച്ചില്ല. "ഈ കന്യാസ്ത്രീകൾ രാത്രിമുഴുവൻ ഈയംവിഴുങ്ങുകയായിരുന്നോ"? ഒരുവൻ അലറി. ഇത്രയുമായപ്പോൾ മൊനാറംദൊയുടെ കോപം പതിന്മടങ്ങു വർദ്ധിച്ചു. അയാൾ തൻെറ കരാളഖഡ്ഗം സ്വഭാഗിനേയിയുടെ മൃദുലമായ ഗളത്തെ ലാക്കാക്കി വീശി. പക്ഷേ രണനിപുണനായ ആ സൈന്യാധിപൻെറ കരം നിശ്ചേഷ്ടമാവുകയും വാൾ തെറിച്ചു തറയിൽ വീഴുകയുമാണുണ്ടായതു്. അയാളുടെ കരത്തിൽ ഭീകരമായി അനുഭവപ്പെട്ടവേദന സഹി-

ക്കാനാവാതെ ആ ധീരപുരുഷൻ ഉറക്കെകരഞ്ഞുപോയി. തത്ക്ഷണം ക്ലാര ആ രംഗത്തു പ്രത്യക്ഷപ്പെട്ട് "എൻെറ സഹോദരിയെ വിട്ടിട്ട് നിങ്ങളെല്ലാവരും ക്ഷണം പോകു" എന്ന് കല്പനാരൂപത്തിൽ പറഞ്ഞു. തികച്ചും ദിവ്യമായ ഒരാജ്ഞാശക്തി ആ വാക്കുകളിൽ പ്രതിധ്വനിച്ചു. രണ്ടാമതും ദൈവത്തോടെതിർത്തു പരാജിതനായ മൊനാൾഡൊ പശ്ചാത്താപരഹിതനായിതന്നെ, ഇരനഷ്ടപ്പെട്ട വ്യാഘ്രത്തെപ്പോലെ അലറിക്കൊണ്ട് കൂട്ടുകാരോടുകൂടി നിഷ്ക്രമിച്ചു. "ദൈവം തൻെറ ദാസരിൽ വലിയ കാര്യങ്ങൾ പ്രവർത്തിച്ചു," എന്ന് കൃതജ്ഞതാപൂർവ്വം ഉരുവിട്ടുകൊണ്ട് ക്ലാര സ്വസഹോദരിയെ നിഷ്പ്രയാസം പിടിച്ചെഴുന്നേല്പിച്ചു. അവളെ ദിവ്യനാഥൻെറ പാദങ്ങളിൽ സമർപ്പിച്ചു കൃതകൃത്യയായി.

സന്യാസജീവിതത്തിന് ആഗ്നസിനുള്ള അഭിനിവേശവും, സന്നദ്ധതയും സകലർക്കും ബോദ്ധ്യമാകുന്നതിന് കൂടുതൽ പരീക്ഷണങ്ങൾ ആവശ്യമുണ്ടായിരുന്നില്ല. കേവലം പതിനാലുവയസ്സുമാത്രമേ ഉണ്ടായിരുന്നുള്ളുവെങ്കിലും അവൾ ആ ജീവിതത്തിനു തികച്ചും അർഹയാണെന്ന് സഭാസ്ഥാപകൻ നിശ്ചയിച്ചു. അതിനാൽ ലില്ലിപ്പൂവിൻെറ നൈർമ്മല്യത്തെ വെല്ലുന്ന ആ നിഷ്കളങ്കബാലികയ്ക്ക് അദ്ദേഹം അധികം താമസിയാതെതന്നെ ദാരിദ്ര്യത്തിൻെറ ചിഹ്നമായ സഭാവസ്ത്രം നല്കി.

ആ സഹോദരീദ്വന്ദത്തിൻെറ ആനന്ദവായ്പ് അവാച്യമായിരുന്നു. വിശുദ്ധരാകാനുള്ള പരിശ്രമത്തിനായി കൈകോർത്തുപിടിച്ചു മുന്നേറുവാൻതന്നെ അവർ ദൃഢനിശ്ചയം ചെയ്തു. "കുഞ്ഞേ, ദൈവത്തെ സേവിക്കാനായിട്ടുമാത്രം സൃഷ്ടിക്കപ്പെട്ടവരാണു നാം. അതിനുള്ള പ്രതിബന്ധങ്ങളും പ്രലോഭനങ്ങളും നീക്കിത്തരുന്നതിൽ അവിടുന്നു കാണിക്കുന്ന ജാഗ്രത കണ്ടോ!" ക്ലാര ദീർഘനിശ്വാസത്തോടുകൂടി തൻെറ അനുജത്തി

യോടു പറഞ്ഞു. രണ്ടുപേരുടേയും കണ്ണുകഠം ഉന്നതത്തിലേക്കു യർന്നു. സ്തുതികീർത്തനങ്ങഠം അവരുടെ അധരങ്ങളിൽനിന്നു പൊട്ടിപ്പുറപ്പെട്ടു. അവരുടെ പ്രായത്തിലുള്ളവർ ഭൗതികപ്രതാപങ്ങളും സുഖസന്തോഷങ്ങളും പ്രാപിക്കുന്നതിനു ചെയ്യുന്ന പ്രയത്നങ്ങളെ എത്രമാത്രം അതിശയിക്കുന്നവയായിരുന്നു, ദാരിദ്ര്യവും വിനീത ജീവിതവും കൈവരിക്കുവാൻ അവർ ചെയ്യുന്ന പരിശ്രമങ്ങഠം. ലോകത്തിനു് ഒരിക്കലും ഗ്രഹിക്കാനാവാത്ത വൈരുദ്ധ്യം! ദാരിദ്ര്യത്തിൻെറ മദ്ധ്യത്തിലുള്ള സമൃദ്ധി; കന്യാത്വത്തിലുള്ള സൗഭാഗ്യപൂർണ്ണത!! ഇഹത്തിൽവച്ചുതന്നെ സ്വർഗ്ഗീയശാന്തി ആസ്വദിക്കാനുള്ള അവരുടെ ബദ്ധപ്പാടുകണ്ടിട്ടു് ലോകം ഞെട്ടി. അനിഷ്ടമായതിനെ അപലപിക്കുന്ന പതിവനുസരിച്ചു് അവരുടെ ജീവിതം പാഴായെന്നു പറഞ്ഞു് ലോകം അവരെ പഴിച്ചു. അവരുടെ ഭോഷത്തത്തിൽ പരിതപിച്ചു. പക്ഷേ ഒന്നുമൊന്നും ആ കന്യകകളെ സ്പർശിച്ചില്ല. അചഞ്ചലരായി, കർമ്മധീരകളായി അവർ നിലകൊണ്ടു. ക്രിസ്തുവിനുവേണ്ടി ഭോഷികളായതിൽ, അവഹേളിതരായതിൽ, അപലപിക്കപ്പെട്ടതിൽ അവർ അഭിമാനംകൊണ്ടു.

ക്ലാര:- "ആഗ്നസ്, നാമെത്ര സൗഭാഗ്യവതികഠം!

ആ:- അതേചേച്ചീ, കിരീടം ധരിച്ചിരിക്കുന്ന രാജ്ഞിമാരേക്കാഠം ഭാഗ്യവതികളും ശ്രേഷ്ഠകളുമാണു നാം.

ക്ലാ:- മിശിഹായുടെ വധുവാകുക എന്നതിനേക്കാഠം അഭികാമ്യമായി ഇഹത്തിൽ ആശിക്കാനെന്താണുള്ളതു്?

ആ:- എന്തുകൊണ്ടാണുചേച്ചീ! ലോകത്തിലധികംപേരും ഇതു ഗ്രഹിക്കാത്തതു്?

ക്ലാ:- കുഞ്ഞേ, ഭൂരിപക്ഷംപേരും ദൈവത്തിൻെറ ക്ഷണം ശ്രവിക്കും; പക്ഷെ ധനത്തിൻെറ വഞ്ചനയും, പ്രതാപ

ത്തിൻെറ പ്രഭയും, ശരീരസുഖത്തിൻെറ പ്രേരണയുംമൂലം ആ വിളി പലരും അവഗണിച്ചുകളയുകയാണ്.

ആ:– കഷ്ടം!! .... നമ്മുടെ സന്തോഷം അതിരുകടന്നുപോകുമോ എന്നേ എനിക്കു ശങ്കയുള്ളു.

ക്ലാ:– ദാരിദ്ര്യത്തിൻേറയും ചാരിത്ര്യത്തിൻേറയും പാതയിൽക്കൂടി സോന്മേഷം ചരിച്ച് ആത്മനാഥനെ നമുക്കു പ്രീണിപ്പിക്കാം.

"കർത്താവിന്നു് ഒരു പുതിയ കീർത്തനം പാടുവിൻ. എന്തുകൊണ്ടെന്നാൽ അവിടുന്നു് അത്ഭുതം പ്രവർത്തിച്ചിരിക്കുന്നു. കർത്താവിൻെറ വലംകൈ തനിക്കു രക്ഷനേടിയിരിക്കുന്നു. അവിടത്തെ കരം പരിപാവനവുമത്രെ" എന്നു തുടങ്ങുന്ന 98-ാം സങ്കീർത്തനം കർണ്ണാനന്ദകരമായി ആലപിച്ചുകൊണ്ടാണ് അവരുടെ സംഭാഷണം അവസാനിപ്പിച്ചതു്.

# 9

# സാൻഡാമിയാനോ

സഹോദരിമാർ ഏകദേശം രണ്ടുമാസക്കാലം ആഞ്ജലോദ് പാൻസോയിൽ വസിച്ചു. ഫ്രാൻസിസ് ഇടയ്ക്കിടയ്ക്കു് അവരെ സന്ദർശിച്ച് സദുപദേശങ്ങളാകുന്ന ഭക്ഷണം നൽകി അവരുടെ ആത്മാക്കളെ പരിപോഷിപ്പിച്ചിരുന്നു. "ദൈവം വലിയ കാര്യങ്ങൾക്കായി തെരഞ്ഞെടുത്തിരിക്കുന്ന ഈ കന്യകമാർ ഇവിടെ ഇങ്ങനെ അതിഥികളായി കഴിഞ്ഞുകൂടിയാൽ പോരാ. സ്വന്തമായ ആദർശങ്ങളും കർമ്മപരിപാടികളും പുലർത്തുന്നതിനു് അനുയോജ്യമായ ഒരു സ്ഥലം അവർക്കാവശ്യമുണ്ട്. ഞാൻ ദർശനത്തിൽ കണ്ടതായ ആ സാൻഡാമിയാനോതന്നെ എല്ലാംകൊണ്ടും പററിയ സ്ഥലം. എന്നാൽ അതു ബനഡിക്ടൻ സഭക്കാരുടെ വകയാണല്ലോ;" അദ്ദേഹം ചിന്തിച്ചു. അതിനാൽ അടുത്തദിവസം സൂബാസിയോഗിരിയിലുള്ള ബനഡിക്ടൻ ആശ്രമത്തിലെ ശ്രേഷ്ഠനെകണ്ടു് അദ്ദേഹം വിവരം ധരിപ്പിച്ചു. ഏകാന്തപ്രാത്ഥനയ്ക്കും പരിഹാരജീവിതത്തിനുമായി, ഈലോകത്തിൽ തങ്ങൾക്കുള്ളതു സവ്വതും പരിത്യജിച്ചു പുറപ്പെട്ടിരിക്കുന്ന ഈ കന്യകമാർക്കായി സാൻഡാമിയാനോപ്പള്ളിയും അതിനോടനുബന്ധിച്ചുള്ള കെട്ടിടവും നൽകുന്നതു് ആബട്ടിനു സന്തോഷകരവും ചാരിതാത്ഥ്യജനകവുമായിരുന്നു. കന്യകകളുടെ വാസത്തിനു് അനുയോജ്യമായ രീതിയിൽ ഫ്രാൻസിസു് ആ കെട്ടിടം പരിഷ്കരിച്ചു. മെയ് അവസാനത്തോടുകൂടി ക്ലാര, ആഗ്നസ്, പച്ചിഫിക്കാ (ഗ്വൽഫൂച്ചി) എന്നീ സഹോദരികളെ അദ്ദേഹം സാൻഡാമിയാനോയിലേയ്ക്കു കൊണ്ടുപോയി. "നിങ്ങൾക്കായി ദൈവം തെരഞ്ഞെടുത്തിരുന്ന പുണ്യസ്ഥലം." ആ സ്നേഹപിതാവു് അവരോടുപറഞ്ഞു. "ഇവിടെ ഏകാന്ത

മായി വസിച്ച് ധ്യാനവും പരോപകാരപ്രവർത്തനവുംവഴി ദൈവത്തെ സേവിക്കുക. അങ്ങനെ സുവിശേഷാദർശങ്ങൾ അന്യൂനം പ്രാവർത്തികമാക്കിത്തീർക്കുക. അതാണു നിങ്ങളുടെ ദൈവവിളി. അതാണു നിങ്ങളുടെ കർമ്മപരിപാടി." അവി ടത്തെ ഇടുങ്ങിയ മുറികളും പരുപരുത്ത വൈയ്ക്കോൽക്കിടക്ക യും എളിയ ഭക്ഷണക്രമീകരണങ്ങളും എല്ലാമെല്ലാം ക്ലാരയ്ക്കും കൂട്ടുകാരികൾക്കും നന്നായിഷ്ടപ്പെട്ടു. ദരിദ്രനായ ദിവ്യമണവാ ളന്റെ പ്രേയസികൾക്ക് അനുരൂപമായ പാർപ്പിടം. ലോക ത്തിന്റെ ആഡംബരങ്ങളിൽനിന്ന് തങ്ങളെ വേർതിരിച്ചുകറ ന്ന ആ ഉന്നതമായ മതിൽക്കെട്ടിനുള്ളിൽ അവർ ശാന്തികണ്ടെ ത്തി. സമാധാനത്തിന്റെ ഒരു ദീർഘനിശ്വാസം അവരിൽ നിന്നുയന്നു. ദൈവത്തിനും ഫ്രാൻസിസ്പിതാവിനും അവർ നന്ദിപറഞ്ഞു. അങ്ങനെ വിശ്വവ്യാപകമായ ക്ലാരസഭയുടെ മാതൃഭവനമായിത്തീൎന്നു ആ പരിശുദ്ധ സ്ഥലം. അവിടെ ആ പാവനചരിതർ ലോകപാപങ്ങൾക്ക് പരിഹാരംനേടുവാൻ തത്രപ്പെട്ടു. ദിവ്യനാഥൻ ജനനംമുതൽ മരണംവരെ സമാശ്ലേ ഷിച്ചിരുന്ന ദാരിദ്ര്യത്തെ സ്വന്തമാക്കുവാൻ അവർ ബദ്ധകങ്ക ണരായി. ആ കന്യകമാരുടെ അധരങ്ങളിൽനിന്നുയന്ന ഈശ്വ രസ്തോത്രാലാപങ്ങളാൽ വിജനമായ സാൻഡാമിയാനോ ശ ബ്ദായമാനമായിത്തീൎന്നു. തന്നെപ്പോലെതന്നെ സുവിശേഷാ ദർശങ്ങൾ അനുപദം അനുവർത്തിക്കുന്ന ഒരുഗണം കന്യകമാരെ തന്റെ സഹപ്രവർത്തകരായി തെരഞ്ഞെടുക്കുവാൻ പ്രസാദിച്ച ദൈവത്തിന് ഫ്രാൻസിസ്പിതാവ് കൃതജ്ഞത സമർപ്പിച്ചു. അദ്ദേഹം സഹോദരിമാരെ അനുഗ്രഹിച്ചതിനുശേഷം പോർ സ്യുങ്കുളായിലേയ്ക്കു മടങ്ങി.

കന്യകമാർ പ്രവർത്തനമാരംഭിച്ചു. തങ്ങളുടെ സഭാസ്ഥാ പകനായ 'ദാരിദ്ര്യമണവാളൻ' തങ്ങളോട് ഉപദേശിച്ചിരുന്ന വയെല്ലാം അക്ഷരശ്ശഃ അനുവർത്തിക്കുവാൻ അവർ ഉത്സുകരാ യി. അതിമാത്രം ഭീകരമായ തപശ്ചര്യകൾ അനുഷ്ഠിക്കുവാ

നം തല്പരായിരുന്നു അവർ. ലോകം സുഷുപ്തിയിൽ സുഖിക്കുന്ന പാതിരാവിൽ ഉണന്നു് പ്രാത്ഥനകൾ ഉച്ചത്തിൽ ഉരുവിടണമെന്നായിരുന്നു ക്ലാരയുടെ നിശ്ചയം. പൂർണ്ണഭക്ഷണം ദിവസത്തിൽ ഒരുപ്രാവശ്യം മാത്രമാക്കി. മുന്തിരിത്തണ്ടുകൾ നിരത്തിയ കിടക്കയായിരുന്നു ക്ലാരയുടെ മണിമഞ്ചം. തലയണ ഒരു തടിക്കഷണവും. രാത്രിയിൽ വളരെ സമയം ജാഗരണവും തിങ്കൾ, ബുധൻ, വെള്ളി എന്നീദിവസങ്ങളിൽ പൂർണ്ണമായ ഉപവാസവും അവളനുഷ്ഠിച്ചിരുന്നു. രോഗശയ്യയിലായിരിക്കുമ്പോഴും കിടക്കയിൽ ചാരിയിരുന്നുകൊണ്ടു് തിരുവസ്ത്രങ്ങൾ തയിച്ചുണ്ടാക്കി അസ്സീസിയിലും പരിസരങ്ങളിലുമുള്ള ദൈവാലയങ്ങൾക്കു വിതരണംചെയ്തിരുന്നു. പോർസ്യുങ്കുളായിൽ വന്നിരുന്ന അനേകം കുഷ്ഠരോഗികളെ ഫ്രാൻസിസ് ക്ലാരയുടെ സന്നിധിയിലേയ്ക്കു് അയച്ചിരുന്നു. അവരുടെ ചീഞ്ഞഴിഞ്ഞ വ്രണങ്ങൾ കഴുകിക്കെട്ടുകയും സാന്ത്വനങ്ങളാൽ അവരെ സമാശ്വസിപ്പിക്കുകയും ചെയ്യുന്നതിൽ ക്ലാര അതിമാത്രം ഉത്സുകയായിരുന്നു. പലപ്പോഴും കുരിശടയാളത്താൽ അവ സുഖപ്പെടുത്തുകയും ചെയ്തിരുന്നു. "അവൻ കുഷ്ഠരോഗിയെപ്പോലെയായിത്തീന്നു"വെന്നു് ദിവ്യരക്ഷകനെപ്പററി ഏശയ്യാ പ്രവാചകൻചെയ്ത ദീർഘദർശനമായിരുന്നു താദൃശരോഗികളെക്കാണുമ്പോൾ ക്ലാരയുടെ ചിന്താവിഷയം.

ഫേവറീനോയും ഒത്തലോനയും തങ്ങളുടെ കുമാരികളുമായി അധികം വൈകാതെ രമ്യപ്പെട്ടു. എന്നാൽ പരാജിതനായ മൊനാൾഡോയുടെ വൈരാഗ്യം കെട്ടടങ്ങിയിരുന്നില്ല. പ്രഭുക്കന്മാർ തങ്ങളുടെ പുത്രികളെ ക്ലാരയുമായി സമ്പക്കംപുലത്തുവാൻ ഇതുവരെ അനുവദിച്ചിരുന്നില്ല.

ക്ലാരയുടെ കനിഷ്ഠസഹോദരിയായ ബിയാട്രീസ് സ്വസഹോദരികളുടെ വേർപാടോടുകൂടി പലപ്പോഴും ചിന്താമൂകയായി കാണപ്പെട്ടിരുന്നു. അവളിലും ജ്യേഷ്ഠത്തിമാരുടെ സ

ന്യാസവാസന നിഴലിക്കുന്നതായിട്ടാണ് ഒത്തലോന ദർശി ച്ചത്. പണ്ടത്തെ ആപച്ഛങ്കകളിനിയും അവളെ വട്ടകന്നിരു ന്നില്ല. ജൂലിററ് പലപ്പോഴും സാൻഡാമിയാനോയിലെത്തി തൻെറ കൊച്ചുസപാമിനികളുടെ ദർശനസുഖം ആസ്വദിച്ചു തൃപ്തിപ്പെട്ടിരുന്നു.

ഏതാനുംനാറുകഴിഞ്ഞ് മൊനാറുദൊപ്രഭുവിന് ഒരു ക ഠിനരോഗം ബാധിച്ചു. അതിവിദഗ്ദ്ധമായ ചികിത്സയോ, ശ്രദ്ധാപൂർവ്വകമായ പരിചരണമോ ഒന്നും രോഗിക്ക് യാതൊ രു ആശ്വാസവും നൽകിയില്ല. മാത്രമല്ല, "അസാദ്ധ്യം" എ ന്നു വിധിയെഴുതിക്കൊണ്ട് ഡോക്ടർമാർ കൈയൊഴിഞ്ഞു. മരണകവാടത്തിലേയ്ക്ക് അശരണനായി നീങ്ങിക്കൊണ്ടിരുന്ന മൊനാറുദോയോട് ഒത്തലോന പറഞ്ഞു. "നമുക്ക് സാൻ ഡാമിയാനോയിലേയ്ക്ക് ഒരു ആളയയ്ക്കാം. നമ്മുടെ കുഞ്ഞുങ്ങ ളുടെ പ്രാർത്ഥന ഈ ദുർഘടസന്ധിയിൽ നമുക്ക് ആശ്വാസമ രുളുമെന്നാണ് എൻെറ പ്രതീക്ഷ." മരണത്തോടു മല്ലടിക്കു ന്ന ആ മനുഷ്യന് അക്കാര്യത്തിൽ വിസമ്മതം പ്രകടിപ്പിക്കാ നുള്ള മനശ്ശക്തിയുണ്ടായിരുന്നില്ല. ഏതായാലും ഒത്തലോന അയച്ച പരിചാരിക വേഗംചെന്ന് ക്ലാരയോടും സഹോദരി കളോടും വിവരം പറഞ്ഞു. അവർ തീക്ഷ്ണതാപൂർവ്വം ദിവ്യ നാഥനെ അഭയംപ്രാപിച്ചു. അധികം വൈകാതെ ആരോഗ്യ വാനായിത്തീർന്ന മൊനാറുദോ തൻെറ ഭാഗിനേയിമാരോടു കൃ തജ്ഞത പറയുവാൻ സാൻഡാമിയാനോയിലെത്തി. നിറഞ്ഞ കണ്ണുകളോടുകൂടി തങ്ങളുടെ മുമ്പിൽ നില്ക്കുന്ന പിതൃവ്യനെ ക ണ്ടപ്പോറു ആ പുത്രികറുക്കുണ്ടായ സന്തോഷം അവാച്യമാ യിരുന്നു. അയാറു ശാരീരികവും ആത്മീകവുമായ രണ്ടുവിധ രോഗങ്ങളിൽനിന്നും പൂർണ്ണമായി വിമുക്തനായിരിക്കുന്നു. "മ ക്കളേ, നിങ്ങളുടെ പ്രാർത്ഥന ഒന്നുമാത്രമാണ് എന്നെ സ്വസ്ഥ നാക്കിയത്." പിതൃവ്യൻെറ വാക്കുകളിൽ നിഴലിച്ചിരുന്ന ആത്മാർത്ഥത കണ്ടിട്ടു ക്ലാര പറഞ്ഞു. "നമുക്കു ദൈവത്തിനു ന

ന്ദിപറയാം. അവിടുത്തെ കാരുണ്യം നമ്മെ നയിക്കുന്നു."
"മക്കളേ! ഞാൻ വളരെ നീച ...." ആ ധീരസേനാധിപൻെറ കണ്ണുകളിൽനിന്നു് അശ്രുക്കൾ അടൎന്നുവീണു. കണ്ഠത്തിൽ ഒരു ശിലാഗോളം തടഞ്ഞതുപോലുള്ള വിഷമം. വാക്കുകൾ പെട്ടെന്നു നിലച്ചുപോയി. മാത്രമല്ല, പറയാൻപോകുന്നതെന്തെന്നു് ശരിക്കു ഗ്രഹിച്ച ആഗ്നസ് ഉടനെ "അരുതു്, ഇളയപ്പാ ഇങ്ങനെ ദുഃഖിക്കരുതു്. ദൈവപരിപാലനയിൽ സംഭവിക്കുന്നതാണു് എല്ലാം" എന്നുപറഞ്ഞു് അദ്ദേഹത്തെ സമാശ്വസിപ്പിച്ചു. സി. പച്ചിഫിക്കായും സഹോദരനെ ആശ്വസിപ്പിച്ചു. "കുഞ്ഞുങ്ങളേ, മേലിൽ ഞാനുണ്ടു് നിങ്ങൾക്കു സഹായമായിട്ടു്. ഏതെങ്കിലും വിധത്തിൽ നിങ്ങൾ ദുഃഖിക്കുന്നതു കാണുവാൻ ഞാൻ സമ്മതിക്കുകയില്ല." അദ്ദേഹം അവരുടെ ഉത്തമ ഗുണകാംക്ഷിയായിപ്പകൎന്നു കഴിഞ്ഞു. കാററും കോളും ശമിച്ചു. പ്രഭുകുലംമുഴുവൻ ക്ലാരയുടെ മിത്രങ്ങളായിത്തീൎന്നു. മൊനാൾഡൊയ്ക്കുമാത്രമല്ല അസ്സീസിനിവാസികൾക്കെല്ലാം അസാമാന്യമായ ഭക്തിയും ബഹുമാനവും ആ കന്യകമാരോടു തോന്നുന്നതിനു് ഈ സംഭവം പൎയ്യാപ്തമായിത്തീൎന്നു. അനേകംപേർ പ്രാൎത്ഥനാഭ്യൎത്ഥനകളുമായി ക്ലാരയെ സമീപിച്ചു. ഭിന്നിച്ചു വസിച്ച പലരും അവളുടെ പ്രാൎത്ഥനയാലും ഉപദേശത്താലും രമ്യപ്പെട്ടു. ക്ലാരയ്ക്കു ജനതാമദ്ധ്യത്തിൽ വലിയ സ്വാധീനമുണ്ടായിരുന്നു. രണ്ടു പ്രഭുക്കന്മാർ തങ്ങളുടെ പരിത്യജിക്കപ്പെട്ട പത്നിമാരെ ക്ലാരയുടെ ഉപദേശാനുസാരം വീണ്ടും സ്വീകരിക്കുകയുണ്ടായി. സാൻഡാമിയാനോമഠം അവൎക്കെല്ലാം ആപത്തിൽ അഭയവും, ആശങ്കകളിൽ ആശ്വാസവുമരുളി. "അവളുടെ ജീവിതം പാഴാക്കി"യെന്നു പറഞ്ഞു നിരാശപ്പെട്ടവൎക്കു മനസ്സിലായി അവളുടെ ജീവിതം കൂടുതൽ പ്രയോജനകരമായി ഭവിച്ചുവെന്നു്.

# 10

## പാവപ്പെട്ട ക്ലാരകൾ

ക്ലാരയും, പച്ചിഫിക്കായും, ആഗ്നസും സാൻഡാമിയാനോയിൽ പ്രാൎത്ഥനയുടേയും, അദ്ധ്വാനത്തിന്റേതുമായ ജീവിതം ആരംഭിച്ച് ഏതാനുംനാൾ കഴിഞ്ഞപ്പോൾ ഗ്വീദോമെത്രാൻ അതൊരു സന്യാസ സഭയായി അംഗീകരിച്ചു. 'പാവപ്പെട്ട ക്ലാരകൾ' (Poor Clares) എന്ന് അതിനെ നാമകരണംചെയ്തു.

അവരുടെ പുണ്യപരിമളം നാലുപാടുംവീശി. അനേകം പ്രഭുകുമാരികൾതന്നെ ആ സഭയിൽചേൎന്ന് ദൈവസേവനം നിൎവ്വഹിക്കുവാൻ തത്രപ്പെട്ടു. അവരിൽ പ്രധാനികൾ ക്ലാരയുടെ ബാല്യകാലസഖികളായ ഫിലിപ്പായും, ബൻവന്യൂത്തായുമായിരുന്നു. ചെറുപ്പകാലത്ത് വീട്ടിൽവച്ചുതന്നെ ചാരിത്ര്യത്തിന്റേയും, ത്യാഗജീവിതത്തിന്റേയും മഹത്വം അവൾ അവരെ പറഞ്ഞു മനസ്സിലാക്കിയിരുന്നു. ബൻവന്യൂത്താ 1212ലെ സെപ്റ്റംബർമാസത്തിൽതന്നെ സാൻഡാമിയാനോയിലെ സന്യാസസമൂഹത്തിൽ ചേൎന്നു. ഏതാനുംനാൾ കഴിഞ്ഞു; ഫിലിപ്പായും തന്നോടുള്ള സ്നേഹത്താൽ കാലിത്തൊഴുത്തിലവതീൎണ്ണനായി, കാൽവരിയിൽ ജീവത്യാഗംചെയ്ത നാഥനെ പരിസേവിക്കുവാൻ സന്നദ്ധയായി. വൎഷങ്ങൾ പിന്നിട്ടതോടുകൂടി ക്ലാരയുടെ ഭാഗിനേയിയായ അമാത്താ, സുഭഗനായ ഒരു പ്രഭുകുമാരന്റെ വധുവാകാൻ നിശ്ചയിക്കപ്പെട്ടശേഷം അമ്മായിയുടെ അനുഗ്രഹം യാചിക്കാൻ സാൻഡാമിയാനോയിൽവന്നു. ക്ലാരയുടെ ദൈവസ്നേഹോജ്വലമായ സംഭാഷണം അമാത്തായുടെ ഹൃദയത്തെ വല്ലാതെ ചലിപ്പിച്ചു. ഇനി ഭൗതികമണ

വാളന്നു തൻെറ ഹൃദയത്തിൽ സ്ഥാനമനുവദിക്കുന്നതല്ലെന്നും സ്വർഗ്ഗീയവരനു തന്നെത്തന്നെ പൂർണ്ണമായി അർപ്പിക്കുന്നതാണെന്നും ആ കന്യക ദൃഢനിശ്ചയംചെയ്തു. അവൾ ക്ലാരയോടു പറഞ്ഞു. "അമ്മായീ, ഞാൻ തികച്ചും ക്രിസ്തുവിൻേറതാണ്." അവളുടെ നേത്രങ്ങൾ വർഷിച്ച ബാഷ്പധാര ആ ദൃഢനിശ്ചയത്തെ കൂടുതൽ സ്ഥിരപ്പെടുത്തി. ഇനി വീട്ടിലേയ്ക്കു മടങ്ങിപ്പോകുകയില്ലെന്ന് അവൾ ശഠിക്കുകയും ചെയ്തു. ഇരുവീട്ടുകാർക്കും വലിയ ഇച്ഛാഭംഗമായി. നിയുക്തവരൻ ഭീഷണിയുമായി മുന്നോട്ടുവന്നു. മഠത്തിനു തീവയ്ക്കുമെന്നുപോലും അവൻ വീരവാദംമുഴക്കി. പക്ഷെ അചഞ്ചലമായ നിശ്ചയദാർഢ്യത്തിൻെറ മുമ്പിൽ അതെല്ലാം വെറും വനരോദനമായി പരിണമിക്കുകയാണുണ്ടായതു്. അഭിജാതയും സുന്ദരിയും സംസ്കാരസമ്പന്നയുമായിരുന്ന ആ തരുണിയെ മനസ്സില്ലാമനസ്സോടെ പരിത്യജിച്ച് തൻെറ പരാജയം അയാൾ സമ്മതിക്കേണ്ടിവന്നു. തൻെറ അമ്മായിയുടെ അന്ത്യരംഗത്തിൽ മരണക്കട്ടിലിനടുത്തുനിന്നു ശുശ്രൂഷിക്കുന്നതിനും അവളുടെ നാമകരണംസംബന്ധിച്ച് സാക്ഷ്യംവഹിക്കുന്നതിനും അമ്മാത്തായ്ക്കു ഭാഗ്യംലഭിച്ചു.

അമ്മാത്തായുടെ കൂട്ടുകാരിയായ ആഗ്നസ് ഒപ്പർത്തുലാ എന്നബാലിക തൻെറ മാതാവിനോടു കൂടി ക്ലാരയെ ഒന്നു കണ്ടു പോകുവാൻ വേണ്ടിമാത്രം മഠത്തിൽ വന്നതായിരുന്നു. എന്നാൽ അജയ്യമായ ഒരു ശക്തിവിശേഷത്തോടെ ആ ബാലിക ക്ലാരയുടെ വസ്ത്രത്തിൽപ്പിടിച്ച്, മഠത്തിൽത്തന്നെ താമസിക്കാൻ ആഗ്രഹം പ്രകടിപ്പിച്ചു. മാതാവ് എതിരൊന്നും പറയാതെ അവളെ അതിനു സമ്മതിച്ചു. കേവലം ഒരു പിഞ്ചു ബാലികയായിരുന്ന അവൾ പ്രായശ്ചിത്തത്തിലും പ്രാർത്ഥനയിലും പ്രായത്തെക്കവിഞ്ഞ അഭിനിവേശമാണു പ്രകടിപ്പിച്ചതു്. സമവയസ്കകൾ കനകാഭരണങ്ങളും മൂല്യവസ്ത്രങ്ങളും അന്വേഷിക്കുന്നതിൽ കാണിക്കുന്ന ആവേശമാണ് ത

പക്കരുക്കാം നേടുന്നതിൽ അവാംക്കുണ്ടായിരുന്നതു്. ഒരിക്കൽ ക്ലാരയുടെ ഒരു രോമച്ചട്ട ലഭിക്കാൻ അതിയായ ആഗ്രഹത്തോടെ അവളപേക്ഷിച്ചു. സ്വന്തം കായശക്തിയെപ്പററി ബോദ്ധ്യമില്ലാതിരുന്ന ആഗ്നസ് അതു ധരിച്ചെങ്കിലും അധികം ദീർഘിപ്പിക്കാൻ കഴിയാത്ത വിധം അവളെ അതു് അവശയാക്കിത്തീത്തു. അതിനാൽ അതു തിരിച്ചേല്പിക്കേണ്ടിവന്നു. ദിവ്യമണവാളൻ തൻെറ സന്ദർശനങ്ങളാൽ ആ കന്യകയെ സമാശ്വസിപ്പിക്കുക സാധാരണമായിരുന്നു.

അസ്സീസിയിലെ ഫ്രാൻസെസ് എന്ന കന്യകയും ഈ സഭയിൽ ചേന്നു. ഫ്രാൻസിസിനെ അനുകരിക്കാൻ അവാം ദത്തശ്രദ്ധയായിരുന്നു. ദിവ്യനാഥൻ തിരുവോസ്തിയുടെ സാദൃശ്യംവെടിഞ്ഞു് തൻെറ ദിവ്യസാന്നിദ്ധ്യത്താൽ അവളെ അനുഗ്രഹിക്കുകയുണ്ടായിട്ടുണ്ടു്.

ഇനി നമ്മുടെ പ്രത്യേകശ്രദ്ധ അർഹിക്കുന്നതു് പുണ്യവതിയുടെ മാതാവായ ഒത്തലോനയാണ്. ഫേവറീനോ പരലോകപ്രാപ്തനായി. സംസ്കാരചടങ്ങുകാംക്കശേഷം അവാം ചിന്തിച്ചു, ഈ ലോകത്തിൻെറ നശ്വരതയെപ്പററി കൂടുതലായിട്ടു്. തൽഫലമായി സ്വപുത്രിയുടെ ആദ്ധ്യാത്മികനേതൃത്വത്തിൽ ആയുശ്ശേഷം ചെലവഴിക്കാൻതന്നെ അവളുറച്ചു. ക്ലാരയെ സന്യാസജീവിതത്തിൽനിന്നു പ്രതിനിവത്തിക്കാൻ പരിശ്രമിച്ച ആ ദിവസം അവാം തന്നോടു പറഞ്ഞകാര്യം ആ മഹതി ഓത്തു. "അമ്മച്ചീ, അധികം താമസിയാതെ അമ്മച്ചിയും എന്നെ അനുഗമിക്കും." ആ പ്രവചനം തന്നിൽ നിറവേറുവാനുള്ള ശുഭമുഹൂത്തം അധികം അകലെയല്ലെന്നു് അവാംക്കു മനസ്സിലായി. സ്ഥാവരങ്ങളും ജംഗമങ്ങളുമായി തനിക്കുണ്ടായിരുന്ന ഭീമമായ സ്വത്തുവിററുകിട്ടിയ ധനം സാധുക്കാംക്കു ദാനംചെയ്തു. പ്രായപൂത്തിയാകാത്ത ബിയാട്രീസിനെയും മാർട്ടിനെയും മൊനാാംഡൊയുടെ സംരക്ഷണത്തിനു് ഏല്പി

ച്ചിട്ട് അധികം താമസിയാതെ അവർ സാൻഡാമിയാനോയിലെത്തി, സന്യാസവസ്ത്രം ധരിച്ചു. നിയമാനുഷ്ഠാനത്തിലും വിനീതജീവിതത്തിലും അവാ മററാരെയും അതിശയിച്ചിരുന്നു. ഫ്രാൻസിസ് രോഗശമനാത്ഥം ആശ്രമത്തിലേയ്ക്കയച്ചിരുന്ന രോഗികളെ ക്ലാര തൻെറ അമ്മയുടെ പക്കലേയ്ക്ക് ആനയിച്ചിരുന്നു. ആ മഹതിയുടെ പ്രാത്ഥന അവരെ സുഖപ്പെടുത്തുവാൻ പലപ്പോഴും പര്യാപ്തമായിരുന്നു.

അമാത്തായുടെ സഹോദരിമാരായ ആഗ്നസ്, ബാംബീന എന്നിവരും ക്ലാരയുടെ കനിഷ്ഠ സഹോദരിയായ ബിയാട്രീസും ക്രമേണ അവളുടെ ശിഷ്യഗണത്തിലുരംപ്പെട്ടു. ഇങ്ങനെ ഏതാനും നാളിനുള്ളിൽ അമ്പതു സഹോദരികാം സാൻഡാമിയാനോയിലുണ്ടായി. ഫ്രാൻസിസ് ക്ലാരയെ അവരുടെ ശ്രേഷ്ഠാധിപയായി നിയമിക്കാൻ ശ്രമിച്ചുവെങ്കിലും രണ്ടുവഷ്ത്തിനുശേഷമേ അവാ അനുസരണത്തെപ്രതിയെങ്കിലും അതിനു സമ്മതിച്ചുള്ളു. ആശ്രമാദ്ധ്യക്ഷയായിരുന്നുവെങ്കിലും, അവാ സകലരുടേയും ദാസിയായി സ്വയം പരിഗണിച്ചു. എളിയ ജോലികളും സ്നേഹപൂവ്വകമായ പരിചരണവുംകൊണ്ട് അവാ അവരെ പരിസേവിച്ചിരുന്നു. സ്നേഹമേറുന്ന ഒരു മാതാവായിരുന്നു അവർക്കു ക്ലാര. ഫ്രാൻസിസും അദ്ദേഹത്തിൻെറ ശിഷ്യന്മാരും സഹോദരിമാരുടെ ആദ്ധ്യാത്മികാവശ്യങ്ങാം നിറവേററിയിരുന്നതുപോലെ ഭിക്ഷാടനം ചെയ്തുകിട്ടുന്ന ആഹാരസാധനങ്ങളാൽ അവർക്ക് ശാരീരികപോഷണത്തിനുള്ള വകകളും നൽകിയിരുന്നു. അഭംഗമായ ദാരിദ്ര്യനിഷ്ഠക്കു് യാതൊരു തരത്തിലും അയവുവരുത്തരുതെന്നുള്ള സഭാപിതാവിൻെറ ഇംഗിതം സവ്വാത്മനാ അവാ സ്വാഗതംചെയ്തിരുന്നു. അതിനു നേരിട്ട പ്രതിബന്ധങ്ങളോടെല്ലാം ആജീവനാന്തംതന്നെ അവാ അടരാടി. ക്ലാരയുടെ മരണത്തിനുമുമ്പ് ഉഗ്രമായ ദാരിദ്ര്യവ്രതം പാലിക്കാനുള്ള അനുവാദംകിട്ടുവാൻ അവാ കൊതിച്ചു. കർദ്ദിനാളന്മാരും മാർപ്പാപ്പാതിരുമേനി

യും അതിൽ ഉൽക്കണ്ഠിതരായി. "ക്ലാരയുടെ കഠിനമായ ദാരിദ്ര്യപ്രേമം വളൻുകൊണ്ടിരിക്കുന്ന സഭയുടെ പുരോഗതിക്ക് അത്യധികം ആപൽക്കരമാണെന്നു"പോലും ആ അഭിവന്ദ്യ പിതാക്കന്മാർ ഭയപ്പെട്ടു. പക്ഷെ, ആ പ്രഭുകുമാരിയുടെ സ്ഥൈര്യത്തെ അല്പമെങ്കിലും ഇളക്കുവാൻ അവർക്കു കഴിഞ്ഞില്ല. തൻെറ പരമ ദരിദ്രനായ ഹൃദയനാഥൻ നിർദ്ദേശിച്ച ആ ദാരിദ്ര്യത്തിൻെറ അനുവർത്തനത്തിൽ ആരെല്ലാം എന്തെല്ലാം പ്രതിബന്ധം സൃഷ്ടിച്ചാലും അതു വ്യർത്ഥമാകുകമാത്രമേയുള്ളവെന്നു് അവരം ഉറച്ചു. പ്രാർത്ഥനയായിരുന്നു അവരംക്കാലംബം. അവസാനം അവളുടെ ഇംഗിതം സാധിച്ചു. ഒടുവിൽ തിരുസ്സഭാദ്ധ്യക്ഷൻതന്നെ ആ നിയമം അംഗീകരിച്ച് മരണക്കിടക്കയിൽക്കിടന്ന ക്ലാരയെ ഏല്പിക്കുന്നതായി നമുക്കു പിന്നീടു കാണാൻ കഴിയും. അങ്ങനെ കർക്കശമായ ദാരിദ്ര്യപ്രേമം വിധേയത്വത്തിനും വിനയത്തിനും തെല്ലും ഹാനിവരാതെ അവസാനം ഫലമണിഞ്ഞു.

## 11

## വിശുദ്ധനും വിശുദ്ധയും

ദാരിദ്ര്യമൂർത്തികളായി ജീവിക്കുവാൻ ആഗ്രഹിക്കുന്ന വനിതകളുടെ മാതൃഭവനമാകാൻ ദൈവത്താൽ നിശ്ചയിക്കപ്പെട്ടിരുന്ന സാൻഡാമിയാനോ ദൈവാലയം ഫ്രാൻസിസിൻെറ കരവേലയുടെ ഫലമായിരുന്നുവെന്നു മുമ്പു സൂചിപ്പിച്ചിട്ടുണ്ടല്ലോ. സാൻഡാമിയാനോ പുനരുദ്ധരിച്ചുകൊണ്ടിരിക്കെ

ഒരിക്കൽ ആ ദൈവാലയത്തിൽ പ്രാത്ഥിച്ചുകൊണ്ടിരുന്ന ഫ്രാൻസിസിനു് ഒരു അസാധാരണമായ ആനന്ദാനുഭൂതിയുളവായി. സുവിശേഷാദർശങ്ങാം അതിൻെറ ആഭ്യന്തരവും ബാഹ്യവുമായ അത്ഥത്തിൽ പ്രവൃത്തിപഥത്തിലെത്തിക്കുന്നതിനു് തന്നോടു സഹകരിക്കുന്ന ഒരു ഗണം കന്യകകാം അവിടെ സമ്മേളിച്ചിരിക്കുന്നതു് അദ്ദേഹം ദിവ്യദൃഷ്ടിയാൽ കണ്ടു് ആനന്ദിച്ചു. അദ്ദേഹത്തിനു തീരെ അപരിചിതയെങ്കിലും കുലവതിയായ ഒരു ധീരവനിത അവരുടെ നേതൃത്വം വഹിക്കുന്നതായും അദ്ദേഹം ദർശിച്ചു. അതിമാത്രം ഉന്മേഷവാനായി പണിതുടർന്ന ഫ്രാൻസിസ് വഴിപോക്കരോടായിട്ടു് ഇങ്ങനെ വിളിച്ചു പറഞ്ഞു: "സഹോദരന്മാരെ, നിങ്ങളുംവന്നു് എന്നെ സഹായിക്കുവിൻ. എന്തെന്നാൽ പ്രാത്ഥനയും പ്രായശ്ചിത്തവും ജീവിതവ്രതമായി സ്വീകരിച്ചിരിക്കുന്ന പരിശുദ്ധരായ ഏതാനും കന്യകാമണികാം ഈ ദൈവാലയത്തിൽ സമ്മേളിച്ചു ഗാനാലാപം ചെയ്യുന്ന നാളുകാം അത്ര വിദൂരത്തിലല്ല." അദ്ദേഹത്തിൻെറ ആവേശവും തീക്ഷ്ണതയും അവരെ വല്ലാതെ സ്പർശിച്ചു. അവരിൽ പലരും കുറേ സമയത്തേക്കു് അവരുടെ പ്രയാണം നിറുത്തിവച്ചിട്ടു് ആ ശില്പിയെ സഹായിച്ചു. ഫ്രാൻസിസിൻെറ പ്രവചനം നിറവേറിയതു നാം കാണുകയും ദരിദ്രകന്യകകളുടെ നേതൃത്വം വഹിച്ച ആ ധീരവനിതയുമായി നാം പരിചയപ്പെടുകയും ചെയ്തുകഴിഞ്ഞു. വാസ്തവത്തിൽ പരിശുദ്ധനായ ആ പിതാവിൻേറയും അദ്ദേഹത്തിൻെറ ആദ്ധ്യാത്മികകുമാരിയുടേയും ആനന്ദം അവാച്യമായിരുന്നു. മൂലധനമോ, ആദായമാഗ്ഗങ്ങളോ ഒന്നുമില്ലാതെ ദാരിദ്ര്യത്തിൻെറ ആശ്ലേഷമേററുകൊണ്ടുള്ള ജീവിതം നയിച്ചു് വിശുദ്ധിയുടെ പാഥയിൽ മുന്നേറുവാൻ സഭാസ്ഥാപകനും അദ്ദേഹത്തിൻെറ സഖിയും സവ്വാത്മനാ പരിശ്രമിച്ചു. ഇങ്ങനെ ഏകയോഗമായി ദാരിദ്ര്യാംബികയെ പ്രേമിച്ചു്, പ്രാത്ഥനയും പ്രവത്തനവും സമ്മേളിപ്പിച്ചു്, പരിത്യാഗത്തിൻേറയും പരിഹാരത്തിൻേറയും പാതയിൽക്കൂടി സോന്മേഷം ചരിച്ചു് കാലി

ത്തോഴത്തിലേയും കാൽവരിയിലേയും ദൈവത്തെ പരിസേവിച്ച വിശുദ്ധാത്മാക്കൾ വിരളമാണു്. ഒരാളുടെ ശാലീനതയാണു കൂടുതൽ ആകർഷണീയമെങ്കിൽ അപരയുടെ ധീരമനസ്കത ആരേയും അത്ഭുതംകൊള്ളിക്കുന്നു. സഭാസ്ഥാപകൻ പ്രസംഗംകൊണ്ടു് ആത്മാക്കളെ നേടിയെങ്കിൽ പുത്രി പ്രാൎത്ഥനകൊണ്ടു് ദിവ്യനാഥൻെറ കൊടിക്കീഴിൽ അവരെ അണിനിരത്തി. കുലതാതൻ മൎത്തായെപ്പോലെ ദിവ്യാതിഥിയെ പരിചരിച്ചു. സഭാനാഥ മേരിയെപ്പോലെ അവിടുത്തെ പാദതാരിലിരുന്നുകൊണ്ടു് ആ വാക്സുധ ആസ്വാദിച്ചു് ഉന്മത്തയായിത്തീൎന്നു.

ക്ലാര തൻെറ സംഘനായകനു സഹപ്രവൎത്തകയും സഹായിയുംമാത്രമല്ല, ആശങ്കകളിൽ ആലോചനക്കാരിയുംകൂടിയായിരുന്നു. തന്നെസംബന്ധിച്ച ദൈവതിരുച്ചിത്തം പ്രേഷിതപ്രവൎത്തനമോ, ധ്യാനപരജീവിതമോഎന്നു് ഒരിക്കൽ ഫ്രാൻസിസിനു് ഒരു സംശയമുളവായി. അതിനൊരു തീരുമാനവുംകാണാതെ അദ്ദേഹം ക്ലാരയുടെപക്കലേയ്ക്കു് അവളുടെ പ്രാൎത്ഥനയും നിർദ്ദേശവും ആവശ്യപ്പെട്ടുകൊണ്ടു് ഒരു സഹോദരനെ അയച്ചു. "നല്ലവനായ ദൈവം തിരുമനസ്സായിരിക്കുന്നതു് അങ്ങയുടെ സ്വന്തം ആത്മരക്ഷ സാധിക്കുക മാത്രമല്ല, ആത്മാക്കളുടെ രക്ഷക്കുവേണ്ടി പരിശ്രമിക്കുകകൂടിയാണു്" എന്നു് പ്രാൎത്ഥനാനന്തരം അവൾ മറുപടികൊടുത്തു. ഫ്രാൻസിസിനു അതു് അത്യധികം സ്വീകാര്യമായിത്തോന്നി. സകല സംശയങ്ങളും അവസാനിച്ചു. അദ്ദേഹം സ്വസ്ഥചിത്തനായി ഭവിച്ചു.

ഫ്രാൻസിസ് ഒരിക്കൽ സാൻഡാമിയാനോയിലെത്തി. അഭൂതപൂൎവ്വമായ ആനന്ദവായ്പോടെ ക്ലാരയോടുപറഞ്ഞു. "സഹോദരീ, എനിക്കിന്നു് അഞ്ചുസഹോദരന്മാരുണ്ടെന്നു യഥാൎത്ഥത്തിൽപറയാം." ഉന്മാദബാധിതനെപ്പോലെ നിലകൊള്ളുന്ന

ശ്രേഷ്ഠാധിപനെ ദർശിച്ചപ്പോൾ ക്ലാരയ്ക്കു് അത്ഭുതംതോന്നി. അദ്ദേഹം പറഞ്ഞ കാര്യമെന്തെന്നു് അവൾക്ക ഗ്രഹിക്കാൻ കഴിഞ്ഞില്ല. "ഇന്നെന്തായിരിക്കാം വിശേഷാൽ സംഭവിച്ചതു്?" അവൾ ചിന്തിച്ചു. നമ്മുടെ അഞ്ചു പാവപ്പെട്ട സഹോദരന്മാർ മൊറോക്കോയിൽവച്ചു രക്തസാക്ഷികളായിത്തീന്നിരിക്കുന്നു." അഭിമാനപൂർവ്വം അദ്ദേഹം പറഞ്ഞു. "പ്രേഷിതവൃത്തി, രക്തസാക്ഷിത്വം" പുളകിതഗാത്രയായി ക്ലാര മന്ത്രിച്ചു. അവൾ സോന്മേഷം ചോദിച്ചു. "പിതാവേ, ഞാനും പോകട്ടെ മൊറോക്കോയിലേക്കു്?. അവിടത്തെ ദുർഭഗാത്മാക്കളിൽ സത്യത്തിൻെറ ദീപംകൊളുത്തുവാൻ എന്നേയും അനുവദിക്കുമോ?. രക്തംചിന്തി എൻെറ വിശ്വാസത്തെ മുദ്രണം ചെയ്യുവാൻ ഞാൻ വെമ്പുകയാണു്." ആദ്ധ്യാത്മികതനയയുടെ ആവേശപൂർവ്വകമായ പ്രേഷിതാസക്തിയെപ്പററി പണ്ടേ തന്നെ ബോദ്ധ്യമുണ്ടായിരുന്ന ഫ്രാൻസിസു് അത്ഭുതപ്പെട്ടില്ല. "വേണ്ട; സഹോദരി, നീ ഈ ഉംബ്രിയായിലെ പർവ്വതസാനുവിൽ വസിച്ചുകൊണ്ടു പ്രാർത്ഥിക്കുക. പ്രാർത്ഥനയും പ്രേഷിതവൃത്തിതന്നെയാണു്. കന്യാത്വം നിശ്ചയമായും രക്തസാക്ഷിത്വത്തേക്കാൾ ശ്രേഷ്ഠമാണു്. അതിനാൽ നീ ഈ മതിൽക്കെട്ടിനുള്ളിൽ ഏകാന്തമായി വസിച്ചുകൊണ്ടു് ആത്മാക്കളെ നേടുക; അതാണു ദൈവചിത്തം, അതുമാത്രമാണു സഹോദരിയുടെ ദൈവവിളിയും." ക്ലാരയ്ക്കു് ഇനിയൊന്നും പറയാനില്ല. സഭാധിപൻെറ ആജ്ഞയ്ക്കധീനയായി അവൾ അടങ്ങിപ്പാർത്തു.

സാൻഡാമിയാനോയിലെ തപസ്വിനികളുടെ നാഥയ്ക്കു് ഒരാഗ്രഹം, ഫ്രാൻസിസിനോടൊരുമിച്ചു ഭക്ഷണംകഴിക്കണമെന്നു്. അവൾ പരിശുദ്ധവും നിഷ്കളങ്കവുമായ ഈ ആഗ്രഹം പിതാവിനെ പലപ്രാവശ്യം അറിയിച്ചു. പക്ഷേ അതു് അദ്ദേഹം അവഗണിക്കുകയാണുണ്ടായതു്. വിവരമറിഞ്ഞു് സഹോദരന്മാർ പറഞ്ഞു. "പിതാവേ, അങ്ങയുടെ പ്രാർത്ഥന

കളും പ്രസംഗങ്ങളുമാണു് ലോകസുഖം ഉപേക്ഷിക്കുവാൻ ക്ലാരയ്ക്കു പ്രചോദനമരുളിയതു്. ആ സ്ഥിതിക്കു് അവളുടെ നിസ്സാരവും ക്ഷിപ്രസാദ്ധ്യവുമായ ഈ അഭ്യൎത്ഥന സാധിച്ചുകൊടുക്കാതിരിക്കുന്നതു് പരിശുദ്ധമായ ഉപവിക്കു ചേൎന്നതല്ലെന്നാണു ഞങ്ങളുടെ വിനീതമായ അഭിപ്രായം. വൈമനസ്യത്തോടെ ഫ്രാൻസിസ് അവരുടെ അപേക്ഷ അംഗീകരിച്ചു. തദനുസാരം ക്ലാര ഒരു സഹോദരിയോടുകൂടി പോർഷ്യുങ്കുളായിലേയ്ക്കു പോയി. അനേക വൎഷങ്ങളായിട്ടു് പുറത്തിറങ്ങാതിരുന്ന തങ്ങളുടെ അതിശ്രേഷ്ഠയുടെ പുറപ്പാടു് സഹോദരികളിൽ ആധിയും ഉത്കണ്ഠയും ഉളവാക്കി. കാരണം, ഗോത്രാധിപൻ അവളെ മററുവല്ല സ്ഥലത്തും മഠംസ്ഥാപിക്കാൻ അയയ്ക്കുകയായിരിക്കുമെന്നു് അവർ ശങ്കിച്ചു. അവളുടെ സഹോദരിയായ ആഗ്നസ് ഫ്രാൻസിസിൻെറ കല്പനപ്രകാരം ഫ്ളോറൻസിൽ മോണ്ടിച്ചെല്ലിയിലെ മഠാധിപയായി തങ്ങളിൽനിന്നും വേർപിരിഞ്ഞതുപോലെ ക്ലാരയും തങ്ങൾക്കു നഷ്ടമായേക്കുമോ എന്നു് അവർ ഭയപ്പെട്ടു. ക്ലാരയാകട്ടെ തൻെറ സന്യാസസഭാപ്രവേശനംസാധിച്ച ആ പുണ്യസ്ഥലത്തേയ്ക്കു സോന്മേഷം നടന്നു. തൻെറ ആദ്ധ്യാത്മികമംഗല്യത്തിനു സാക്ഷ്യംവഹിച്ച ആ ദൈവാലയത്തിനുള്ളിൽ പ്രവേശിച്ചപ്പോൾ ക്ലാര വികാരതരളിതയായി. കൃതജ്ഞതയുടെ നിശ്വാസനങ്ങൾ അവളിൽനിന്നുയർന്നു.

ക്ലാരയുടെ ആഗമനം പ്രമാണിച്ചു് പോഷ്യുങ്കുളായിൽ ദരിദ്രോചിതമെങ്കിലും ഒരു സദ്യതന്നെ തയ്യാറാക്കപ്പെട്ടിരുന്നു. പാത്രങ്ങൾ നിരത്തിയതു് വെറും തറയിലായിരുന്നു. ഫ്രാൻസിസും ക്ലാരയും കൂട്ടുകാരിയും സഹോദരന്മാരും പ്രാരംഭപ്രാൎത്ഥനയ്ക്കുശേഷം ഭക്ഷണത്തിനിരുന്നു. ദൈവസ്നേഹത്തെയും ആ സ്നേഹമൂൎത്തിയുടെ പരിപാലനാവൈഭവത്തെയുംകുറിച്ചു് ഫ്രാൻസിസ് ഒരു പ്രഭാഷണംചെയ്തു. സകലരും ആനന്ദനിർവൃതിയിലാണ്ടു. രണ്ടു മൈലകലെയുള്ള അസ്സീസിയിലെയും

ബെറേറാണായിലേയും ജനങ്ങൾ പോർഷ്യുങ്കുളാ ആശ്രമത്തിനു തീപിടിച്ചെന്നു ഭയപ്പെട്ടു് പരിഭ്രാന്തരായി ഓടിയെത്തി. അവിടെ അവർ കണ്ടതു് ഫ്രാൻസിസും ക്ലാരയും സഹോദരന്മാരും സമാധിപൂണ്ടു് സ്വർഗ്ഗത്തിലേയ്ക്കു കണ്ണുകളും കരങ്ങളും ഉയർത്തി നിശ്ചേഷ്ടരായിരിക്കുന്നതായിട്ടാണു്. അവർ കണ്ട അഗ്നി ഭൗതികമല്ലെന്നും അതു ദൈവസ്നേഹാഗ്നിയുടെ പ്രതിഫലനമായിരുന്നുവെന്നും ഒടുവിൽ ആഗതർ മനസ്സിലാക്കി. അവരുടെ ഹൃദയങ്ങളിലും ആ സ്നേഹാഗ്നി ആളിക്കത്തി; അവർ ഭക്തിപരവശരായി സസന്തോഷം പിരിഞ്ഞുപോയി.

അൽവേർണ്യായിൽവച്ചു പഞ്ചക്ഷതധാരിയായിത്തീർന്ന ഫ്രാൻസിസ് പോർഷ്യുങ്കുളായിലേയ്ക്കുള്ള മടക്കയാത്രയിൽ ക്ലാരയേയും സഹോദരികളേയും കാണുന്നതിനായി സാൻഡോമിയാനിലേയ്ക്കു പോയി. അതിദാരുണമാംവണ്ണം അദ്ദേഹത്തെ പീഡിപ്പിച്ചിരുന്ന നേത്രരോഗം ഇത്തരുണത്തിൽ അതിൻെറ അത്യുച്ചാവസ്ഥയിലെത്തി. യാത്ര ചെയ്യാൻ അദ്ദേഹത്തിനു യാതൊരു നിവ്വാഹവുമില്ലായിരുന്നു. അദ്ദേഹത്തിനും സഹോദരന്മാക്കും താമസിക്കാൻ ക്ലാര ഒരു വള്ളിക്കുടിൽ നിമ്മിച്ചു. പാദത്തിലെ മുറിവുമൂലം നടക്കുക അദ്ദേഹത്തിനു മിക്കവാറും അസാദ്ധ്യമായിരുന്നതിനാൽ വെള്ളത്തോലുകൊണ്ടുള്ള ഒരുജോടി ചെരുപ്പും, ഹൃദയഭാഗത്തുള്ള മുറിവിൽനിന്നൊഴുകുന്ന രക്തം തുടയ്ക്കുന്നതിനു കുറെ വെള്ളത്തുണിയും അവൾ സജ്ജമാക്കി. ഇവ ഇന്നും അസ്സീസിയിലെ ക്ലാരമഠത്തിൽ സൂക്ഷിച്ചിട്ടുണ്ടു്, നാല്പതുദിവസം അദ്ദേഹത്തിൻെറ സുഖത്തിലും ദുഃഖത്തിലും ആ പുത്രികളും പങ്കുകൊള്ളുവാനിടയായി. ക്ലാരയ്ക്കും സഹോദരികൾക്കും സജീവമായ ആ ക്രൂശിതരൂപം നോക്കിധ്യാനിക്കാൻ സാധിച്ചതിൽ അത്യധികം ആനന്ദമുണ്ടായി. സ്വർഗ്ഗീയസൗഭാഗ്യത്തിനു താനും വിളിക്കപ്പെട്ടിരിക്കുന്നുവെന്നു് ഒരു ദിവ്യദർശനം ഫ്രാൻസിസിനു് ആ പർണ്ണശാലയിൽവച്ചുണ്ടായി. അപ്പോൾ രചിച്ചതാണു് "സൂര്യസ്തവം" എന്ന വിശേഷാ

ന്തര ഗാനം. നാല്പതുദിവസംകഴിഞ്ഞ് അദ്ദേഹം അവരോടു യാത്രപറഞ്ഞു. അവസാനത്തെ അഭിമുഖസംഭാഷണവും കൂടി ക്കാഴ്ചയുമായിരുന്നു അതു്.

ലോകത്തോടു യാത്രപറയാനുള്ള ദിവസങ്ങൾ അടുത്തു വെന്നു് അദ്ദേഹം ഗ്രഹിച്ചു. മരണമാകുന്ന സഹോദരിയുടെ ആശ്ലേഷം പ്രതീക്ഷിച്ചുകിടക്കുന്ന ആ യതിവര്യൻ തൻെറ പ്രിയ കുമാരികളേയും സമാശ്വസിപ്പിക്കാൻ മറന്നില്ല. അദ്ദേഹം അവക്കു് ഒരു ലേഖനം അയച്ചുകൊടുത്തു "നിങ്ങളുടെ പ്രിയ സഹോദരനായ ഫ്രാൻസിസ്, മഹോന്നതനായ മിശിഹായു ടേയും അവിടുത്തെ വിമല മാതാവിൻെറയും ജീവിതവും ദാരി ദ്ര്യവും നിങ്ങൾ അനുകരിക്കാനും ആമരണം അതിൽ സു സ്ഥിരമായി നില്ക്കുവാനും അഭിലഷിക്കുന്നു. ഈ ജീവിതരീതി യിലും ദാരിദ്ര്യനിഷ്ഠയിലും നിങ്ങൾ നിലനില്ക്കണമെന്നു് ഞാ നപേക്ഷിക്കുന്നു. ഇതിനു വിപരീതമായി എത്ര മഹോന്നത വ്യക്തികൾതന്നെ നിങ്ങളെ പ്രേരിപ്പിച്ചാലും നിങ്ങൾ വ്യതി ചലിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധയുള്ളവരായിരിക്കണം." ഈ ലേഖനം ക്ലാര തൻെറ നിയമാവലിയോടു് സംയോജി പ്പിച്ചു. അതായിരുന്നു അദ്ദേഹത്തിൻെറ അന്ത്യശാസനം. അതുതന്നെ ക്ലാരസഭയുടെ പിതൃസ്വത്തും. കൂടാതെ പലവി ധ ഉപദേശങ്ങളും ആശ്വാസവാക്കുകളും അദ്ദേഹം പറഞ്ഞ യച്ചു. തല്ക്കാലം കാണാത്തതിൽ ദുഃഖിക്കരുതെന്നും, വീണ്ടും ക്ലാരയ്ക്കും സഹോദരിമാക്കും തന്നെ കാണാൻ കഴിയുമെന്നും അദ്ദേഹം അറിയിച്ചു. 1226 ഒക: 3-ാംതീയതി ആ ഉംബ്രി യൻ പരിഷ്കത്താവു് ദാരിദ്ര്യമണവാട്ടിയുടെ മടിത്തടത്തിൽ കിടന്നു് മൃത്യുവരിച്ചു. ക്ലാരയുടേയും അവളുടെ സഹോദരി കളുടേയും ശോകം അപാരമായിരുന്നു. ആ പാവനചരി തൻെറ മൃതദേഹം സംസ്കാരത്തിനു കൊണ്ടുപോയവഴിക്കു് അദ്ദേഹത്തിൻെറ പ്രിയപുത്രികൾകൂടി കണ്ടു് വിരഹവന്ദനം പറയുവാൻവേണ്ടി സഹോദരന്മാർ സാൻഡാമിയാനോയി

ലേയ്ക്കും ആനയിച്ചു. സഹോദരികരം തങ്ങളുടെ സംപൂജ്യ താതൻെറ കരം ചുംബിച്ചു. വിരലിൽനിന്നു് ഒരു നഖം പിഴ തെടുക്കാൻ ചെയ്ത ശ്രമം വിഫലമായെങ്കിലും ക്ലാര അദ്ദേഹ ത്തിൻെറ വക്ഷസ്സിൽ നിന്നു് ഒലിച്ചിരുന്ന രക്തത്തിൽ ഒരു തൂവാല മുക്കിയെടുത്തു് അതൊരു അമൂല്യസമ്പത്തായി സൂക്ഷിച്ചു. മൃതദേഹം അവിടെനിന്നു് വി. ഗീവർഗീസിൻെറ ദൈവാലയത്തിലേയ്ക്കു സംവഹിക്കപ്പെട്ടപ്പോരം ക്ലാരയും പുത്രികളും ഹൃദയം വിങ്ങി വിലപിച്ചു. "ഞങ്ങളുടെ കണ്ണുകരംക്കു വെളിച്ചവും, കരങ്ങരംക്കു താങ്ങും ബലക്ഷയത്തിൽ ശക്തിയുമായിരുന്ന പ്രിയ പിതാവേ, അങ്ങുവേർപെട്ടാൽ പിന്നീടു ഞങ്ങളുടെ സ്ഥിതിയെന്തു്?" പക്ഷേ ധീരവതിയും ദൈവചിത്തത്തിനു വിധേയയുമായിരുന്ന ക്ലാര ക്രമേണ ശാന്തചിത്തയായിത്തീൎന്നു. അവക്കു ലഭിച്ച ആ വിലപ്പെട്ട തിരുശ്ശേഷിപ്പും അവക്കു് ആശ്വാസദായകമായി. രണ്ടു വഷത്തിനുശേഷം അതായതു് 1228-ൽ തങ്ങളുടെ പിതാവു് ബലിപീഠവണക്കത്തിനു് അർഹനാണെന്നു് തിരുസ്സഭാനാഥൻ ഔദ്യോഗികമായി പ്രഖ്യാപിച്ചപ്പോരം മററാരേയുംകാരം കൂടുതലായി ആനന്ദിച്ചതു് ആ ഷേഫീകന്യകതന്നെയായിരുന്നു. ക്ലാര തൻെറ ആദ്ധ്യാത്മികപിതാവിനെ ഇരുപത്തിയേഴുസംവത്സരങ്ങരം അതിജീവിച്ചു. അക്കാലമത്രയും ക്ലേശങ്ങളുടേയും ആശ്വാസങ്ങളുടേയും പാതയിൽക്കൂടി അവരം മാറിമാറി ചരിച്ചുകൊണ്ടിരുന്നു.

ക്ലാരയുടെ പ്രിയ മാതാവായ ഒത്തലോനായുടേയും തൻെറ ശിഷ്യഗണത്തിൽപ്പെട്ട പലരുടേയും ചരമം അവളെ ദുഃഖത്തിലാഴ്ത്തി. പക്ഷേ അവരിൽ ഫിലിപ്പാമരേരി എന്ന സഹോദരിയുടെ ശവകുടീരത്തിൽ നടന്ന അത്ഭുതങ്ങളും അവരംക്കു തിരുസ്സഭ നല്കാനുദ്ദേശിച്ച വിശുദ്ധപദബഹുമതിയും ക്ലാരയ്ക്കു് വളരെയധികം സമാശ്വാസം പ്രദാനം ചെയ്തു. അങ്ങനെ ത

ൻെറ ഗോത്രനാഥൻെറ ആദർശങ്ങളെ ഫലമണിയിക്കുന്നതു് തൻെറ ജീവിതകാലത്തുതന്നെ കാണുവാനിടയായതിൽ ആ സഭാനേത്രി ദൈവത്തിനു കൃതജ്ഞത പ്രകാശിപ്പിച്ചു.

# 12

# ക്ലാരസഭ വിദേശങ്ങളിൽ

അനുനിമിഷം അധഃപതിച്ചുകൊണ്ടിരുന്ന ലോകത്തെ സമുദ്ധരിക്കുകയെന്ന പാവനമായ ഉദ്ദേശമായിരുന്നു സഭാസ്ഥാപനത്തിനു് ഫ്രാൻസിസിനെ പ്രേരിപ്പിച്ചതു്. അദ്ദേഹത്തിൻെറ കാലത്തുതന്നെ സാധുസന്യാസസഭയുടേയും, 'പാവപ്പെട്ട ക്ലാരകളു'ടേയും ശാഖകൾ പടർന്നു പന്തലിക്കുന്നതു കാണുവാനുള്ള ഭാഗധേയം അദ്ദേഹത്തിനു കൈവന്നു.

ക്ലാരയ്ക്കു് അഭയം നല്കിയ വി. പൗലോസിൻെറയും, ആഞ്ജലോട് പാൻസോയിലേയും ബനഡിക്ടൻമഠങ്ങൾ പരി· സിംഹാസനത്തിൻെറ അനുവാദത്തോടുകൂടി ക്ലാരസഭയിൽ ലയിച്ചു. അതുപോലെതന്നെ അങ്കോണായിൽ സാൻസെവരീനോ, ഉമ്പ്രിയായിൽ സ്പെല്ലോ എന്നീസ്ഥലങ്ങളിലെ ബനഡിക്ടൻ ആശ്രമങ്ങളും ക്ലാരസഭയോടു സംയോജിക്കപ്പെട്ടു, ഫ്ളോറൻസിലെ ബനഡിക്ടൻമഠവും ക്ലാരമഠമായി പകർന്നു. അവിടത്തെ ശ്രേഷ്ഠാധിപയായി നിയമിച്ചതു് ആഗ്നസിനെയാണു്. തൻെറ സഹോദരിയോടൊത്തു് ആയുരന്തം ദൈവ

ശുശ്രൂഷ ചെയ്യാനായി കേവലം കൗമാരപ്രായത്തിൽത്തന്നെ ഐഹികസുഖങ്ങളെല്ലാം തൃണവൽഗണിച്ചുകൊണ്ടു് ആരു മറിയാതെ സ്വവസതിയിൽനിന്നു പലായനംചെയ്ത ആഗ്നസ് ഷേഫീ, ഈ വിരഹവേളയിൽ അനുഭവപ്പെട്ട വ്യസന ഭാരം താങ്ങാൻ തീരെ അശക്തയായി കാണപ്പെട്ടു. പക്ഷേ, ദൈവചിത്തം തൻെറ സഭാനായകൻെറ കല്പനയിൽ ദർശിച്ച ആഗ്നസ്, സ്വാഭാവികപ്രവണതയെ വിഗണിക്കുന്നതിൽ മററാരെയും അതിശയിക്കുകതന്നെചെയ്തു. 1219 മുതൽ 1253-ൽ ക്ലാരയുടെ അന്ത്യദിനം സമാഗതമാകുന്നതിനു് ഏതാനുംദിവസംമുമ്പുവരെ ആഗ്നസ് അവിടെത്തന്നെ മഠാധിപയായി ഭരണം നടത്തി. അക്കാലത്തു് സഭയുടെ സുസ്ഥിതിക്കും പ്രചരണത്തിനുംവേണ്ടി പല വൻകാര്യങ്ങളും ആഗ്നസ് നിർവ്വഹിച്ചിട്ടുണ്ടു്. സ്പെല്ലോയിലെ മഠാധിപയായി, സഭാനേതാവായ ഫ്രാൻസീസ് നിയമിച്ചതു് ക്ലാരയുടെ ഭാഗിനേയിയായ ബാംബീനായെയായിരുന്നു. ഇററലിയിൽ പലസ്ഥലത്തും ക്ലാരസഭ പ്രചരിച്ചു. റോമിൻെറ ഹൃദയഭാഗത്തു്, പരി.പിതാവിൻെറ ആഗ്രഹപ്രകാരംതന്നെ ഇതിൻെറ ഒരുശാഖ സംസ്ഥാപിതമായി.

പാവപ്പെട്ട ക്ലാരകളുടെക്കൂട്ടത്തിൽചേർന്ന ഒന്നാമത്തെ രാജകുടുംബാംഗം ബൊഹേമ്യായിലെ ഒട്ടോക്കർരാജാവിൻെറ പുത്രി ആഗ്നസ് രാജകുമാരിയാണു്. ജർമ്മൻചക്രവർത്തിയായ ഫ്രെഡറിക്ക്, ഇംഗ്ലണ്ടിലെ രാജാവായ ഹെൻറി എന്നിവർ ആഗ്നസിനെ വിവാഹം കഴിക്കുവാൻ ആഗ്രഹിച്ചു. ചക്രവർത്തിയുടെ ഇംഗിതം അനുവർത്തിക്കാൻ ഒട്ടോക്കർരാജാവു് സന്നദ്ധനുമായി. എന്നാൽ പത്തുവയസ്സായിരുന്നപ്പോഴംതന്നെ തൻെറ കന്യാത്വം ദിവ്യജനനിയുടെ സമക്ഷം ദൈവത്തിനു സ്വയം സമർപ്പിച്ചിരുന്ന ആഗ്നസ് പരി. സിംഹാസനത്തെ അഭയം ഗമിച്ചു. ഗ്രിഗരി നവമൻ മാർപ്പാപ്പാ ആഗ്നസിൻെറ ആഗ്രഹത്തെ അംഗീകരിക്കുകയാണു ചെയ്തതു്. ഭഗ്നാശനായ

ചക്രവത്തി അങ്ങനെ ശാന്തനായി. "അവാം എന്നെ പരിത്യജിച്ച് മറെറാരു പുരുഷനെയായിരുന്നു സ്നേഹിച്ചിരുന്നതെങ്കിൽ സേനാസന്നാഹങ്ങളോടുകൂടി ഞാൻ പ്രതികാരം ചെയ്യുമായിരുന്നു. എന്നാൽ സ്വർഗ്ഗീയവരനെ എന്നേക്കാം കൂടുതൽ അവാം ഇഷ്ടപ്പെടുന്നതിൽ എനിക്കല്പവും വിരോധമില്ല," എന്നാണ് ചക്രവത്തി പറഞ്ഞതു്. ആഗ്നസ് ദാരിദ്ര്യത്തിൻെറ അഭൗമജ്യോതിസ്സിനെപ്പററി ക്ലാരയുടെ കത്തിൽനിന്നുഗ്രഹിച്ച് പ്രാപഞ്ചികമായ സമ്പത്സമൃദ്ധിയേയും പ്രതാപമഹത്വങ്ങളേയും സസന്തോഷം ത്യജിക്കയും ഇദംപ്രഥമമായി പ്രേഗിൽ സ്ഥാപിക്കപ്പെട്ട ക്ലാരമഠത്തിൽ ഒന്നാമത്തെ അംഗമായിച്ചേരുകയും ചെയ്തു. പാപ്പായുടെ പ്രതിനിധിതന്നെ അവാംക്കു സഭാവസ്ത്രംനൽകി. തദവസരത്തിൽ സന്നിഹിതരായിരുന്ന മഹോന്നതവ്യക്തികാം രാജകുമാരിയുടെ ത്യാഗസന്നദ്ധതയിൽ ആശ്ചര്യംപൂണ്ടു. ആഗ്നസിനു ലഭിച്ച സ്ഥാവരജംഗമവസ്തുക്കളെഖിലവും അവാം പരിത്യജിക്കുകയും ദാരിദ്ര്യത്തിൻെറ ആശ്ലേഷത്തിൽ ആനന്ദംകണ്ടെത്തുകയുംചെയ്തു. മാത്രമല്ല, മേലിൽ ആരും തന്നേയും സഖികളേയും ഇക്കാര്യത്തിൽ അലട്ടരുതെന്നുള്ള ഒരു നിരോധനാജ്ഞ പരി. സിംഹാസനത്തിൽനിന്നു് അവാം കരസ്ഥമാക്കുകയുംചെയ്തു. ക്ലാരയുടേതായി കണ്ടുകിട്ടിയിട്ടുള്ള അഞ്ചുവിശിഷ്ടലേഖനങ്ങളിൽ നാലും ഈ ആഗ്നസിനു് എഴുതിയവയാണ്.

ഫ്രാൻസും ക്ലാരയുടെ ശിഷ്യകളെ ആകാംക്ഷാപൂർവ്വം കാത്തിരുന്നു. 1220-ൽ റീംസ്നഗരത്തിൽ സഭയുടെ ഒരു ശാഖ സ്ഥാപിക്കപ്പെട്ടു. ഫ്രാൻസുരാജാവായ ലൂയീസിൻെറ സഹോദരി ഇസബെല്ല രാജകുമാരി, ജർമ്മൻചക്രവത്തിയായ ഫ്രെഡറിക്ക് ദ്വിതീയൻെറ പുത്രൻ കൊൺറാഡിനു വധുവായി നിശ്ചയിക്കപ്പെട്ടു. പക്ഷെ സ്വർഗ്ഗരാജൻെറ പത്നീപദംമാത്രം അഭിലഷിച്ച രാജകുമാരി, പ്രസ്തുത വിവാഹാലോചനയെ ധൈര്യപൂർവ്വം തിരസ്കരിക്കയാണുണ്ടായതു്. തന്നെയുമല്ല പാരീസ്

നഗരത്തിൽ ലോഗ്ചാമ്പ് എന്ന സ്ഥലത്ത് ക്ലാരസഹോദ രികളുടെ ഒരാശ്രമം സ്ഥാപിക്കണമെന്നും അവിടെ ഏകാന്ത ജീവിതം നയിക്കാനാണ് താൻ ആഗ്രഹിക്കുന്നതെന്നും ഇസ ബെല്ലാ സ്വസഹോദരനായ മഹാരാജാവിനെ അറിയിക്കുകയും ചെയ്തു. ഫ്രാൻസിസ്കൻ ആദർശത്തെ നേരത്തെതന്നെ ജീവി തത്തിൽ പകർത്തികൊണ്ട് ഒരുമൂന്നാംസഭാംഗമായി അതിൻെറ പ്രചുരപ്രചാരത്തിനു പരിശ്രമിച്ചിരുന്ന മഹാരാജാവിനു് അ തു് സന്തോഷാവഹമായിരുന്നു. അങ്ങനെ 1253-നുശേഷം ക്ലാരസഭ പാരീസിൽ ലോംഗ്ചാമ്പിൽ സ്ഥാപിച്ചു. 1220-ൽ തന്നെ റീംസ്നഗരത്തിൽ സ്ഥാപിതമായിരുന്ന ആശ്രമത്തിൽ നിന്നു നാലു ക്ലാരസഹോദരികൾ പുതിയ ഭവനത്തിൽ താമസ മാക്കി. അതോടെ സഭാപ്രവേശനം ആഗ്രഹിച്ചുകൊണ്ട് അ നവധി യുവതികൾ ലോംഗ്ചാമ്പിൽ എത്തി. അവരിൽ ഭൂ രിപക്ഷവും പ്രഭുകുമാരികളായിരുന്നു. 1259-ൽ ഇരുപതു യുവ തികൾ ക്ലാരസഭാവസ്ത്രംധരിച്ചു. രാജാവും ഇസബെല്ലാരാജകു മാരിയും തദവസരത്തിൽ സന്നിഹിതരായിരുന്നു. 1261-ൽ ഇസബെല്ലാരാജകുമാരി രാജകീയാഡംബരങ്ങൾവെടിഞ്ഞു് എ ളിയസന്യാസവസ്ത്രമണിഞ്ഞു. ഈ ആശ്രമസ്ഥാപനം ക്ലാര സഭയുടെ ചരിത്രത്തിൽ ഒരു നവീനാദ്ധ്യായംതന്നെ തുറന്നു. രാജകുമാരിയെ അനുകരിച്ച് അനേകംപേർ സന്യാസംവരി ക്കുകയുണ്ടായി. ഇസബെല്ല ഉത്തമ ക്ലാരസഭാംഗമായി ജീവി ച്ച് പുണ്യപരിപൂർണ്ണയായി പരലോകംപ്രാപിച്ചു. ഇന്നവൾ വാഴ്ത്തപ്പെട്ട ഇസബെല്ലയെന്നു തിരുസഭയാൽ പ്രകീർത്തിക്ക പ്പെടുന്നു. ഫ്രാൻസിലെ അനേകം പട്ടണങ്ങൾ ക്ലാരമഠസ്ഥാപ നത്തിനായി ജാഗ്രത പ്രകടിപ്പിച്ചു. കന്യകകളുടെ പ്രാർത്ഥന തൻെറ രാജ്യത്തിനു് അജയ്യമായ ഒരു കോട്ടയായി രാജാവും കരുതിയിരുന്നു.

1233-ൽ സ്പെയിനിൽ ആസ്ഥാനമുറപ്പിച്ചിരുന്ന കന്യക കളുടെ ഗണത്തിൽ ക്ലാരയുടെ ഭാഗിനേയിമാരായ ആഗ്നസ്,

ക്ലാറ ഇവരും ഉൾപ്പെട്ടിരുന്നു. അക്കാലത്തുതന്നെ ജർമ്മനി, ബൽജിയം മുതലായ രാജ്യങ്ങളിലും പ്രസ്തുതസഭയ്ക്കു പ്രചുരപ്രചാരം സിദ്ധിച്ചു. ബൽജിയത്തിൽ എർമെൻട്രൂഡ് എന്നകന്യകയുടെ ഉത്സാഹഫലമായിട്ടാണ് ഈ സഭയുടെ ശാഖ സ്ഥാപിക്കപ്പെട്ടതു്. ക്ലാര തൻെറ അമൂല്യമായ ലേഖനങ്ങളാൽ ഈ കന്യകാരത്നത്തോടുള്ള മമത വ്യക്തമാക്കിയിട്ടുണ്ടു്. ഇങ്ങിനെ അപ്പിനൈൻപർവ്വതനിരകളേയും അതിലംഘിച്ച് ക്ലാരയുടെ ആദർശം യൂറോപ്പിൻെറ നാനാഭാഗത്തും അതിവേഗം പ്രചരിച്ചു. അവളുടെ സന്യാസചൈതന്യം അന്ധകാരമയമായിരുന്ന ലോകത്തിനു് ആശ്വാസകരമായി ഭവിച്ചു.

# 13

## അസ്സീസിയുടെ സംരക്ഷക

സഭയുടേയും രാഷ്ട്രത്തിൻേറയും ചരിത്രത്തിൽ അത്യധികം ഇരുളടഞ്ഞ ഒരു കാലഘട്ടമായിരുന്നു 13-ാം നൂററാണ്ടു്. സഭാധികാരികളും രാഷ്ട്രത്തലവന്മാരും തമ്മിൽ പല തെററിദ്ധാരണകളും കലഹങ്ങളും നടന്നുകൊണ്ടിരുന്നു. സഭയുടെ അധികാരാവകാശങ്ങളെ ചോദ്യംചെയ്യാനും കൈയ്യടക്കാനും രാജാക്കന്മാരും ചക്രവർത്തിമാരും ഒരുമ്പെട്ടു. അങ്ങനെ വിപ്ലവത്തിൻെറ ഭയാനകമായ കാഹളശബ്ദം ഇററലിയിലും മുഴങ്ങികൊണ്ടിരുന്ന ഭീകരാവസരത്തിലായിരുന്നു, ക്ലാരയും സഹവർത്തിനികളും പ്രാർത്ഥനയും പരിഹാരവുമനുഷ്ഠിച്ചുകൊണ്ടു് ഏകാന്തവാസം നയിച്ചതു്.

1240-ൽ ജർമ്മനിയുടെ അധിപനായ ഫ്രെഡറിക്ക് പ്രതിയൻ, മാർപ്പാപ്പായ്ക്കെതിരായി ഇററലിയെ ആക്രമിക്കാൻ ഒരു മഹമ്മദീയസേനയെ നിയോഗിച്ചയച്ചു. അവർ സ്പ്പോളേറേറാതാഴ്വരയിൽ കൂടാരമടിച്ചുകൊണ്ടു്, കൃഷിസ്ഥലങ്ങൾ അഗ്നിക്കിരയാക്കുക, വസ്തുവകകൾ കൊള്ളയടിക്കുക, സ്ത്രീകളെ അവമാനിക്കുക മുതലായി അതിനീചവും മ്ളേച്ഛവുമായ പല വിക്രിയകളും കാട്ടിക്കൂട്ടി. ഒരുദിവസം പാതിരാവിൽ ആ കശ്മലന്മാർ സാൻഡാമിയാനോ കൈയേറാൻവേണ്ടി മതിലിന്മേൽ വലിഞ്ഞുകയറി, അട്ടഹാസവും കൂക്കുവിളികളുംകേട്ട് ഞെട്ടിയുണർന്ന സഹോദരികൾ കണ്ടതു് നീചന്മാരായ ആ പടയാളികൾ തങ്ങളുടെ ആവൃതിക്കുള്ളിൽ കടക്കാൻ ബദ്ധപ്പെടുന്നതാണു്. ഭയാക്രാന്തരായ സഹോദരികൾ രോഗശയ്യയിലായിരുന്ന, ക്ലാരയുടെ അടുത്തേയ്ക്കു് ഓടി. "അമ്മേ, പട്ടാളക്കാർ" ഭയചകിതരായി അവർ വിലപിച്ചു. ക്ലാരയുടെ നിർദ്ദേശപ്രകാരം രണ്ടുസഹോദരികൾ അവളെ താങ്ങിപ്പിടിച്ച് കപ്പേളയിലേയ്ക്കു് ആനയിച്ചു. "നാഥാ, നീചന്മാരായ ഈ സാരസസേനയിൽ നിന്നു ഞങ്ങളെ രക്ഷിക്കേണമെ" സാഷ്ടാംഗം പ്രണമിച്ചുകൊണ്ടു് അവൾ പ്രാൎത്ഥിച്ചു. തത്സമയം തിരുസക്രാരിയിൽ നിന്നു് മധുരമഞ്ജുളമായ ഒരു ശബ്ദം മുഴങ്ങി. "മകളെ, ഭയപ്പെടേണ്ട. നിങ്ങൾക്കു യാതൊരു ആപത്തും സംഭവിക്കുകയില്ല. ഞാൻ നിങ്ങൾക്കു രക്ഷാകവചമായിരിക്കും." ക്ലാര വീണ്ടുംയാചിച്ചു. "ദയാനിധേ, ഞങ്ങളെ തീററിപ്പോററുകയും സഹായഹസ്തങ്ങൾ ഞങ്ങളുടെ മേൽ നീട്ടുകയും ചെയ്യുന്ന ഈ രാജ്യത്തേയും അങ്ങു പരിപാലിക്കേണമെ." മുൻ പറഞ്ഞ സാന്ത്വനം വീണ്ടും കേൾക്കപ്പെട്ടു. "നിൻെറ ജന്മനാടു് ധാരാളം ക്ലേശങ്ങൾ അനുഭവിക്കേണ്ടതുണ്ടു്. എങ്കിലും എൻെറ കരം അതിനൊരു താങ്ങായിരിക്കും." അവൾ ആ ആശ്വാസ വചസ്സുകളാൽ ഉന്മേഷവതിയായിത്തീൎന്നു. സഹോദരികളെ അവൾ സമാശ്വസിപ്പിച്ചു. ദിവ്യമായ ഏതോ പ്രചോദനത്താൽ പ്രേരിതയായി, ധൈര്യ

മവലംബിച്ചുകൊണ്ടു്, ക്ലാര തിരുസക്രാരി തുറന്നു വി. കുർ ബാന സൂക്ഷിക്കുന്ന തിരുപ്പാത്രം ഭക്തിപൂർവ്വം കരങ്ങളിൽ വ ഹിച്ചുകൊണ്ടു് തുറന്നുകിടന്ന ജാലകത്തിനടുത്തു് ആ സാരസ ന്മാരുടെ നേരെ നിലകൊണ്ടു. ആപ്രതീക്ഷിതമായ ആ ദർശന ത്താൽ മഹമ്മദീയസേന പരിഭ്രാന്തരായി. അവർ മതിലിൻെറ മുകളിൽനിന്നു് അസ്തപ്രജ്ഞരായി നിലംപതിച്ചു. അനന്തരം ഭീതിയോടെ നാലുപാടും വിരണ്ടോടുകയും ചെയ്തു. അങ്ങനെ ആശ്രമംമാത്രമല്ല, അസ്സീസിനഗരവും കൊള്ളക്കാരിൽനിന്നു രക്ഷപെട്ടു.

സംവത്സരങ്ങൾ നാലുകൂടികഴിഞ്ഞു. ഫ്രെഡറിക് തൻെറ സർവ്വസൈന്യാധിപനായ വിററാലെട് അവേഴ്സിൻെറ നേതൃത്വത്തിൽ വീണ്ടും കുറെ സൈന്യങ്ങളെ അസ്സീസിയിലേ യ്ക്കയച്ചു. തനിക്കു കീഴടങ്ങാത്തപക്ഷം പട്ടണവാസികളെ ആബാലവൃദ്ധം തൻെറ വാളിനിരയാക്കിത്തീർക്കുമെന്നു് ആ സേ നാനായകൻ വീരവാദം മുഴക്കി. ഫ്രെഡറിക്കിൻെറ ഈ അവി ചാരിതമായ ആക്രമണത്തിൽ, ആ ഭീമമായ സൈന്യത്തോടെ തിർത്തു് വെറും ന്യൂനപക്ഷമായ അസ്സീസിക്കാർ വിജയിക്കുക യില്ലെന്നു് സകലർക്കും ബോദ്ധ്യമായി. ഏതായാലും അക്രമി കൾക്കു കീഴടങ്ങാൻ ആരും സന്നദ്ധരായില്ല. ക്ലാരയും സഹോ ദരികളും പ്രായശ്ചിത്തവും പ്രാർത്ഥനയുമായി ജന്മനാടിൻെറ മോചനത്തിനായി സർവ്വശക്തനെ അഭയംപ്രാപിച്ചു. പിറേറ ദിവസം അസ്സീസിസേന, അവിചാരിതമായ സമയത്തു് ശത്രു സൈന്യങ്ങളുടെമേൽ പാഞ്ഞുവീണു. അതിവിപുലമായ ഒരു സൈന്യത്തോടു നേരിടേണ്ടിവന്നാലെന്നതുപോലെ ഭീതിയോ ടും പരാജയബോധത്തോടുംകൂടി ശത്രുക്കൾ ഭയവിഹ്വലരായി പലായനംചെയ്തു. പടനായകനായ വിററാലെ വധിക്കപ്പെ ട്ടു. അസ്സീസി അത്ഭുതകരമായി വീണ്ടും രക്ഷപെടുകയുംചെ യ്തു. ജർമ്മൻജനതയ്ക്കു നേരിട്ട ഭയങ്കരമായ ആഘാതമായിരുന്നു ഈ വിജയം. അതിനു കാരണക്കാരികൾ ആരാണെന്നു് പട്ടണ

വാസികൾക്ക് അജ്ഞാതമായിരുന്നില്ല. ക്ലാരയുടേയും പുത്രികളുടേയും പുണ്യയോഗ്യതകളും തീക്ഷ്ണമായ പ്രാർത്ഥനകളും തങ്ങളെ ഈ ആപൽസന്ധിയിൽ രക്ഷിച്ചുവെന്ന് അവരെല്ലാവരും കൃതജ്ഞതാപൂർവ്വം ഏററുപറഞ്ഞു. ഈ രണ്ടു സംഭവങ്ങളും ചരിത്രപക്ഷങ്ങളിൽ ലേഖനം ചെയ്യപ്പെട്ടിട്ടുള്ളവയാണ്. ആണ്ടുതോറും ജൂൺ 24-ാംതീയതി മതാത്മകവും, ദേശീയവുമായ ചടങ്ങുകളോടുകൂടി ആഘോഷിക്കപ്പെടുന്ന ഒരു മഹോത്സവമുണ്ട് അസ്സീസിയിൽ ഇന്നും. അന്ന് നഗരപ്രമാണികളാലും പൗരാവലികളാലും അനുഗതരായ മതാധികാരികൾ സാൻഡാമിയാനോയിലെത്തുന്നു. അവർ അസ്സീസിയുടെ വിമോചനവും അതിൻെറ ഹേതുകയുടെ സുന്ദരനാമവും കൃതജ്ഞതാപൂർവ്വം പ്രകീർത്തിക്കുകയും കീഴ്തലമുറയെ അനുസ്മരിപ്പിക്കുകയും ചെയ്യുന്നു. കൂടാതെ തങ്ങളേയും, തങ്ങളുടെ ജന്മദേശത്തേയും ലോകത്തെതന്നെ മുഴുവനും കാത്തുകൊള്ളണമെന്ന് ആ മഹാസിദ്ധയോട് അഭ്യർത്ഥിക്കുന്നതിനും അവർ വിസ്മരിക്കുന്നില്ല. ഏതെല്ലാം പരിവർത്തനങ്ങളും സംഘർഷാവസ്ഥയുമുണ്ടായാലും ഇന്നേവരെ വിഘാതമൊന്നുംതട്ടാതെ വർഷംതോറും ഇപ്രകാരം അസ്സീസിയുടെ ഈ വിമോചനദിനം കൊണ്ടാടപ്പെടുന്നു.

# 14

## അത്ഭുത പ്രവർത്തനം

ജീവിച്ചിരിക്കുന്ന വിശുദ്ധയെന്നുള്ള അപരനാമത്താൽ സമാദരിക്കപ്പെടത്തക്കവണ്ണം നിർമ്മലജീവിതം നയിച്ചവളാണ് ക്ലാര. ആ ബഹുമതിയെ സവിശേഷം മുദ്രണംചെയ്യുന്നവയാണ് അവരം ചെയ്ത അത്ഭുതസംഭവങ്ങളോരോന്നും. ക്ലാരയുടെ മരണശേഷം അവളുടെ നാമകരണച്ചടങ്ങിൽ നൽകപ്പെട്ട സാക്ഷ്യങ്ങളിൽ അനവധി അത്ഭുതങ്ങരം ഉരംപ്പെട്ടിട്ടുണ്ട്. വിസ്താരഭയത്താൽ അവയിൽ സുപ്രധാനമായ ചിലതു മാത്രമേ ഇവിടെ പ്രതിപാദിക്കാനുദ്ദേശിക്കുന്നുള്ളു.

സാരസന്മാരുടെമേൽ നേടിയ വിജയം മുമ്പു വിവരിച്ചിട്ടുണ്ടല്ലോ. മാനുഷികശക്തികരംക്കതീതമായ ഒരു സവിശേഷതയാണു നാം അതിൽ ദർശിക്കുന്നതു്. അവരം എത്രമാത്രം സ്വയംപര്യാപ്തതയിൽ ആശ്രയിക്കാതിരുന്നുവോ അത്രയധികം ദൈവത്തിൻെറ ശക്തിവിശേഷം അവളിൽക്കൂടി പ്രവത്തിച്ചു.

ഒരിക്കൽ ഉച്ചഭക്ഷണത്തിനുള്ള സമയമടുത്തു. അമ്പതു സഹോദരികരംക്കു ഭക്ഷിക്കാൻ ഒരേയൊരപ്പംമാത്രമേയുണ്ടായിരുന്നുള്ളു. കലവറവിചാരിപ്പുകാരിയായ സിസ്റ്റർ സെസീല്യാ ശ്രേഷ്ഠാധിപയെ സമീപിച്ച് പരിഭ്രാന്തിയോടെ വിവരം ധരിപ്പിച്ചു. ക്ലാരയാകട്ടെ അക്ഷോഭ്യയായി നിലകൊണ്ടു. "മകളേ, ആ അപ്പം രണ്ടായി മുറിച്ച് ഒരു കഷണം പോർഷ്യുങ്കുലായിലെ നമ്മുടെ സഹോദരന്മാക്കു കൊടുത്തയയ്ക്കുക. മറേറ പകുതി അമ്പതായി ഭാഗിച്ച് മേശയിൽ വിളമ്പുക." പുഞ്ചി

രിളുകിക്കൊണ്ടു് ഇത്രയുംപറഞ്ഞ ശ്രേഷ്ഠയെ നോക്കിക്കൊണ്ടു് സെസീല്യാ അത്ഭുതപൂർവ്വം ചോദിച്ചു. "നമ്മുടെ ദിവ്യരക്ഷകൻ അഞ്ചപ്പംകൊണ്ടു് അയ്യായിരംപേരെ തീററിയതുപോലുള്ള ഒരു അത്ഭുതംതന്നെ സംഭവിക്കാതെ ഇതെങ്ങിനെ സാധിക്കും?" "അതെ! ദിവ്യനാഥനു് ഇന്നും അതസാദ്ധ്യമല്ല. സിസ്റ്റർ ഞാൻ പറഞ്ഞതുപോലെ ചെയ്യൂ." ക്ലാര പ്രത്യുത്തരിച്ചു. സിസ്റ്റർ സെസില്യാ അതിവേഗം ആജ്ഞപോലെയെല്ലാം ചെയ്തു. മണിയടിച്ചു; ഭക്ഷണമുറിയിൽ സഹോദരികളെല്ലാം നിരന്നുകഴിഞ്ഞു. ക്ലാരയും സഹോദരികളും ഭക്തിപുരസ്സരം പ്രാർത്ഥനകൾ ഉരുവിട്ടു. ക്ലാര ഒരു അപ്പനുറുക്കെടുത്തു പിടിച്ചുകൊണ്ടു് സ്വർഗ്ഗത്തിലേയ്ക്കു കണ്ണുകളുയർത്തിനിന്നു. അത്ഭുതമേ! ആ അപ്പക്കഷണവും ഇതരകഷണങ്ങളും വർദ്ധിച്ചു വർദ്ധിച്ചു വന്നു. സകലരും ദൈവത്തെ വീണ്ടുംവീണ്ടും സ്തുതിച്ചുകൊണ്ടു് ഭക്ഷണംകഴിച്ചു തൃപ്തരാകുകയുംചെയ്തു.

മറെറാരു ദിവസം എണ്ണയ്ക്കായിരുന്നു ക്ഷാമം. ക്ലാര എണ്ണയിരുന്ന പാത്രം കഴുകിത്തുടച്ചു് എണ്ണ ഇരന്നു വാങ്ങുവാനായി ഒരു സഹോദരൻെറ കൈവശംകൊടുത്തു. പാത്രം വക്കവരെ നിറഞ്ഞിരിക്കുന്നതാണു് സഹോദരൻ കണ്ടതു്. "ഈ പെണ്ണുങ്ങൾ എന്നെ കബളിപ്പിക്കുകയാണു്" എന്നു പിറുപിറുത്തുകൊണ്ടു് തലഉയർത്തിയപ്പോൾ സഹോദരൻ കണ്ടതു് ക്ലാര സമാധിപൂണ്ടിരിക്കുന്നതാണു്. അദ്ദേഹം ദൈവത്തിനു കൃതജ്ഞതാസ്തോത്രം സമർപ്പിച്ചു.

ഒരിക്കൽ സാൻഡാമിയാനോ ഒന്നു സന്ദർശിച്ചു് ആ പരിശുദ്ധരായ കന്യകകളുടെ പുണ്യജീവിതം നേരിൽകണ്ടാനന്ദിക്കുന്നതിനും അവരുടെ പ്രാർത്ഥന അഭ്യർത്ഥിക്കുന്നതിനുമായി തിരുസ്സഭാദ്ധ്യക്ഷനായ ഇന്നസെൻറു് മാർപ്പാപ്പാതിരുമേനി അവിടെയെഴുന്നള്ളി. അദ്ദേഹം ക്ലാരയും സഹോദരിമാരുമായി സംഭാഷണം നടത്തുകയാണു്. തങ്ങളുടെ ഭക്ഷണസാധ

നം ആശീർവ്വദിച്ചുതരണമെന്നു് ക്ലാര തിരുമേനിയോടു് സവിനയം അപേക്ഷിച്ചു. പക്ഷേ, അപ്പം ക്ലാരതന്നെ ആശീർവ്വദിക്കണമെന്നായി പരിശുദ്ധ പിതാവു്. പാവനമായ കീഴ്വഴക്കത്തിൻെറ നാമത്തിൽ പരി. പിതാവു് നൽകിയ കല്പന നിഷേധിക്കാനാവാതെ വിധേയത്വത്തിൻെറ പ്രതീകമായ ക്ലാര ഭക്തിപൂർവ്വം ആ അപ്പങ്ങൾ ആശീർവ്വദിച്ചു. ഉടനെ മേശയിൽ വിളമ്പിയിരുന്ന അപ്പങ്ങൾ ക്രൂശിൻെറ ചിഹ്നത്താൽ മുദ്രിതമായിരിക്കുന്നതുകണ്ടു് പത്രോസിൻെറ പിൻഗാമിയും അദ്ദേഹത്തിൻെറ സഹഗാമികളും അത്ഭുതപരതന്ത്രരായി. കുറെ അപ്പം തൻെറ പ്രത്യാഗമനത്തിൽ കൂടെ കൊണ്ടുപോകാൻ പരി. പിതാവു മറന്നില്ല.

ഫ്രാൻസിസിൻെറ ശിഷ്യന്മാരിലൊരാളായ സ്റ്റെഫാനോ സഹോദരനു ബുദ്ധിഭ്രമം നേരിട്ടു. അദ്ദേഹം രോഗിയെ ക്ലാരയുടെ പക്കലേയ്ക്കയച്ചു. സഹോദരൻ ക്ലാരയുടെ സമീപത്തെത്തിയ ഉടനെ അവൾ കുരിശിൻെറ അടയാളത്താൽ അദ്ദേഹത്തെ ആശീർവ്വദിക്കുകയും രോഗി പൂർണ്ണസുഖം പ്രാപിക്കുകയുംചെയ്തു.

സിസ്റ്റർ അമാത്തായുടെ കഠിനജ്വരവും നീരും, സി. ബൽവനൂത്താ ഗ്ലിസ്ലേരിയായുടെ സ്വരനഷ്ടവും, സി. പസിഫിക്കായുടെ ഭയങ്കരപനിയും, സി. ആൻറേയുടെ കണ്ഠരോഗവും, സി. ഫ്രാൻസെസിൻെറ ശിരോരോഗവും, സി. ക്രിസ്തീനായുടെ ബാധിര്യവും, അസ്സീസിയിലെ സി. ബൽവനൂത്തായുടെ ഭയങ്കരവ്രണവും സ്വർഗ്ഗീയ ഭിഷഗ്വരൻെറ സഹായം അഭ്യർത്ഥിച്ചുകൊണ്ടു് കുരിശടയാളത്താൽമാത്രം അവൾ സുഖപ്പെടുത്തി. കൂടാതെ ഒരിക്കൽ ആതുരാലയം സന്ദർശിച്ചപ്പോൾ ക്ലാര കണ്ടതു് തൻെറ പുത്രിമാരിൽ അഞ്ചുപേർ കഠിനരോഗത്താൽ ബാധിക്കപ്പെട്ടിരിക്കുന്നതാണു്. അവൾ വേഗം പ്രാർത്ഥനാപൂർവ്വം അവരുടെമേൽ കുരിശടയാളം വരച്ചു. തൽക്ഷണം

അവരെല്ലാം ആരോഗ്യപൂർണ്ണരായി എഴുന്നേററ് ദൈവത്തിന്ന നന്ദിപറഞ്ഞു.

അസ്സീസിയിലും പരിസരങ്ങളിലുംനിന്നു രോഗശമനാർത്ഥം ക്ലാരയുടെ പക്കലേയ്ക്കു വന്നെത്തിയിരുന്നവർക്ക് കണക്കില്ല. അവരെയെല്ലാം മുൻപറഞ്ഞ ദിവ്യമായ ഉപാധിയാൽ അവൾ സ്വാസ്ഥരാക്കി അയച്ചിരുന്നു.

"ക്ലാരയുടെ പ്രാർത്ഥന എന്നെ ദഹിപ്പിക്കുന്ന അഗ്നിയാണ്" എന്നത്രെ പിയാസ്സായിലെ ഒരു പിശാചുബാധിതൻ ആക്രോശിച്ചതു്.

മററുള്ളവരുടെ ഹൃദയരഹസ്യങ്ങൾ ഗ്രഹിക്കത്തക്ക അന്തർദൃഷ്ടിയും അവൾക്കുണ്ടായിരുന്നു. ക്ലാരയുടെ ഒരേയൊരു വാക്കുകൊണ്ടുമാത്രം മനസ്വാസ്ഥത പ്രാപിച്ചവരുമുണ്ട്. അങ്ങനെ കരുണാമയിയായ ആ മാതാവ് ആർത്തർക്ക് ആശ്വാസവും അശ്ശരണർക്ക് ആലംബവുമായിരുന്നു.

# 15

# ദിവ്യസിദ്ധികൾ

ക്ലാര ഒരു അത്ഭുതപ്രവർത്തകയും, പുണ്യശ്ലോകയുമായി ജനതാമദ്ധ്യത്തിൽ പ്രകീർത്തിക്കപ്പെട്ടുകഴിഞ്ഞു. എന്നാൽ അവളുടെ മററ് അത്ഭുതസിദ്ധികളെപ്പററി അധികംപേർ അറിഞ്ഞിരുന്നില്ല.

ഒരു ക്രിസ്മസ് കാലം. കഠിനരോഗം ബാധിച്ചു് ക്ലാര ശയ്യയെ അവലംബിച്ചിരിക്കുകയാണു്. ക്രിസ്തീയലോകം അവതാരംചെയ്ത പരംപൊരുളിന്റെ ആഗമനത്തിൽ "ഹല്ലേലൂയ്യാ" പാടുന്ന ആ പാതിരാവിൽ സഹോദരികളെല്ലാവരും ദൈവാലയത്തിൽ സമ്മേളിച്ചു. എന്നാൽ ക്ലാരയ്ക്കു് അവിടെ നടക്കുന്ന പരിശുദ്ധ കർമ്മങ്ങളിൽ പങ്കുകൊള്ളുവാൻ വഹിയാതെ രോഗശയ്യയിൽ കഴിച്ചുകൂട്ടേണ്ടിവന്നു. പിറവിത്തിരുനാളിന്റെ ആഘോഷങ്ങളിൽ പങ്കെടുത്തശേഷം തങ്ങളുടെ അതിനാഥയെ ആശ്വസിപ്പിക്കുവാൻ സഹോദരികൾ അവളുടെ പക്കലെത്തി. കാരണം, അന്നത്തെ ദിവ്യകർമ്മങ്ങളിൽ സംബന്ധിക്കുവാനും, ദിവ്യകാരുണ്യനാഥനെ സ്വീകരിക്കുവാനും അവൾക്കു ഭാഗ്യം ലഭിക്കാഞ്ഞതിൽ അവർക്കെല്ലാം ആത്മാർത്ഥമായ സഹതാപമുണ്ടായിരുന്നു. പക്ഷേ, ക്ലാര ഉന്മേഷവതിയും പ്രസന്നമുഖിയുമായി കാണപ്പെട്ടു. അവൾ പറഞ്ഞു. "പ്രിയപ്പെട്ട സഹോദരികളേ, നമ്മുടെ സഭാസ്ഥാപകനായ വി. ഫ്രാൻസിസിന്റെ മാദ്ധ്യസ്ഥത്താൽ ദൈവം എനിക്കു വലിയ ഒരു കാരുണ്യം പ്രദാനംചെയ്തു. വി. ഫ്രാൻസിസിന്റെ ദൈവാലയത്തിലെത്തി പാതിരാകുർബാനയിൽ സംബന്ധിക്കുന്നതിനും ദിവ്യഭോജനം അനുഭവിക്കുന്നതിനും ദൈവം എന്നെ അനുവദിച്ചു." സംഭവവിവരണം ശ്രവിച്ച സഹോദരികൾ അത്ഭുതപരതന്ത്രരായി. അവരുടെ ശ്രേഷ്ഠാധിപ ആഭ്യന്തരവും ശാരീരികവുമായവിധം ദൈവികമഹത്വത്തെ ആസ്വദിച്ചാനന്ദിച്ചതിൽ അവളോടൊത്തു് അവരും ദൈവത്തിനു കൃതജ്ഞത പ്രകാശിപ്പിക്കുകയും ആഹ്ളാദത്തിൽ ആറാടുകയുംചെയ്തു. ക്ലാരയുടെ ബാല്യകാലസഖിയും അനന്തരം അവളുടെ ശിഷ്യയുമായിരുന്ന സി. ഫിലിപ്പാ വിശുദ്ധയുടെ നാമകരണച്ചടങ്ങിൽ സാക്ഷ്യംവഹിച്ച വസ്തുതയാണിതു്.

മറെറാരു സഖിയും, സാക്ഷിവിസ്താരത്തിൽ പങ്കുകൊണ്ടവളുമായ അസ്സീസിയിലെ ബൽവനൂത്താ സ്വന്തം കണ്ണുകൊ

ണ്ടുകണ്ട ചിലവിവരങ്ങറം നൽകിയിട്ടുണ്ട്. "പ്രാർത്ഥന കഴിഞ്ഞു ഞാൻ മടങ്ങുകയായിരുന്നു. കിടക്കയിൽ ചാരിയിരുന്ന ഞങ്ങളുടെ അതിശ്രേഷ്ഠ ആകപ്പാടെ രൂപാന്തരംപ്രാപിച്ചിരിക്കുന്നതായി ഞാൻ കണ്ടു. ആ മുഖാരവിന്ദവും, ശിരസ്സും അത്ഭുതാവഹമായ ഒരു തേജോവലയത്താൽ ചുററപ്പെട്ടിരുന്നു." ഇങ്ങനെ പലപ്രാവശ്യം അവർ കണ്ടിട്ടുണ്ട്.

"ഒരിക്കൽ ഞങ്ങറം അതിശ്രേഷ്ഠയോടൊത്ത് ഒരു പ്രസംഗം ശ്രവിക്കുകയായിരുന്നു. ഉണ്ണിയീശോ ഒരു മനോഹരശിശുവിൻെറ രൂപത്തിൽ അമ്മയ്ക്കു പ്രത്യക്ഷപ്പെടുകയും അവളെ നോക്കി പുഞ്ചിരിതൂകുകയും ചെയ്യുന്നതും ഞാൻ കണ്ടു." വി. ആഗ്നസ് ഒപ്പർത്തുലായുടെ സാക്ഷ്യമാണിതു്. "ഉണ്ണിയീശോയെ കരങ്ങളിൽ അമ്മ വഹിച്ചിരിക്കുന്നതു കാണുവാൻ എനിക്കു കഴിഞ്ഞു" എന്നു് വി. ഫ്രാൻസെസും അതിനെപ്പററി പ്രസ്താവിച്ചിരിക്കുന്നു.

ഒരു പെസഹാവ്യാഴാഴ്ച രാവിലെ പ്രാത്ഥനയും ഇതര ദിനചര്യകളും കഴിഞ്ഞു് ക്ലാര തൻെറ ദിവ്യമണവാളൻെറ പീഡാസഹനങ്ങളെപ്പററി ധ്യാനിക്കാൻവേണ്ടി സ്വന്തം മുറിയിൽ പ്രവേശിച്ചു. അവറം തൻെറ സ്നേഹനാഥൻ അനുഭവിച്ച ഘോരയാതനകറം ഓരോന്നിനെപ്പററിയും ഗാഢമായി ചിന്തിച്ചുകൊണ്ടിരുന്നു. പെട്ടെന്നു് ഒരു മോഹാലസ്യം തന്നെ ബാധിക്കുന്നതായി അവറംക്കു തോന്നി. അതിനാൽ വൈയ്ക്കോൽ കിടക്കയിൽ അവറം ചാരിയിരുന്നു. ആ ഇരുപ്പിൽ അവറം പൂർണ്ണമായും സമാധിയിൽ ലയിച്ചു. ഏതോ ഒന്നിനെ വീക്ഷിച്ചുകൊണ്ടെന്നതുപോലെയായിരുന്നു അവളുടെ നില. അന്നു സായങ്കാലത്തു് അവിടെ ചെന്ന ഒരു സഹോദരി ഈ കാഴ്ചകണ്ടു് വിസ്മയിച്ചു. പക്ഷേ അമ്മയ്ക്കു ദൃശ്യമായിരിക്കുന്ന ദൈവികരഹസ്യങ്ങറംക്കു താൻ വിലങ്ങുതടിയാകാതിരിക്കാൻവേണ്ടി അവറം മന്ദംമന്ദം സ്ഥലംവിട്ടു. അടു

ത്ത പ്രഭാതത്തിലും പ്രസ്തുത സഹോദരി ആ നിലയിൽതന്നെ ക്ലാരയെ കണ്ടു. ജഗദീശൻ തൻെറ തെരഞ്ഞെടുക്കപ്പെട്ട സ്നേഹഭാജനത്തിൽ ചെയ്യുന്ന ആ ദിവ്യമായ പ്രവർത്തനത്തിനു വിഘാതം വരുത്തുവാൻ അപ്പോഴും അവൾക്കു വൈമനസ്യംതോന്നി. എന്നാൽ അന്നു സന്ധ്യയായിട്ടും തങ്ങളുടെ അമ്മയെ ആ നിലയിൽതന്നെ കണ്ട് സഹോദരി പരിഭ്രാന്തയായി. കാരണം, രണ്ടു ദിവസമായി അവൾ എന്തെങ്കിലും ഭക്ഷിച്ചിട്ട്. അത് അവളെ അവശനിലയിലാക്കിയേക്കുമെന്ന് അവൾ ഭയപ്പെട്ടു. തന്നെയല്ല, ക്ലാരയുടെ കഠിനമായ ഉപവാസം ഫ്രാൻസിസ് നിരോധിച്ചിരുന്നു. അവൾ ഒരുവിധം ധൈര്യമവലംബിച്ച് ക്ലാരയുടെ സമീപത്തുചെന്ന്, "അമ്മേ, എന്തെങ്കിലും കഴിക്കാതെ ഒരുദിവസവും കടത്തിവിടരുതെന്നുള്ള ഫ്രാൻസിസ് പിതാവിൻെറ കല്പന അങ്ങു വിസ്മരിച്ചുവോ?" എന്നു ചോദിച്ചു. ഫ്രാൻസിസിൻെറ നാമശ്രവണത്തിൽ സമാധിസ്ഥ പെട്ടെന്നുണർന്നു. പരിഭ്രമത്തോടെ "മകളെ, എന്തിനീ വിളക്ക്?" സമാധിയുടെ ദൈർഘ്യം എത്രമാത്രമെന്ന് ഗ്രഹിക്കാത്ത അമ്മയുടെ ചോദ്യത്തിനു മകൾ പ്രത്യുത്തരിച്ചു. "ഒരു പകലും ഒരു രാത്രിയും കടന്നുപോയി. നാം ഇപ്പോൾ ദുഃഖവെള്ളിയാഴ്ച രാത്രിയിലാണ്". "മകളെ ഞാനിഹത്തിലായിരിക്കുന്ന കാലംവരെ നീ ഇക്കാര്യം ഒരു രഹസ്യമായിത്തന്നെ പാലിക്കണം." വിനയമൂർത്തിയായ ക്ലാര സഹോദരിയെ അനുശാസിച്ചു. സുദീർഘമായ ആ സമാധിയിൽ അവൾക്കു വെളിപ്പെടുത്തപ്പെട്ട മഹാരഹസ്യങ്ങൾ നമുക്കിന്നും അജ്ഞാതമാണ്. മഹാരാജാവിൻെറ രഹസ്യങ്ങൾ തൻെറ ഹൃദയത്തിൽതന്നെ ഗോപനംചെയ്യാൻ അവൾ തീരുമാനിച്ചതു് നമ്മെസംബന്ധിച്ച് ഒരു നിർഭാഗ്യംതന്നെ.

ക്ലാരയ്ക്കു ലഭിച്ചിരുന്ന ആദ്ധ്യാത്മികാനന്ദങ്ങൾക്കും സമാശ്വാസങ്ങൾക്കും പിന്നാലെ നിരവധി പൈശാചികതന്ത്രങ്ങളും നിശിതമായ ക്ലേശങ്ങളും അവൾക്ക് അഭിമുഖീകരി

ക്കേണ്ടിവന്നു. അവളുടെ സുകൃതസമ്പത്താൽ പിശാചിനു നേരിട്ട ഭീമമായ നഷ്ടമോർത്തു് അവൻ അതിമാത്രം ആകുലചിത്തനായി. അനേകമനേകം പ്രാവശ്യം പ്രകാശദൂതൻെറ വേഷമണിഞ്ഞു് അവളെ കുഴിയിൽചാടിക്കാൻ ആ അന്ധകാരദൂതൻ ആവുന്നത്ര പരിശ്രമിച്ചു. ഭീഷണികളും നയചാതുരികളും ഒന്നുപോലെ അവൻ പ്രയോഗിച്ചുനോക്കി. ക്രിസ്തുവിൻെറ പീഡാനുഭവങ്ങൾ, മനുഷ്യൻ പാപജീവിതത്താൽ നിരന്തരം അവിടത്തോടു ചെയ്യുന്ന ഘോരമായ ദ്രോഹങ്ങൾ, മനുഷ്യരുടെ കടുത്ത കൃതഘ്നത എന്നിവയെപ്പററി ചിന്തിച്ചു മനംനീറി കരഞ്ഞുകൊണ്ടിരുന്ന ക്ലാരയുടെ പക്കൽചെന്നു് ആ നരകസാമ്രാട്ടു് ഉപദേശിക്കുകയാണു്, "ഇങ്ങനെ കരഞ്ഞുകരഞ്ഞു് നീ അന്ധയായിപ്പോകുമല്ലോ;" എന്നു്. ഉടനെ "ദൈവികധ്യാനത്തിൽ നിമഗ്നരായിരുന്നവർക്കോ കാഴ്ചനഷ്ടം സംഭവിക്കുന്നതു്?. ക്ലാരയുടെ ആ ധീരമായ മറുപടി ദുഷ്ടാരൂപിയെ പരാജിതനാക്കിക്കളഞ്ഞു. പക്ഷേ, അധികം വൈകാതെ പൂർവ്വവൽ രൂക്ഷമായ ശക്തിയോടെതന്നെ അവൻ മടങ്ങിവന്നു. "കരഞ്ഞോളൂ, കരഞ്ഞോളൂ, ദുസ്സഹമായക്ലേശങ്ങൾക്കു നീ ക്രമേണ അധീനയാകും നിശ്ചയം." പുച്ഛരസത്തിൽ പൊട്ടിച്ചിരിച്ചുകൊണ്ടു് അവൻ പറയുകയാണു്. "എടാ ദുഷ്ടാ, നീ മിണ്ടിപ്പോകരുതു്. ദൈവത്തെ സേവിക്കുന്നതുകൊണ്ടു് ആർക്കാണു് ആപത്തു നേരിടുന്നതു്?". അവളുടെ അചഞ്ചലമായ നിശ്ചയദാർഢ്യം അവനു് ഒരു അഘാതംതന്നെയായിരുന്നു. തൽക്ഷണം അവൻ അന്തർദ്ധാനംചെയ്തു. മറെറാരിക്കൽ അവൻെറ ഭീകരമായ പ്രഹരമേററു് ശരീരംമുഴുവൻ ക്ഷതംനിറഞ്ഞു് രക്തത്തിൽ മുങ്ങിക്കിടക്കുന്നതായിട്ടാണു് സഹോദരികൾ അവളെ കണ്ടതു്. ഉഗ്രമായ പ്രലോഭനങ്ങളും ഭീഷണികളും പ്രയോഗിച്ചു് അവൻ തൻെറ പ്രതികാരം പ്രകടമാക്കി. പക്ഷേ ക്ലാര അവയ്ക്കൊന്നും അടിയറവു പറയാത്ത ഒരു ധീരമനസ്ക്കയാണെന്നു് അവസാനം അവനു മനസ്സിലായി. പരാജിതനായ അവൻ തൻെറ പരിശ്രമങ്ങളെല്ലാം

ഉപേക്ഷിച്ച് പിന്തിരിഞ്ഞു. ക്ലാരയാകട്ടെ, ഈദൃശ പരീക്ഷണങ്ങൾ തൻെറ അയോഗ്യതകൊണ്ട സംഭവിച്ചതാണെന്നു കരുതി സ്വയം വിനീതയായിച്ചമഞ്ഞു. അങ്ങനെ പുണ്യപൂർണ്ണതാസൗധത്തിൻെറ ഉച്ചിയിലെത്താൻ താദൃശക്ലേശങ്ങൾ അവൾ പ്രയോജനപ്പെടുത്തി.

യഥാർത്ഥമായ സുകൃതം അടങ്ങിയിരിക്കുന്നതു് ദിവ്യദർശനങ്ങളിലും സമാധിയിലുമല്ലെന്നും, സ്വന്തം കടമകൾ ശരിയായി നിർവഹിക്കുന്നതിലും ജീവിതക്ലേശങ്ങൾ സമുചിതതയോടെ അഭിമുഖീകരിക്കുന്നതിലുമാണെന്നും ക്ലാര നന്നായി ഗ്രഹിച്ചിരുന്നു. ആ ബോദ്ധ്യത്താൽ പ്രേരിതയായി അവൾ ആമരണം ലോകത്തോടും തന്നോടുതന്നെയും പിശാചിനോടും അടരാടി വിജയം വരിച്ചു.

# 16

# നിത്യവിശ്രമം

ക്ലാരയുടെ ജീവിതയാനപാത്രം തുറമുഖത്തോട് അടുത്തുതുടങ്ങി. അവൾ 60-ാം വയസ്സിലേയ്ക്കു് കാലൂന്നി. ഏകദേശം ഒരു വഷക്കാലമായിട്ടു് അവൾ അതിമാത്രം വിവശയായി കാണപ്പെട്ടു. ഈ വിപ്രവാസം അവസാനിച്ച് തൻെറ നിത്യഗേഹത്തിലെത്തിച്ചേരാനുള്ള സുന്ദരദിനം അത്ര ദൂരത്തിലല്ലെന്നു് അവൾക്കു് ബോദ്ധ്യമായിത്തുടങ്ങി, ആ മനോ

ജ്ഞനിമിഷങ്ങളുടെ സ്മരണതന്നെ അവളെ പുളകംകൊള്ളി ച്ചു. ഇത്തരുണത്തിൽ അവൾ ഭൂതകാലത്തിലേയ്ക്കു് ഒന്നു ക ണ്ണോടിച്ചു. സർവ്വശക്തൻ തന്നിൽ നിരന്തരം വർഷിച്ച ആ അനുഗ്രഹമാരിയെപ്പററി ചിന്തിച്ചപ്പോൾ അവളുടെ ഹൃദയം കൃതജ്ഞതകൊണ്ടു നിറഞ്ഞു. തനിക്കു ലഭിച്ച ഭക്തരായ മാതാപിതാക്കന്മാരും, ഉത്തമരായ ബന്ധുമിത്രാദികളും, ആ ദ്ധ്യാത്മികജീവിതത്തിനു ഹാനിവരാത്ത കുടുംബാന്തരീക്ഷവും, തൻെറ ദൈവവിളിയും, അതിൻെറ തെരഞ്ഞെടുപ്പിൽ തനി ക്കു മാർഗ്ഗനിർദ്ദേശം നൽകിയ വിശുദ്ധനായ ആ സഭാസ്ഥാ പകനും, സന്യാസത്തിൽ പ്രവേശിച്ചശേഷം പരിപൂർണ്ണതാ ഗിരിശൃംഗത്തിലേയ്ക്കുള്ള തൻെറ പ്രയാണത്തിനു തന്നെ സഹാ യിച്ചവയോരോന്നും അവൾ ഒരു കണ്ണാടിയിലെന്നതുപോലെ ദർശിച്ചു. അവൾ കൃതജ്ഞതാഭരിതയായി അശ്രുകണങ്ങൾ വർഷിച്ചു. എന്നാൽ ഒരു ഉത്കണ്ഠമാത്രം അവശേഷിച്ചിരു ന്നു. താൻ 42 വർഷക്കാലം അഭംഗമായി കാത്തുസൂക്ഷിച്ച തും തൻെറ കാലശേഷവും അഭംഗമായി പാലിക്കപ്പെടണ മെന്നു് താൻ അതിതീവ്രം ആഗ്രഹിക്കുന്നതുമായ ആ കഠിന മായ ദാരിദ്ര്യനിഷ്ഠക്കു് പത്രോസിൻെറ പിൻഗാമിയിൽനി ന്നു് അംഗീകരണം കിട്ടാത്തതിലായിരുന്നു അവളുടെ ഉത്ക ണ്ഠയത്രയും. ആ അഭിലാഷം സാധിച്ചശേഷമേ തന്നെ പര ലോകത്തിലേയ്ക്കു വിളിക്കാവൂ എന്നുപോലും തൻെറ ദിവ്യയ ജമാനനോടു് പ്രാർത്ഥിക്കത്തക്കവിധം ഉഗ്രമായിരുന്നു അവളു ടെ ആ ദാരിദ്ര്യപ്രേമം. എങ്കിലും ദൈവചിത്തത്തിനു കീഴട ങ്ങിക്കൊണ്ടു് അന്ത്യനിമിഷം പ്രതീക്ഷിച്ച് അവൾ ശയ്യ യിൽ കിടന്നു. അവൾ തൻെറ ആഗ്രഹം കർദ്ദിനാളന്മാരേയും മെത്രാന്മാരേയും പരി. പിതാവിനെത്തന്നെയും പലപ്രാവശ്യം അറിയിച്ചു. 1224-ൽ ക്രോഡീകൃതമായ നിയമാവലി നേര ത്തെതന്നെ പരി. സിംഹാസനത്തിലേയ്ക്കു് അയച്ചിരുന്നു. വാ ങ്മൂലമുള്ള അംഗീകരണം മാത്രമേ അതിനു് അവർ നൽകി യിരുന്നുള്ളു. തൻെറ മരണത്തോടുകൂടി ഒരുപക്ഷെ ദാരിദ്ര്യാ

നുഷ്ഠാനംതന്നെ സഭയിൽനിന്നു തിരോഭവിച്ചേക്കുമോ എന്നു പോലും അവൾ ഭയപ്പെട്ടു. എന്നാൽ അവളുടെ ആഗ്രഹം ഫലപ്രദമാകാതെ അവളെ തൻെറ പക്കലേയ്ക്കു വിളിക്കാൻ സർവ്വശക്തൻ തിരുമനസ്സായില്ല. 1253 സെപ്റ്റംബർ എട്ടാം തീയതി, ഗ്രിഗരിനവമൻ മാർപ്പാപ്പായുടെ ഭാഗിനേയനും ഓസ്റ്റിയായുടെ മെത്രാനുമായ കർദ്ദിനാൾ റിനാൾഡോ തിരുമേനി രോഗിണിയെ സന്ദർശിക്കാൻ സാൻഡാമിയാനോയിലെത്തി. ഇത്തരുണത്തിൽ ക്ലാര തൻെറ ഇംഗിതം വീണ്ടും ആ വന്ദ്യതിരുമേനിയെ അറിയിച്ചു. അദ്ദേഹം അതിനുവേണ്ടി സർവ്വാത്മനാ പരിശ്രമിക്കുന്നതാണെന്നു് ഉറപ്പുകൊടുത്തു. കർദ്ദിനാൾ തിരുമേനി തൻെറ വാഗ്ദാനം മറന്നില്ല. അതിൻെറ ഫലമായി നാലാം ഇന്നസെൻറ മാർപ്പാപ്പാ സുദീർഘമായ പഠനത്തിനും കൂലങ്കഷമായ ചർച്ചകൾക്കുംശേഷം ആ നിയമാവലി ഔദ്യോഗികമായി അംഗീകരിച്ചു. 1253 ആഗസ്റ്റ് 9-ാം തീയതി, അതായതു് ക്ലാരയുടെ ചരമത്തിനു രണ്ടുദിവസംമുമ്പ്. പത്രോസിൻെറ ആ പ്രതിപുരുഷൻതന്നെ സാൻഡാമിയാനോയിൽ എഴുന്നള്ളുകയും അംഗീകരിച്ച നിയമാവലി ക്ലാരയുടെ ക്ഷീണിച്ച കരങ്ങളിൽ ഏല്പിക്കുകയും ചെയ്തു. ക്ലാര അതു സബഹുമാനം ചുംബിച്ചു. കൃതാൎത്ഥതയുടെ ഒരു മന്ദഹാസം അവളുടെ അധരങ്ങളിൽ തങ്ങിനിന്നു. ഹൃദയംഗമമായി അവൾ വന്ദ്യതിരുമേനിക്കു നന്ദി പറഞ്ഞു. അങ്ങനെ ക്ലാരയുടെ ജീവിതദൗത്യം നിറവേറി. മരണാസന്നയായ ക്ലാരയ്ക്കു് അന്തിമാശ്ശിസ്സും പാപമോചനവും നൽകിയശേഷം പരി. പിതാവു മടങ്ങിപ്പോയി.

ദിവ്യമണവാളൻെറ ആഹ്വാനം അവൾ സുസ്പഷ്ടം ശ്രവിച്ചു. എരിഞ്ഞണയാൻ പോകുന്ന ദീപം അവസാനം ആളിക്കത്തുന്നതുപോലെ അവളുടെ മുഖത്തു് ദീപ്തിമത്തായ ഒരു പ്രസന്നത കളിയാടി. ജീവിതസൂര്യൻ അസ്തമനഗിരിക്കപ്പുറത്തു മറയാറായെന്നു ഗ്രഹിച്ച അവളുടെ മുഖത്തു കളിയാടിയിരുന്ന

കാന്തിയും, പ്രസന്നതയും കാണികളെ അത്ഭുതപരതന്ത്രരാക്കി. ഘോരമായ യാതനാകറം അവളുടെ കായശക്തിയോടു മല്ലടിച്ചുകൊണ്ടിരുന്നുവെങ്കിലും അവളുടെ അന്തരാത്മാവു കൂടുതൽകൂടുതൽ ശക്തിപ്രാപിച്ചു. സഹോദരികളെല്ലാം അവരുടെ വത്സലമാതാവിന്റെ കിടക്കയ്ക്കുചുററും വട്ടമിട്ടു നിന്നുകരഞ്ഞു. ഫ്ളോറൻസിൽനിന്നു വന്നെത്തിയ ആഗ്നസിനുണ്ടായ വ്യസനം അടക്കാനാവാത്തതായിരുന്നു. അവറം ഒരുകൊച്ചുകുഞ്ഞിനെപ്പോലെ വാവിട്ടു കേണു. എന്നാൽ ക്ലാര യാതൊരു ചാഞ്ചല്യവുംകൂടാതെ ആഗ്നസിനേയും ഇതര സഹോദരികളേയും ധൈര്യപ്പെടുത്തി. അവളെ സന്ദർശിച്ചിരുന്നവരോടെല്ലാം ദൈവത്തേയും, ദൈവത്തെ ശുശ്രൂഷിക്കുന്നതിന്റെ മാഹാത്മ്യത്തെയുംപററി അവറം സംസാരിച്ചിരുന്നു. ജൂണിപ്പർ, ലെയോ, ആഞ്ജലോ എന്നീ സഹോദരന്മാരും അവളുടെ മരണക്കിടക്കയുടെ അരികിൽനിന്നു് അവളെ നിത്യയാത്രയ്ക്കു തയ്യാറാക്കിയിരുന്നു. "യാത്രയായാലും എന്റെ ആത്മാവേ, നീ സമാധാനത്തിൽ പ്രയാണം ആരംഭിച്ചാലും" അവറം ശാന്തമായി സ്വയം പറഞ്ഞു. കുറെ കഴിഞ്ഞു്, "മകളേ, എന്നെപ്പോലെ മഹത്വത്തിന്റെ രാജാവിനെ നീയും കാണുന്നില്ലയോ?" എന്നു് അവളുടെ ഭാഗിനേയിയായ അമാത്തായോടു ചോദിച്ചു. ഉടനെ സഹോദരിയുടെ ആന്തരികനേത്രങ്ങറം തുറക്കപ്പെട്ടു. ആ സഹോദരിയും ക്ലാര ദർശിച്ച ആ ദിവ്യമഹത്വം കണ്ടു. അല്പംകഴിഞ്ഞു് എണ്ണമററ വാനദൂതരാലും, പരിശുദ്ധരാലും പരിസേവിതയായി സ്വർഗ്ഗരാജ്ഞി ക്ലാരയെ സമീപിക്കുന്നതായി അവറം ദർശിച്ചു. ആ സ്നേഹാംബിക ക്ലാരയുടെ സുന്ദരാത്മാവിനെ സ്വീകരിച്ചുകൊണ്ടു് സ്വർഗ്ഗത്തിലേയ്ക്കു് ആരോഹണംചെയ്തു. അങ്ങനെ സനാതന സൗഭാഗ്യം ആസ്വദിക്കുന്നതിനായി ക്ലാര സ്വർഗ്ഗംപ്രാപിച്ചു.

കേവലം പതിനെട്ടു വയസ്സുള്ളപ്പോറം തനിക്കു പ്രിയങ്കരമായിരുന്ന സകലതും സസന്തോഷം പരിത്യജിച്ചുകൊണ്ടു് ഉത്സാഹപൂർവ്വം പുറപ്പെട്ട ആ ഷേഫീകന്യക ഇതാ തന്റെ

സ്വർഗ്ഗീയമംഗല്യത്തിനായി ദിവ്യവരനെ പ്രാപിച്ചു കഴിഞ്ഞു. ആക്കുവേണ്ടി അവൾ സ്വയം ഒരു ഹോമബലിയായി അർപ്പിച്ചുവോ, ആരുടെ മഹത്വത്തിനായി തൻെറ ജീവിതകാലംമുഴുവൻ അദ്ധ്വാനിച്ചുവോ ആ വാനവരാജൻെറ സ്നേഹഭാജനമായി അവൾ സ്വർഗ്ഗത്തിൽ വിലസുന്നു. ആ കൃതാൎത്ഥതയും പ്രസന്നതയും മൃതശരീരത്തിൻെറ ചുണ്ടുകളിൽ കളിയാടി. മൃദുലമായ ഒരു മന്ദഹാസത്തോടുകൂടി മരണമഞ്ചത്തിൽ കിടന്ന ക്ലാരയെ കണ്ടിട്ടു് അതു് ഒന്നുകൂടി ഓജസ്സുററതായി സകലക്കും തോന്നി. ആഗസ്റ്റ് 11-ാം തീയതിയാണു് ആ മഹാസംഭവം നടന്നതു്.

"ക്ലാര ഒരു വിശുദ്ധതന്നെ." അസ്സീസിനിവാസികൾ ഐകകണ്ഠ്യേന അഭിപ്രായപ്പെട്ടു. അവളുടെ ഭൗതികാവശിഷ്ടം തങ്ങളുടെ രാജ്യത്തിനു് ഒരു അമൂല്യസമ്പത്താണെന്നു് അവർ കരുതി. അതു മററാരും അപഹരിക്കാതിരിക്കാൻ വേണ്ടി മഠത്തിനുചുററും സുശക്തമായ കാവൽ ഏർപ്പെടുത്തി. അടുത്തദിവസം അനേകം ഉന്നതവ്യക്തികളാൽ പരിസേവിതനായി പരി. പിതാവു് ഇന്നസെൻറ് ചതുൎത്ഥൻതിരുമേനി തന്നെ പ്രധാന കാർമ്മികത്വം വഹിച്ചുകൊണ്ടു് ക്ലാരയുടെ മൃതശരീരം വി. ഗീവർഗീസിൻെറ ദൈവാലയത്തിൽ സംസ്കരിച്ചു. അത്യുന്നതകർദ്ദിനാൾ കോൺതി അവളുടെ ജീവചരിത്രം സമഗ്രമായി ഉൾക്കൊള്ളുന്ന ഒരു ചരമപ്രഭാഷണം നടത്തിയതു് കേൾവിക്കാരെ വികാരഭരിതരാക്കി. മരിച്ചവക്കുവേണ്ടിയുള്ള പ്രാൎത്ഥനയ്ക്കു പകരം വിശുദ്ധ കന്യകകൾക്കുവേണ്ടിയുള്ള പ്രാൎത്ഥനകൾ ചൊല്ലുന്നതാണു കൂടുതൽ ഉചിതമെന്നു പരി. പിതാവു് പ്രസ്താവിച്ചു. അവളുടെ വിശുദ്ധിയിൽ അദ്ദേഹത്തിനുണ്ടായിരുന്ന ബോദ്ധ്യം അത്ര വലുതായിരുന്നു. ആഗസ്റ്റ് 12-ാം തീയതി ആ വിശിഷ്ടശരീരം ഭദ്രാസനം ചെയ്യപ്പെട്ടു.

ക്ലാരയുടെ മാദ്ധ്യസ്ഥത്താൽ നടന്ന അത്ഭുതങ്ങൾ നിരവധിയായിരുന്നു. ആകയാൽ അവളുടെ ചരമശേഷം രണ്ടുമാസ

മായപ്പോഴേയ്ക്കു് നാമകരണച്ചടങ്ങു സമാരംഭിച്ചു. ഏറെത്താമസിയാതെ ഇന്നസെൻറ് മാർപ്പാപ്പാ കാലധർമ്മംപ്രാപിക്കുകയും കർദ്ദിനാറം കോൺതി തിരുമേനി അലക്സാണ്ഡർ ചതുർത്ഥൻ എന്ന പേരോടുകൂടി തൽസ്ഥാനത്തു് ആരോഹണംചെയ്യുകയും ചെയ്തു. അദ്ദേഹം ക്ലാരയെ അവളുടെ ചരമത്തിനു ശേഷം രണ്ടുവർഷം കഴിഞ്ഞപ്പോഠതന്നെ വിശുദ്ധരുടെ പട്ടികയിൽ ചേർത്തു. "വി. ക്ലാരേ, ഞങ്ങറംക്കുവേണ്ടി പ്രാർത്ഥിക്കണമേ." സകലരും അവളോടു പ്രാർത്ഥിച്ചു. അതിൽ ഒന്നാമതായി അഭിമാനംകൊണ്ടതു് തിരുസ്സഭാസാമ്രാട്ടായ തിരുമേനിതന്നെയായിരുന്നു. ആഗസ്റ്റ് 12, അവളെ പ്രത്യേകം അനുസ്മരിക്കുന്ന ദിനമായി തിരുസഭ നിശ്ചയിക്കുകയുംചെയ്തു.

1850-ൽ ക്ലാരയുടെ മൃതശരീരം കണ്ടെടുക്കപ്പെട്ടു. എഴുനൂറിൽപ്പരം സംവത്സരങ്ങറംക്കുശേഷവും അതു് അക്ഷയമായിതന്നെ ഇന്നും സ്ഥിതിചെയ്യുന്നു. അസ്സീസിയിലുള്ള വി. ക്ലാരയുടെ ബസ്ലിക്കായിൽ ഒരുസ്ഫടികപേടകത്തിൽ അതു സൂക്ഷിക്കപ്പെട്ടിരിക്കുന്നു. ദാരിദ്ര്യത്തിൻേറയും വിശുദ്ധിയുടേയും തപോജീവിതത്തിൻേറയും സരണിയിൽക്കൂടി ചരിച്ചു് സ്വർഗ്ഗത്തിലെത്തിയ ആ കന്യകയുടെ പൂജ്യാവശിഷ്ടങ്ങറം പഞ്ചഭൂതങ്ങളിൽ ലയിക്കാൻ ജഗദീശൻ അനുവദിച്ചില്ല. ഭക്തജനങ്ങറം ഇക്കാലത്തും അവളുടെ അക്ഷയശരീരത്തെ വണങ്ങുന്നതിൽ ആനന്ദം കണ്ടെത്തുന്നു.

ഷോഫീപ്രഭ്വി ഒത്തലോനയ്ക്കു ലഭിച്ച ദിവ്യദൗത്യം അങ്ങനെ പൂർത്തിയായി. ആ വെള്ളിനക്ഷത്രത്തിൻെറ ദീപ്തിപൂരം ദിഗന്തങ്ങളെ പ്രകാശിപ്പിച്ചുകൊണ്ടിരിക്കുന്നു. കാലാകാലത്തോളം അതിൻെറ പ്രകാശക്കതിർ സമസ്തലോകങ്ങളിലും വീശിക്കൊണ്ടിരിക്കുകയും ചെയ്യും.